Since 1987

# ബഥേൽ പത്രിക

ഡിസംബർ 2022
വാല്യം 34 ലക്കം 5



# Wedding

28.11.2022



**GAMALIEL MATHEWS & LISON MARY GAMALIEL**

Son & Daughter in law of Fr. Dr. Mathews M Daniel

KOLLAKKARAN HOUSE, MULAKUZHA


SANTHOSH
Director
9446118612, 9947109024
www.shinucaterers.com

Since 2000

*Happiness is homemade*

SHINU
CATERERS &
EVENT MANAGEMENT

Kavummukkathu House, Neervilakam P.O.
Arattupuzha, Chengannur






എഡിറ്റോറിയൽ

ഫാ. മാത്യു വർഗീസ് പുളിമൂട്ടിൽ

# പ്രത്യാശയുടെ മനുഷ്യാവതാരവും പുതുവത്സരം എന്ന കൃപ കാലവും

ലോകം മുഴുവൻ വലിയ കാലവ്യത്യാസം കൂടാതെ ആഘോഷിക്കുന്ന രണ്ട് സുദിനങ്ങളാണ് ക്രിസ്തുമസ്സും പുതുവത്സരവും. ഇരുളിലും അന്ധത മനസ്സിലും ഇരുന്ന ജനതയ്ക്ക് പ്രത്യാശയുടെ പൊൻകിരണമായി ദൈവപുത്രൻ മനുഷ്യാവതാരം ചെയ്ത സ്മരണയുടെ ജനന പെരുന്നാൾ സംജാതമായിരിക്കുന്നു. ക്രിസ്തുമസിന് വീടും നാടും അലങ്കരിക്കുന്ന പ്രതീകങ്ങൾ ജനന പെരുന്നാളിന്റെ സന്ദേശങ്ങൾ വിളിച്ചോതുന്നവയാണ് ക്രിസ്തു ജനിച്ച ഇടമായി നമ്മുടെ വീടും ദേവാലയവും സ്ഥാപനവും നക്ഷത്രങ്ങളാൽ അലങ്കരിക്കപ്പെടുന്നതുപോലെയും മാലാഖമാരുടെ സുവാർത്ത പോലെ കരോൾ സംഘം ഭവനങ്ങൾ സന്ദർശിക്കുകയും ചെയ്യുന്നുവല്ലോ. എല്ലാം തിരുപ്പിറവിയുടെ സന്തോഷത്തെ പ്രതിഫലിപ്പിക്കുന്നതാണ്. എന്നാൽ ലോകത്തിന്റെ രക്ഷയ്ക്ക് വേണ്ടി ഏകജാതനായ പുത്രനെ ഭൂമിയിലേക്ക് അയക്കുവാൻ തക്കവണ്ണം നമ്മെ സ്നേഹിക്കുന്ന പിതാവാം ദൈവം തമ്പുരാന്റെ ത്യാഗപൂർണ്ണമായ സ്നേഹത്തെ നാം കാണാതെ പോകരുത്. ക്രിസ്തു നമ്മുടെ മനസ്സുകളിൽ ജനിക്കുവാൻ ഈ നോമ്പിന്റെ ഒരുക്കം നമുക്ക് സംഗതിയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ക്രിസ്തുവിന്റെ ഭാവം പ്രോജ്വലിക്കുന്ന മനുഷ്യനായി മാറാൻ നമുക്ക് കഴിയണം. സന്തോഷങ്ങൾക്ക് പുതിയ മേച്ചിൽ പുറങ്ങൾ തേടുന്നതും പരിധി വിട്ടുപോകുന്നതും സ്വയബോധവും ബോധ്യവും വിട്ടുകളയുന്ന ആഘോഷങ്ങളാണ് പുതുവത്സരത്തിലും നാം കാണുന്നത്. എന്നാൽ യഥാർത്ഥ ഭക്തന് ആഘോഷിക്കുവാൻ അല്ല സ്വയം പുതുക്കുവാനാണ് പുതുവത്സരം.

വിശുദ്ധ ലൂക്കോസിന്റെ സുവിശേഷം 13-ാം അദ്ധ്യായം 6 മുതൽ 9 വരെയുള്ള വാക്യങ്ങൾ ഫലം കായ്ക്കാത്ത അത്തിവൃക്ഷത്തിന്റെ ഉപമയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കായ്ക്കേണ്ട സമയവും കഴിഞ്ഞ് മൂന്നുവർഷവും കഴിഞ്ഞിട്ടും ഫലം പുറപ്പെടുവിക്കുവാൻ കഴിയാത്ത അത്തിവൃക്ഷം, മനുഷ്യവർഗ്ഗത്തിന്റെ പ്രതീകമായി നിലനിൽക്കുന്നത് നമുക്ക് കാണുവാൻ കഴിയും. ഫല സമൃദ്ധി കൊണ്ട് പുഷ്ടിപ്പെടുവാൻ ദൈവം തമ്പുരാൻ തരുന്ന അവസരം അഥവാ കൃപാ കാലമാണ് ഓരോ നവവത്സരവും. ദൈവം തമ്പുരാൻ ക്ഷമയോടെ നൽകുന്ന കൃപാകാലം സൂക്ഷ്മതയോടെ പ്രയോജനപ്പെടുത്താൻ കഴിയണം. സഭയ്ക്കും സമൂഹത്തിനും ഇടവകയ്ക്കും കുടുംബത്തിനും വേണ്ടി യഥാസമയം കായിക്കുവാൻ നമുക്ക് കഴിയണം.

ആധുനിക കാലഘട്ടത്തിന്റെ നേർക്കാഴ്ചയായ ലോകകപ്പ് ഫുട്ബോൾ മാമാങ്കം അഥവാ കാൽപന്ത് കളിയുടെ കാല്പനിക ലോകത്ത് നിന്ന്, കളിക്കളത്തിലെ രാജാക്കന്മാരുടെ കൂറ്റൻ ഫ്ളക്സുകളിലും വൈകാരിക പ്രകടനങ്ങളിലും കമ്പം കൊള്ളുന്ന പുത്തൻ തലമുറയെ പോലെയാകാതെയും വർണ്ണ പൊലിമയുടെ പുറം കാഴ്ചകൾക്കുമപ്പുറം വർണ്ണ വെറിയുടെ വിദ്വേഷം വമിക്കുന്ന കാണാപ്പുറങ്ങൾ പോലെയോ ആകാതെ ഇന്നിന്റെ യാഥാർത്ഥ്യങ്ങളെയും ആവശ്യങ്ങളെയും ഉൾക്കൊണ്ടുകൊണ്ട് സ്നേഹത്തിന്റെയും സമഭാവനയുടെയും ആത്മശോധനയുടെയും ക്രിസ്തീയ ഭാവം ഉൾക്കൊള്ളുവാൻ നമുക്ക് ഇടയാകണം.

*എല്ലാവർക്കും ക്രിസ്തുമസ് പുതുവത്സര ആശംസകൾ നേരുന്നു.*

# ബഥേൽ പത്രിക

Bethel Pathrika, P.B. No. 38, Chengannur, Kerala 689 121
+91 479 2451331
bethelpathrika@gmail. com www. bethelpathrika. org



**പത്രാധിപസമിതി**

| | | |
|---|---|---|
| രക്ഷാധികാരി | പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് III തിരുമേനി | |
| മാനേജിംഗ് എഡിറ്റർ | അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ ✆9447718511 | |
| പബ്ലിഷർ | റവ. ഫാ. മാത്യു എബ്രഹാം കാരയ്ക്കൽ | ✆9447211805 |
| ചീഫ് എഡിറ്റർ | റവ. ഫാ. മാത്യു വർഗ്ഗീസ് പുളിമൂട്ടിൽ | ✆9495765393 mathewvarghese678@gmail. com |
| എക്സിക്യൂട്ടീവ് എഡിറ്റർ | റവ. ഫാ. മത്തായി സഖറിയ ഇടവങ്കാട് | |
| എഡിറ്റർ | ഡോ. ബിൻസി റജി ആറ്റുവാ | |
| അസോസിയേറ്റ് എഡിറ്റർ | ശ്രീ. വർഗ്ഗീസ് ജോൺ തോട്ടപ്പുഴ | |
| സർക്കുലേഷൻ മാനേജർ | ഡീക്കൻ റിനോ കെ. മാത്യു | |
| അംഗങ്ങൾ | ശ്രീ. ഷാജൻ മാത്യൂസ് പേരിശ്ശേരി | |
| | ശ്രീ. സജി പട്ടരമഠം ബുധനൂർ | |
| | ശ്രീ. സിബി മത്തായി ഇടനാട് | |
| | ശ്രീ. എബി അലക്സാണ്ടർ പുത്തൻകാവ് | |
| | ശ്രീ. ബിനോയി പി. ജോർജ്ജ് കടപ്പൂനാട് | |
| | ശ്രീ. ചിൻസ് തോമസ് കോശി കുർത്തമല | |
| | ശ്രീ. ജോർജ്ജ് വർഗ്ഗീസ് (PRO) പുത്തൻകാവ് | |
| | ശ്രീ. റെജി ജോർജ്ജ് വെൺമണി | |


വരിസംഖ്യ 150 രൂപ




## ഇതളുകളിൽ


| | | |
|---|---|---|
| 5 | ഇടയപത്രിക | ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ |
| 6 | തിരുസഭയുടെ ശുശ്രൂഷ - ഒരവലോകനം | ഗീവർഗ്ഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ |
| 8 | എന്റെ പൊന്നുണ്ണിയോടൊപ്പം.... | വെരി. റവ. ബസലേൽ റമ്പാൻ |
| 11 | മലങ്കര സഭ നടത്തിയത് | ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത |
| 13 | ചരിത്ര നിയോഗം ലഭിച്ച അതുല്യ വ്യക്തിത്വം | ഡോ. ഗീവർഗ്ഗീസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ |
| 15 | ദൈവ സ്നേഹത്തിന്റെ മാതൃകാ പുരുഷൻ | ഫാ. ബെന്യാമിൻ ശങ്കരത്തിൽ |
| 20 | പെസഹാ പെരുന്നാൾ | ഫാ. ജോബ് സാം മാത്യു, കൊടുമൺ |
| 23 | ലഹരി ആസക്തി സർവ്വ..... | ജോർജ്ജ് വർഗ്ഗീസ് |
| 25 | ശിശുസഹദേന്മാരുടെ ഓർമ്മയിൽ | പി. എം. ജേക്കബ് ജെറുവേലി 23 |
| 26 | ബാലപത്രിക | |
| 27 | ക്വിസ് 4 | |
| 28 | ക്രൈസ്തവലോക വാർത്ത | |
| 30 | ഭദ്രാസന വാർത്തകൾ | |

## ഇടയപത്രിക

### ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ

കർത്താവിൽ പ്രിയരേ

"യുവാക്കളെ, നിങ്ങൾ ശക്തരാകയാലും ദൈവവചനം നിങ്ങളിൽ വസിക്കയാലും നിങ്ങൾ ദുഷ്ടനെ ജയിച്ചിരിക്കയാലും ഞാൻ നിങ്ങൾക്കു എഴുതിയിരിക്കുന്നു". 1 യോഹന്നാൻ 2 : 14

ഈ അടുത്ത ദിവസം കണ്ട ഒരു വാർത്ത മനസിനെ വല്ലാതെ വേദനിപ്പിച്ചു. കോഴിക്കോട് അഴിയൂരിൽ എട്ടാം ക്ലാസിൽ പഠിക്കുന്ന ഒരു പെൺകുട്ടിയെ ലഹരി മാഫിയ സംഘം അവരുടെ മയക്കുമരുന്ന് വിൽക്കുവാൻ സഹായിക്കുന്ന തരത്തിൽ കാരിയർ ആക്കി മാറ്റിയിരിക്കുന്നു. വെറും പതിമൂന്നു വയസുള്ള ഈ പെൺകുട്ടി തലശ്ശേരിയുടെ പല ഭാഗത്തും ഇത് വിൽക്കുവാൻ ഈ സംഘത്തെ സഹായിച്ചു. തിരികെ വരുവാൻ കഴിയാതെ വണ്ണം ആ കുട്ടി അവരുടെ വലയിൽ അകപ്പെട്ടുപോയി. സ്കൂളിലെ എല്ലാ ആക്റ്റിവിറ്റികളും സജീവ പങ്കാളിത്തമുണ്ടായിരുന്ന ഒരു മിടുക്കി കുട്ടി എത്ര പെട്ടന്ന് ആണ് വഴിതെറ്റി അന്ധകാരത്തിലേക്ക് പോയത്. മാതാപിതാക്കൾ പോലീസിൽ കേസ് കൊടുത്തു എങ്കിലും തെളിവ് ഇല്ലാത്തത് കൊണ്ട് പ്രതിയെ വെറുതെവിട്ടു എന്നാണ് വാർത്ത കണ്ടത്. നാമും നമ്മുടെ സമൂഹവും വളരെ അടിയന്തര പ്രാധാന്യത്തോടെ ശ്രദ്ധിക്കേണ്ട വിഷയമാണ് ഇത്. പലരൂപത്തിലും ഭാവത്തിലും ഇപ്പോൾ മയക്കുമരുന്ന് സമൂഹത്തിലും പൊതു ഇടങ്ങളിൽപോലും പരസ്യമായ രഹസ്യമായി വിൽക്കപ്പെടുന്നു. ഈ വിപത്ത് നമ്മുടെ യുവതയുടെ നന്മകളെയും സ്വപ്നങ്ങളെയും തച്ചു തകർക്കുന്നു. കുടുംബങ്ങൾ സമാധാനമില്ലാതെ പട്ടുപോകുന്നു. മിട്ടായി, ബിസ്ക്കറ്റ്, സ്റ്റിക്കർ, സ്റ്റാമ്പ് കഞ്ചാവ് എന്നുവേണ്ട പലതരത്തിലാണ് ഈ വിഷം ഇന്ന് പ്രചരിപ്പിക്കുന്നത് എന്ന് അറിയാൻ കഴിഞ്ഞു. ആരെയും വിശ്വസിക്കുവാൻ കഴിയാതെ വരുന്നു. സൗഹൃദങ്ങൾ സ്നേഹത്തിന്റെ കണികപോലും ഇല്ലാതെ ചതിയുടെ കൂടിച്ചേരലുകൾ ആയി മാറുന്നു. നിസ്സംഗതയോടെ നമുക്ക് ഇത് നോക്കിനിൽക്കാൻ ആവില്ല. ലഭിക്കേണ്ട ഇടങ്ങളിൽ നിന്ന് ഉള്ള കരുതലും സ്നേഹവും നഷ്ടമാകുമ്പോൾ ആണ് നമ്മുടെ കുഞ്ഞുങ്ങൾ ഇത് അന്വേഷിച്ചു പുറത്ത് പോകുന്നത്. ദൈവത്തെ അറിയുവാനും ദൈവസ്നേഹത്തെ പകർന്നു കൊടുക്കുവാനും കഴിയുന്നു എങ്കിൽ അവർക്ക് അതിന് അപ്പുറമായി ഒരു സ്നേഹം അന്വേഷിച്ചു പോകുവാൻ സാധിക്കുകയില്ല. നമ്മുടെ യുവതി യുവാക്കൾ ശക്തരും, കാര്യങ്ങളെ മനസിലാക്കുവാൻ കഴിവുള്ളവരും ആണ്. നിങ്ങൾ ശക്തന്മാരാണ് എന്ന് തിരുവചനം നമ്മെ ഓർമിപ്പിക്കുന്നു. ഇത് ലോകത്തിന്റെ ശക്തി മാത്രം അല്ല ദൈവത്തിൽ ഉള്ള ബലം കൂടിയാണ് ഉദ്ദേശിക്കുന്നത്. ദൈവത്തിൽ ബലം കണ്ടെത്തുന്ന മനുഷ്യൻ ഭാഗ്യവാൻ.

ഈ ബലത്തെ ആർജ്ജിക്കുവാൻ ആണ് നാം ശ്രദ്ധിക്കേണ്ടത്. ഭൗതീകമായ ബലം അഥവാ ശക്തി, സന്തോഷം ഒക്കെ ഉണ്ടാകുവാൻ നാം ജീവിതത്തിൽ അനുവർത്തിക്കുന്ന കാര്യങ്ങൾ നമ്മെ വലിയ തകർച്ചയിൽ കൊണ്ട് എത്തിക്കും എന്നത് നാം മറന്നുപോകരുത്. എന്നാൽ ദൈവത്തിൽ ശക്തരാകുവാൻ, ആത്മീയ ബലം, അഥവാ ശക്തി പ്രാപിക്കുവാൻ നാം എന്ത് എഫേർട്ട് എടുക്കുന്നു എന്നത് ചിന്തിക്കേണ്ടിയിരിക്കുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് വി. കുർബാന അനുഭവം. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന കർതൃ പ്രാർത്ഥനയിൽ പലരും പറഞ്ഞു കേൾക്കുന്നത് 'ഞങ്ങൾക്ക് ആവശ്യം ഉള്ള ആഹാരം എന്നാണ്. എന്നാൽ ആവശ്യമുള്ള 'അപ്പം' എന്നാണ് പിതാക്കന്മാർ പഠിപ്പിക്കുന്നത്. അവിടെ അപ്പം എന്നത് കൊണ്ട് നമ്മുടെ കർത്താവേശുമശിഹായുടെ തിരുശരീരം കൂടി വിവക്ഷിക്കുന്നു. ഇന്ന് പള്ളിയിൽ വരുന്നത് തന്നെ അരോചകവും, ബുദ്ധിമുട്ടും ആയി കാണുമ്പോൾ നഷ്ടപ്പെടുന്ന ഈ ആത്മീയ ഭക്ഷണത്തെപ്പറ്റി നാം ചിന്തിക്കുന്നുണ്ടോ? യുവാക്കൾ നല്ല സ്വപ്നങ്ങൾ കാണും. കഴുകനെ പോലെ ചിറകടിച്ചു ഉയരും. 'എന്നാൽ യഹോവയിൽ പ്രത്യാശ വെച്ചിരിക്കുന്നവർ ശക്തി വീണ്ടെടുക്കും. അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചുയരും. ക്ഷീണിച്ചുപോകാതെ നടക്കും'. യെശയ്യ 40:31. നമ്മുടെ യുവാക്കളെ ക്ഷീണിപ്പിക്കുന്ന, അവരുടെ സ്വപ്നങ്ങളെ തകർക്കുന്ന, അവരുടെ മുമ്പോട്ട് ഉള്ള കുതിപ്പിനെ തടയിടുന്ന, സമാധാന ജീവിതം തകർക്കുന്ന ഈ ദുഷ്ടശക്തികളെ സഭയായി, ഇടവകയായി ആത്മീയ പ്രസ്ഥാനങ്ങൾ വഴിയായി ഒന്നിച്ചു നേരിടണം. മാതാപിതാക്കൾക്കും, നമ്മുടെ വൈദീകർക്കും ഈ പോരാട്ടത്തിൽ ചെറുതല്ലാത്ത പങ്കുണ്ടെന്ന് മറന്നുപോകരുത്. ഭരണസംവിധാനങ്ങളും, ആധുനിക ജീവിത സൗകര്യങ്ങളും ഈ തെറ്റായ പ്രവണതക്ക് കൂടപിടിക്കുമ്പോൾ നാം ജാഗ്രതയോടെ ഉണർന്നിരുന്നെങ്കിലേ മതിയാകൂ.

നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? 1 കൊരിന്ത്യർ 3:16. എന്നാൽ ദൈവ ആത്മാവ് വസിക്കുന്ന ഇടമായി നമുക്ക് ഒരുങ്ങുവാൻ കഴിയുന്നുണ്ടോ ? വചനം ജഡമായി എന്ന് തിരുവചനം പഠിപ്പിക്കുമ്പോൾ. വചനം വസിക്കുക എന്നുപറഞ്ഞാൽ പരിശുദ്ധ റൂഹാ ആവസിക്കുക എന്ന് തന്നെയാണ്. ദൈവാത്മാവ് വസിക്കുന്ന ഇടമായി മാറുവാൻ നമുക്ക് ഒരുങ്ങാം. അതിന് നമ്മെ പ്രാപ്തമാക്കുന്നതാണ് ഇടവകയുമായുള്ള നമ്മുടെ ബന്ധം. വിശുദ്ധ കുർബാനയുമായുള്ള സംസർഗ്ഗം. വിശുദ്ധ സഭയോടൊത്തുള്ള ജീവിതം. നോമ്പ്, പ്രാർത്ഥന ഉപവാസം ഇത് എല്ലാം തന്നെ സഭ ക്രമീകരിക്കുന്നത് ഈ വിശുദ്ധ ജീവിതത്തിന്റെ ഒരുക്കത്തിന് വേണ്ടിയാണ്. നമ്മെ തന്നെ ഒന്ന് സ്വയപരിശോധന ചെയ്യാം. പരിശുദ്ധ അമ്മയെപോലെ ദൈവം വസിക്കുന്ന ഇടമായി. പരിശുദ്ധ റൂഹാ ആവസിക്കുന്നതിനും നമ്മെ തന്നെ സമർപ്പിക്കാം. ദൈവ മാതാവിന്റെ വിനയവും, താഴ്മയും, സമർപ്പണവും നമുക്ക് അനുകരിക്കാം. ലോകത്തിന്റെ നൈമിഷീക സുഖങ്ങൾക്ക് പിന്നാലെ അല്ല, ദുഷ്ടനെ ജയിക്കുവാൻ ലോകത്തെ ജയിച്ചവന്റെ പിന്നാലെ പോകാം. ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു എന്ന് പറഞ്ഞത് നമ്മുടെ കർത്താവ് മാത്രമാണ്. ആ വഴി പിന്തുടരുവാൻ ഉള്ള ദിവ്യ നക്ഷത്രം നമുക്ക് വഴിവെളിച്ചം ഏകുന്നു. ആ ദിവ്യ പ്രകാശം നമ്മെ വഴിനടത്തട്ടെ.

ദൈവം അനുഗ്രഹിക്കട്ടെ.

ക്രിസ്തുമസിന്റെയും നവവത്സരത്തിന്റെയും
പ്രാർത്ഥനാശംസകളോടെ



# തീജ്വാലയുടെ ശുശ്രൂഷ – ഒരവലോകനം

ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ

ഓർത്തഡോക്സ് ആരാധനയിൽ പെരുന്നാളുകളുടെ ആചരണത്തിൽ അതാതിന്റെ സ്വഭാവത്തിനും വിഷയത്തിനും യോജിച്ച തരത്തിലുള്ള പ്രത്യേകതകൾ ആചാരക്രമത്തിലും ശുശ്രൂഷകളിലും ഉണ്ട്. യേശുക്രിസ്തുവിന്റെ ജനനപ്പെരുന്നാളിൽ (യൽദോ-ഡിസംബർ 25) നടത്തുന്ന ഏറ്റവും ശ്രദ്ധേയമായ ശുശ്രൂഷയാണ് തീജ്വാലയുടെ ശുശ്രൂഷ.

പള്ളിമുറ്റത്തു സൗകര്യപ്രദമായ ഭാഗത്ത് കുരിശാകൃതിയിൽ മണ്ണിൽ കുഴി ഉണ്ടാക്കുകയും തീകത്തിക്കത്തക്കവണ്ണം നല്ല വിറക് ചെറുതായി കീറി ഉണക്കി കുഴിയിൽ അടുക്കുകയും ചെയ്യുന്നു. ഓശാനയുടെ കുരുത്തോല അധികം വന്നിട്ടുള്ളത് ഉണക്കി വിറകിനോട് ചേർത്തുവയ്ക്കുന്നു. ജനനപ്പെരുന്നാളിലെ രാത്രി നമസ്കാരത്തിന്റെ അവസരത്തിൽ മാലാഖമാരുടെ സ്തുതിപ്പിനു മുമ്പായി ശുശ്രൂഷ നടത്തുന്നു. തീജ്വാലയ്ക്കുവേണ്ടിയുള്ള കുഴിയുടെ കിഴക്കുഭാഗത്തു ചെന്ന് പടിഞ്ഞാറോട്ട് തിരിഞ്ഞ് നടത്തുന്ന ഏവൻഗേലിയോൻ വായനയ്ക്ക് ഇടയ്ക്കുവച്ച് പട്ടക്കാരൻ തീ കൊളുത്തുന്നു.

കത്തി ജ്വലിച്ചു കൊണ്ടിരിക്കുന്ന തീജ്വാലയ്ക്കു മൂന്നു പ്രദക്ഷിണം വച്ചു കൊണ്ട് പട്ടക്കാരൻ കുന്തിരിക്കം ഇടുന്നു. ചില സ്ഥലത്ത് ജനങ്ങൾ കുന്തിരിക്കം ഇടുന്ന പതിവുണ്ട്. അതിന് ജനങ്ങൾ കൊണ്ടുവരുന്ന കുന്തിരിക്കം അതേപടിയിൽ ഇടുകയില്ല. അവയെല്ലാം ഒരുമിച്ചു ചേർത്ത് പട്ടക്കാരൻ വാഴ്ത്തിയിട്ട് ഓരോരുത്തർക്കും കൊടുക്കുകയാണ് വേണ്ടത്.

കർത്താവിന്റെ ജനനസമയത്ത്, ആട്ടിടയന്മാർ കണ്ടതായ ദിവ്യപ്രകാശത്തെയും അന്ധകാരത്തിലിരുന്ന ലോകത്തിന് ഉദിച്ചതായ പ്രകാശത്തെയും പ്രതീകാത്മകമായി തീജ്വാല കാണിക്കുന്നു. കൂടാതെ ആട്ടിടയന്മാർ വന്നു, തന്നെ വണങ്ങി കാഴ്ചകൾ സമർപ്പിക്കുകയും കിഴക്കുനിന്നുള്ള വിദ്വാന്മാർ വന്നു പൊന്നും മൂരും കുന്തിരിക്കവും സമർപ്പിച്ചതുപോലെ നാമും കത്തി ജ്വലിച്ചു കൊണ്ടിരിക്കുന്ന അഗ്നിയിൽ കുന്തിരിക്കം ഇട്ട് സുഗന്ധീകരിക്കുന്നു. അങ്ങനെ നാം നമ്മെത്തന്നെ കാഴ്ചകളായി സമർപ്പിക്കുകയും അവന്റെ രാജത്വത്തിന്റെയും ആചാര്യത്വത്തിന്റെയും പ്രവാചകത്വത്തിന്റെയും (പൊന്നും മൂരും കുന്തിരിക്കവും ഈ മൂന്നു കാര്യങ്ങളാണ് സൂചിപ്പിക്കുന്നത്) മുമ്പിൽ വണങ്ങിക്കൊണ്ട് അവനെ വന്ദിക്കുന്നു. മാലാഖമാരെപ്പോലെയും ആട്ടിടയന്മാരെപ്പോലെയും അവരോടൊത്തു ചേർന്നുകൊണ്ട് കാഴ്ചകളാലും സ്തുതിപ്പുകളാലും അവനെ ബഹുമാനിക്കുകയും ആദരിക്കുകയും വന്ദിക്കുകയും ചെയ്യുന്നു.

തീജ്വാലക്കുഴിയിലെ ഭസ്മം എടുത്ത് വിശ്വാസികൾ സൂക്ഷിക്കുകയും കൃഷിയിടങ്ങളിലെ കീടങ്ങളുടെ ഉപദ്രവങ്ങളിൽ നിന്നു കൃഷിയെ രക്ഷിക്കുവാൻ ഇത് ഉപയോഗിക്കുകയും ചെയ്യുന്ന പതിവ് മുൻകാലങ്ങളിൽ നടപ്പുണ്ടായിരുന്നു.

**'അഗ്നി' ഓർത്തഡോക്സ് ആരാധനയിൽ**

പ്രതീകങ്ങളുടെ ഉപയോഗം പൗരസ്ത്യ ആരാധനയുടെ അവിഭാജ്യ ഘടകമാണ്. പ്രതീകം ഒരു വസ്തുവോ, ഒരു കർമ്മമോ ആകാം. ദൈവസന്നിധിയിലേക്ക് ദർശനം നൽകുന്ന വാതിലുകളാണ് പ്രതീകങ്ങൾ. അഗ്നി, വെള്ളം, കൃഷി ഉത്പന്നങ്ങൾ, പൂവ്, സംഗീതം മുതലായ പ്രതീകങ്ങളോടെയാണ് ഓർത്തഡോക്സ് ആരാധന നടക്കുന്നത്. ഇവയിൽ അഗ്നി ഒരു പ്രധാന സ്ഥാനം അർഹിക്കുന്നു.

പഴയനിയമത്തിലും പുതിയ നിയമത്തിലും അഗ്നി പല രൂപത്തിലും ഭാവത്തിലും പ്രത്യക്ഷപ്പെടുന്നുണ്ട്. ദൈവത്തിന്റെ പ്രതീകമാണ് അഗ്നി (യെഹ. 1:4,13 ദാനിയേൽ 7:9, 10:6). ദൈവത്തിന്റെ സുരക്ഷാവലയമാണ് അഗ്നി (2 രാജാ. 6:17, സഖറിയ 2:5). ദൈവത്തിന്റെ അതുല്യ വിശുദ്ധിയാണ് അഗ്നി (ആവ. 4:24, എബ്രാ 12:29). ദൈവം അഗ്നിയിൽ ആവൃതനായി മോശെയ്ക്കും യെശയ്യാവിനും യെഹെസ്കേലിനും യോഹന്നാനും പ്രത്യക്ഷനായി. (പുറ. 19:18, യെശയ്യാവ് 6:4, യെഹെ 1:4, വെളി. 1:14). ദൈവത്തിന്റെ കോപം അഗ്നി എന്നു പറയപ്പെടുന്നു (യിരെ. 48:45, ആവ. 32:22, യെശ. 33:14). 'ഭൂമിയിൽ തീ ഇടുവാൻ ഞാൻ വന്നിരിക്കുന്നു' (വി. ലൂക്കോ. 12:49) എന്നത് ഉപദ്രവങ്ങളെയും ഭിന്നതകളെയും കുറിക്കുന്നു. സോദോം അഗ്നിയാൽ ദഹിപ്പിക്കപ്പെട്ടതുപോലെ (ഉല്പത്തി 19:24) ലോകവും അഗ്നിയാൽ ദഹിപ്പിക്കപ്പെടും (2 പത്രോ. 3:7-11)

പുതിയനിയമസഭയിൽ പരിശുദ്ധാത്മാവ് തീനാവുകളുടെ രൂപത്തിലാണ് ആവസിച്ചത്. അഗ്നി, പരിശുദ്ധാത്മാവിനെ പ്രതിനിധീകരിക്കുന്നു. ദൈവസാന്നിധ്യത്തിന്റെ പ്രതീകമായിരുന്നു തീ. 'മുൾമരമെരിയാതിരി തീ തൻ നടുവിൽ' യഹോവയെ ദർശിച്ച മോശയെയും ഇസ്രായേലിനെ പുറപ്പാട് കാലത്ത് വഴികാട്ടിയ അഗ്നി സ്തൂപത്തെയും ഓർക്കുക. അഗ്നി ശുദ്ധീകരണം നടത്തുന്നു (യെശ. 6:6). വി. മദ്ബഹായെ തീയായി നമ്മുടെ പിതാക്കന്മാർ ചിത്രീകരിച്ചിട്ടുണ്ട്. 'ആരാധനയിൽ ഉപയോഗിക്കുന്ന തീയല്ലോ ഈ മദ്ബഹാ....' എന്ന ഗീതം ഇതു വ്യക്തമാക്കുന്നു. തീജ്വാലയിൽ എരിയാതിരിക്കുവാൻ സൂക്ഷിക്കുവാനുള്ള നിർദ്ദേശമാണിത്. യേശുക്രിസ്തു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്ന് അഗ്നിജ്വാലയിൽ പ്രത്യക്ഷനാകും (2 തെസ്സ. 1:6)

**'അഗ്നി' ഭാരതീയ പശ്ചാത്തലത്തിൽ**

ഭാരതീയർക്ക് അഗ്നിയെക്കുറിച്ചുള്ള സങ്കല്പം മൂർത്തവും ഉന്നതവുമാണ്. അഗ്നിയിൽ ഹിന്ദുമത വിശ്വാസപ്രകാരം സർവ്വദേവതാ സാന്നിദ്ധ്യമുണ്ട്. അഗ്നിയാണ് ഹോതാവ്. എല്ലാം അഗ്നിയിലാണ് ഹോമിക്കുന്നത്. അഗ്നിനമസ്ക്കാരം ഭാരതപൈതൃകത്തിന്റെ മാത്രം സ്വന്തം. നീലജ്വാലയില്ലാത്ത അഗ്നിയിൽ ദ്രവ്യം ഹോമിക്കുന്നത് നിഷ്ഫലമായി കരുതുന്നവരാണ് ഭാരതീയർ. അഗ്നി ഒരേ സമയം സൃഷ്ടിയും സംഹാരവുമാകുന്നുവെന്നു ഋഗ്വേദത്തിൽ പറയുന്നു. വി. വേദപുസ്തകത്തിലും ഈ ആശയം സമ്മിശ്രമായി വെളിപ്പെടുന്നു.

അഗ്നിപത്നിയായ 'സ്വാഹ'യെ സ്തുതിച്ചുകൊണ്ടാണ് അഗ്നിപൂജ നടത്തുന്നത്. സ്ത്രീപുരുഷ ബന്ധത്തിന്റെ ഈ വിശിഷ്ട സങ്കല്പം പിൽക്കാലത്ത് നമ്മുടെ ജൈവപ്രക്രിയയിൽ പോലും വ്യക്തമായ സ്വാധീനം നൽകിയിട്ടുണ്ട്. അഗ്നി അരണിയിൽ ഉറങ്ങുന്നു. അരണിക്കോലുകളുടെ സ്പർശ ഘർഷണത്തിൽ നിന്നാണ് അഗ്നിയുടെ പിറവി.

മരക്കോലിൽ ഉറങ്ങുന്ന ഈ അഗ്നി എല്ലാ മനുഷ്യരിലും ഉറങ്ങുന്നു. ഭക്തിയുടെയും ജ്ഞാനത്തിന്റെയും കോപത്തിന്റെയും വൈരാഗ്യത്തിന്റെയും രതിയുടെയും രൂപത്തിൽ അത് ജ്വലിക്കുകയും ചെയ്യുന്നു. ഉപനിഷത് ദർശന പ്രകാരം പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളിലും അഗ്നി സാന്നിദ്ധ്യമുണ്ട്. "തമസോമാ ജ്യോതിർഗമയ, മൃത്യോർമാ അമൃതം ഗമയ" എന്ന പ്രാർത്ഥന ഇരുട്ടിൽ നിന്നും മരണത്തിൽ നിന്നും വെളിച്ചത്തിലേക്കും ചിരംജീവിതത്തിലേക്കുമുള്ള സഫല യത്നം കൂടിയാണ്.

അഗ്നിയെ ഉത്തേജിപ്പിക്കുമ്പോഴാണ് ദീപം തെളിയുന്നത്. എല്ലാ മംഗളകർമ്മങ്ങളും ആരംഭിക്കുന്നത്, ദീപസാന്നിദ്ധ്യത്തിലാണ്. ദീപം ഭാരതീയർക്ക് പരബ്രഹ്മജ്യോതിസ്സാണ്. ഭാരതത്തിലെ ഒരു വലിയ ഉത്സവമാണ് ദീപാവലി. ദീപങ്ങളുടെ ഉത്സവമാണിത്.

**'ദീപം' ക്രൈസ്തവ ആരാധനയിൽ**

ആരാധനയിൽ ദീപങ്ങൾ ഉപയോഗിക്കുന്നത് മിക്ക മതങ്ങളിലുമുള്ള രീതിയാണ്. പഴയനിയമകാലത്ത് ദേവാലയത്തിൽ നിലവിളക്കുകൾ ഉപയോഗിച്ചതായി കാണാം (പുറ.40:4). ക്രിസ്തീയ ആരാധനയിൽ ആദ്യകാലത്ത് എണ്ണകൊണ്ടു കത്തിക്കുന്ന ദീപങ്ങളായിരുന്നു ഉപയോഗത്തിൽ ഇരുന്നത്. പിന്നീട് മെഴുകുതിരി പ്രചാരത്തിൽ വന്നു. ക്രിസ്തീയ ആരാധനയിൽ ദീപം ഉപയോഗിക്കുമ്പോൾ രണ്ട് സത്യങ്ങൾ വെളിപ്പെടുത്തുന്നു. ഒന്ന്, യേശുക്രിസ്തു ലോകത്തിന്റെ വെളിച്ചമാകുന്നു. ആ പ്രകാശത്തിന്റെ സന്നിധിയിലേക്കാണ് നാം ആരാധനയ്ക്ക് വരുന്നത്. ശ്രോതാണോ

ശേഷം 10-ാം പേജിൽ



വെരി. റവ. ബസലേൽ റമ്പാൻ

# എന്റെ പൊന്നുണ്ണിയോടൊപ്പം..... (ഒരു ക്രിസ്തുമസ് ധ്യാനം)

ക്രിസ്തുമസ് ഔന്നത്യത്തിന്റെ മഹത്വവും ലാളിത്യത്തിന്റെ വെണ്മയും പ്രദാനം ചെയ്യുന്നു. അത്യുന്നതങ്ങളിലെ ദൈവമഹത്വം, ഭൂമിയിൽ സന്മനസ്സുകളെ തേടി സമാധാന വിത്തുമായി അവതരിച്ചതിന്റെ ദിവ്യ അനുസ്മരണമാണത്. അതിശീത രാവിനെ ഊഷ്മളമാക്കിയ ദിവ്യപ്രഭ, മരവിച്ച മനസ്സുകളിൽ പ്രദാനംചെയ്യുന്ന പ്രതീക്ഷയുടെ സന്ദേശമാണ് ക്രിസ്തുമസിനെ ആഘോഷങ്ങളിൽ നിന്നും അനുഷ്ഠാന കർമ്മമാക്കി വേർതിരിക്കുന്നത്.

മങ്ങിക്കത്തുന്ന വിളക്കുകളും, കരിന്തിരി നാളങ്ങളും ശോഭ കെടുത്തിയ ഭൂഗോളത്തിലേക്കാണ് ദിവ്യ സ്നേഹത്തിന്റെ തിരികളും, എണ്ണയുമായി ഉണ്ണിയേശു അവതരിച്ചത്. ആകാശത്ത് ശോഭിച്ച ദിവ്യപ്രഭ മനുഷ്യവർഗ്ഗത്തിന് അപ്രാപ്യമായപ്പോൾ, പ്രാപ്യമായ അകലത്തിലേക്ക് കടന്നുവരുവാൻ ദൈവം തിരുമനസ്സായതിന്റെ പ്രതീകമാണ് തിരുജനനം. സത്തയിൽ പ്രഭയായവൻ കാലിത്തൊട്ടിലിൽ കിടന്നപ്പോൾ, സ്രഷ്ടാവിൽ നിന്ന് ഭാഗിക പ്രഭ നേടിയ നക്ഷത്രം തന്റെ വെളിച്ചത്തെ വഴി കാട്ടുന്നതിനായി വിനിയോഗിച്ചത് അത്ഭുതമല്ലല്ലോ ?

ഉണ്ണി യേശുവിന്റെ തിരുവവതാര സമയത്ത് ഒരു നക്ഷത്രം മാത്രം കൂടുതൽ ശോഭയോടെ പ്രഭ ചൊരിഞ്ഞു. ശിശുവിനെ തിരഞ്ഞു വന്നവർക്ക് വഴികാട്ടിയായി പ്രഭചൊരിഞ്ഞത് ഒരു നക്ഷത്രം മാത്രമാണ്. എല്ലാ മേഖലയിലും മുഖ്യാസനം ആഗ്രഹിക്കുന്ന 'അനേകം നക്ഷത്രങ്ങൾ' വെളിച്ചമില്ലാതെ നിലകൊള്ളുന്ന ആധുനിക യുഗത്തിൽ, അതിൽ ഒരു 'നക്ഷത്ര'ത്തിന് പോലും അരുമനാഥന്റെ അടുക്കലേക്ക് ആരെയും ആകർഷിക്കുവാൻ കഴിയുന്നില്ലെന്നത് യാഥാർത്ഥ്യമാണ്.

കാലിത്തൊഴുത്തിൽ ജീർണ്ണവസ്ത്രം ധരിച്ചു കിടക്കുന്ന ഉണ്ണിയേശു, പ്രപഞ്ച മനോഹാരിതയുടെ മാറ്റുകൂട്ടുന്നു. ജീർണ്ണ വസ്ത്രത്തിനു മറച്ചു പിടിക്കുവാൻ കഴിയാത്തവിധം കവിഞ്ഞൊഴുകുന്ന പ്രഭയും, ഗന്ധവും ആകർഷണീയമാണ് കാഴ്ചക്കാരന്റെ ശ്രദ്ധ മറ്റൊന്നിലേക്കും പതറി പോകാതെ, ആ തങ്കക്കുടത്തിന്റെ ശോഭയിലേക്ക് മാത്രം ശ്രദ്ധ പതിപ്പിക്കുവാൻ പ്രതികൂല സാഹ ചര്യങ്ങൾ വഴിയൊരുക്കി. സ്വർണ്ണ തൊട്ടിലിന്റെ മനോഹാരിതയോ, വസ്ത്രങ്ങളുടെ പകിട്ടോ ഈ ശിശുവിന് അകമ്പടി സേവിക്കുന്നില്ല. ഇവയാലലംകൃതനായ ശിശുവായിരുന്നെങ്കിൽ, സന്ദർശകരുടെ ശ്രദ്ധ ഒരു പരിധിവരെ ബാഹ്യ സാഹചര്യങ്ങളും കവർന്നെടുക്കുമായിരുന്നു.

'പൊൻകുടത്തിന് പൊട്ടു വേണ്ട' എന്ന പഴമൊഴി പോലെ, ബാഹ്യമോടികളുടെ പ്രസക്തിയിൽ മേനി നടിക്കേണ്ടവനല്ലല്ലോ സർവ്വശക്തൻ? കാലാതീതനായവൻ മനുഷ്യരൂപം പൂണ്ട് 'ഉണ്ണി'യായി പുൽത്തൊട്ടിയിൽ മയങ്ങുന്നത് വർണ്ണനാതീതമായ രഹസ്യമാണ്. എല്ലാവരുടെയും രക്ഷകനും, സ്രഷ്ടാവുമായവൻ ശിശുവായി കിടക്കുന്നത് മനുഷ്യവർഗ്ഗം കരഗതമാക്കേണ്ട

നിഷ്കളങ്കാവസ്ഥയുടെ മുന്നോടിയായി കണക്കാക്കണം.

ഈ ഉണ്ണിയുടെ ചുറ്റും ദൃശ്യരും, അദൃശ്യരുമായി പറന്നിറങ്ങുന്ന മാലാഖമാരും 'ഉണ്ണി' രൂപധാരികളല്ലേ? ഉണ്ണിയുടെ നിർമ്മലമായ മേനിയിൽ സ്പർശിക്കുവാൻ 'തഴമ്പുനിറഞ്ഞ' നമ്മുടെ കൈകളും, ദർഭമുന പോലെ തുളച്ചുകയറുന്ന ചുണ്ടുകളും മൂലം സാധിക്കുമോ?

ദൈവം നിക്ഷേപിച്ച നൈർമല്യം വെടിഞ്ഞ്, ലോകകളങ്കങ്ങളും, സ്വാർത്ഥതയും നമ്മിൽ സൃഷ്ടിച്ച 'മുതിർന്ന ഭാവം' വെടിയാതെ ഈ ശിശുവിനെ സമീപിക്കരുത്. ശാന്തമായുള്ള അവന്റെ ഉറക്കത്തിന് 'ഭൂമിയെ പിളർക്കുന്ന നമ്മുടെ ചലനങ്ങളും' 'മനസ്സ് തകർക്കുന്ന കഠോരശബ്ദങ്ങളും' ഒരു പരിധിവരെ വെല്ലുവിളി യാണ്. ഉണ്ണി മയങ്ങുന്ന പുൽത്തൊട്ടിലിനെ സൗമ്യമായി, ശാന്തമായി, സഹനതാപൂർവ്വം നമുക്ക് സമീപിക്കാം; ആ നൈർമല്യനയനങ്ങൾക്കു മുമ്പിൽ നില്പാനുള്ള യോഗ്യത ഇല്ലെങ്കിൽ പോലും...... ഉണ്ണിയേശുവിന്റെ ഉറക്കം മനസ്സിലെവിടെയോ ഒരു വിസ്ഫോടനം സൃഷ്ടിക്കുന്നു. 'ഉറക്കമില്ലാത്തവൻ', 'സംരക്ഷകൻ' എന്നൊക്കെ മനുഷ്യവർഗ്ഗം വിലയിരുത്തുന്ന ദൈവം, ശാന്തനായി ഉറങ്ങുന്നു. ഉറങ്ങുന്ന ഉണ്ണിയുടെ രൂപം വ്യക്തമാകാൻ പുൽക്കുടിലിനെ തന്നെ സമീപിക്കണം. ഉണ്ണിയേശുവിന് വിശ്വസിച്ചുറങ്ങുവാൻ കന്യക മറിയാമ്മിനെപ്പോലെ, ഒരു നിർമ്മല വ്യക്തിത്വം ആവശ്യമാണ്. അവന്റെ മറവിൽ ഉറങ്ങുന്നതിനൊപ്പം 'അവനുറങ്ങുവാനുള്ള താങ്ങായി' വർത്തിക്കുന്നത് ഭാഗ്യമല്ലേ? 'കണ്ടാലും ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു. ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ ഞാൻ അവനോടും, അവനെന്നോടും കൂടെ അത്താഴം കഴിക്കും' (വെളി. 3:20) എന്നവൻ പലതവണ പറഞ്ഞിട്ടും, അവനായി കാത്തിരിപ്പാനും, അത്താഴം പങ്കുവെയ്ക്കാനും, വിശ്രമസ്ഥലം പങ്കിട്ടു കൊടുക്കുവാനും സാധിക്കാതെ പോയ ജീവിതാവസ്ഥ വിമർശന വിധേയമാണ്. നമ്മുടെ 'ജീവിത വഞ്ചി'യിൽ ഒന്നു മയങ്ങുവാൻ അവൻ ആഗ്രഹിക്കുമ്പോൾ, വ്യർത്ഥമായ സംശയങ്ങളും, പരാതികളുമുയർത്തി അവന്റെ ഉറക്കം നഷ്ടപ്പെടുത്തുന്നത് വിഷമകരമല്ലേ?

**രക്ഷകന് നമ്മളെ വിശ്വാസമുണ്ട് ; നമുക്കവനെ വിശ്വാസമുണ്ടോ?**

ഉണ്ണിയേശുവിനെ ദർശിക്കുവാൻ വന്ന വിദ്വാന്മാർ പൊന്നും, മൂരും, കുന്തിരിക്കവും അവന് കാഴ്ച അർപ്പിച്ച് സംതൃപ്തരായി മടങ്ങി. 'പരമ ദരിദ്രനായ' ഉണ്ണിയോട് അവർക്കൊന്നും യാചിക്കാനില്ലായിരുന്നു. വിലയേറിയ ആഭരണം, കിടപ്പാടം, ആടകൾ ആദിയായവ ദിവ്യശിശുവിനുണ്ടായിരുന്നുവെങ്കിൽ, തങ്ങൾ ക്കുള്ളതും ഇല്ലാത്തതും തമ്മിലൊരു താരതമ്യമവർ നടത്തുമായിരുന്നു. ഇവിടെ താരതമ്യത്തിന് പ്രസക്തിയില്ലല്ലോ? ശിശുവിന് ഇല്ലാത്തതെല്ലാം തങ്ങൾക്ക് ഉണ്ടായിരുന്നു എന്ന് അവർ മനസ്സിലാക്കി. ആധുനിക യുഗത്തിൽ നമ്മളെ സമീപിക്കുന്നവർ നമ്മുടെ ആഡംബരവും കപട വാക്കുകളും കേട്ട് അതിൽ വിശ്വസിച്ച് 'തങ്ങൾക്കിതിനൊന്നും ഭാഗ്യമില്ലാതെ പോയല്ലോ' എന്ന് പരിതപിക്കാറില്ലേ?

ഓരോ സന്ദർശനങ്ങളും പുതിയൊരു യാചനയ്ക്ക് വഴിതെളിക്കുന്ന യുഗത്തിൽ, സംതൃപ്തിയോടെ യാത്ര അയയ്ക്കുവാനും, ഉള്ളതിന്റെ ആധിക്യത്തെപ്പറ്റി പുനഃപരിശോധന നടത്തി യോഗി മനസോടെ ജീവിക്കുവാൻ പ്രേരണ നൽകുന്നതുമായ സന്ദർശനം ധ്യാനാത്മകമല്ലേ?

ഉണ്ണിയേശുവിന്റെ സാന്നിധ്യം കാലിത്തൊഴുത്തിനെ സുഗന്ധപൂരിതമാക്കി. കാലിത്തൊഴുത്തിന്റെ ദുർഗന്ധവും, ഭംഗികേടുമെല്ലാം അപ്രത്യക്ഷമായി. അവിടേക്ക് മാലാഖമാരും, വിദ്വാൻമാരും, ഇടയരുമെല്ലാം കടന്നുവന്നു.

ത്യാഗത്തിന്റെയും, വിശുദ്ധിയുടെയും പ്രതീകമായ ഈ പുൽത്തൊഴുത്തിനെ വെടിഞ്ഞ്, നാമുയർത്തിയ 'കൊട്ടാരങ്ങളിൽ'ഇനിയുമെന്തേ ഒരുണ്ണി പിറക്കുന്നില്ല? നാമന്വേഷിച്ച ശാലകളിൽ ആ പൊന്നുണ്ണിയെ കാണാറുണ്ടോ? ദുർഗന്ധവും, മറ്റു കുറവുകളും നീക്കി നാമുയർത്തിയ ഹർമ്മ്യങ്ങളിൽ നിന്നും എത്ര സുഗന്ധ ദ്രവ്യം പൂശിയിട്ടും ഇനിയും ദുർഗന്ധം അകന്നിട്ടുണ്ടോ? അവിടെ എന്തെല്ലാം ചെയ്തിട്ടും ഈച്ചകളും പുഴുക്കളും സൈര്യവിഹാരം നടത്തുന്നില്ലേ?

ഉണ്ണിയേശുവില്ലാത്ത, മാലാഖമാരില്ലാത്ത, ഇടയന്മാരും, വിദ്വാന്മാരുമില്ലാത്ത 'പുൽത്തൊട്ടി' നമുക്ക് ആവശ്യമുണ്ടോ? ഹാബേൽ വധിക്കപ്പെടുകയും കായേൻ ശാപഗ്രസ്തനാവുകയും ചെയ്തപ്പോൾ ദൈവം ആദ്യ മാതാപിതാക്കൾക്ക് നൽകിയ ദാനമായ ശേത്തിന്റെ തലമുറയിലാണ് യേശു പിറന്നത്. പകരക്കാരനായി ജനിച്ചവന്റെ തലമുറയിൽ പിറന്നവൻ, സർവ്വലോകത്തിന്റെയും വിമോചനത്തിനായി പകരക്കാരനായി തന്നെത്തന്നെ ഏല്പിച്ചു കൊടുത്ത ചരിത്രമാണ്, ഈ രക്ഷകന്റെ ചിത്രത്തിലുള്ളത്. അവന്റെ മുന്നിൽ വിദ്വാന്മാരെപോലെ ശ്രേഷ്ഠമായ കാഴ്ച്ച അർപ്പിക്കുവാനില്ലെങ്കിലും, ആരുടേയും ശ്രദ്ധയിൽ പെടാതെ, കാലിത്തൊഴുത്തിന്റെ ഒരു കോണിൽ നിന്ന് പശ്ചാത്താപപൂരിതമായ രണ്ടുതുള്ളി കണ്ണുനീരെങ്കിലും നമുക്കർപ്പിക്കാം. ആരുടേയും ദൃഷ്ടിയിൽ പെടാതെ അവൻ തൂകുന്ന മന്ദസ്മിതം ഹൃദയത്തിലേറ്റുവാങ്ങി ലോകത്തെ നോക്കി നമുക്കും പുഞ്ചിരിക്കാം... ആ പുഞ്ചിരി ഓരോ ഹൃദയത്തിലൂടെയും സഞ്ചരിക്കട്ടെ.

7 -ാം പേജിൽ നിന്നും തുടർച്ച

സിൽ തിരി കത്തിക്കുമ്പോൾ ചൊല്ലുന്ന ഗീതം 'വെളിവു നിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു...' ഈ ആശയം പ്രസ്പഷ്ടമാക്കുന്നു. രണ്ട്, ഓരോ വിശ്വാസിയും ലോകത്തിന്റെ വെളിച്ചമാണെന്നും (വി. മത്തായി 5:14) മെഴുകുതിരിപോലെ കത്തി എരിയുവാനുള്ളതാണെന്നും അനുസ്മരിക്കുന്നു.

മെഴുകുതിരികളും നിലവിളക്കുകളും ആരാധനയിൽ നാം ഉപയോഗിക്കുന്നു. ജീവന്റെ അടയാളമാണ് ദീപം. ജീവന്റെ വെളിച്ചത്തിന്റെ പ്രതീകമാണ് കത്തിച്ച മെഴുകുതിരികൾ. സ്വയപരിത്യാഗത്തിന്റെ പ്രതീകമാണ് തിരികൾ. പ്രകാശം ദൈവസാന്നിധ്യത്തിന്റെ പ്രതീകമാണ്. മെഴുകുതിരി കത്തുമ്പോൾ പ്രകാശം പരത്തുന്നു. അതുപോലെ പാപാന്ധകാരത്തിലും മരണനിഴലിലും കഴിയുന്നവർ ക്രിസ്തുവാകുന്ന പ്രകാശത്തിലേക്ക് തിരിഞ്ഞ് പ്രകാശിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ജീവിതത്തിന്റെ വെളിച്ചം കെടുമ്പോൾ മനുഷ്യൻ മരണത്തിന്റെ ഇരുട്ടിലേക്ക് കടക്കുന്നു. അതുകൊണ്ട് ഒരിക്കലും ദീപങ്ങൾ കെടാതിരിക്കട്ടെയെന്ന് ശുഭവിശ്വാസം ഓർമ്മിക്കുക.

**'ധൂപാർപ്പണം' ആരാധനയിൽ**

അഗ്നിയുമായി ബന്ധപ്പെട്ട ഒരു പ്രതീകാത്മക കർമ്മമാണല്ലോ ധൂപാർപ്പണം. സഭയുടെ ആരാധനാ ജീവിതത്തിൽ അവിഭാജ്യമായ ഒരു ഘടകമാണിത്. വി. കുർബ്ബാനയിലും കൂദാശകളിലും എല്ലാ ശുശ്രൂഷകളുടെ അനുഷ്ഠാനങ്ങളിലും ഓർത്തഡോക്സ് പാരമ്പര്യത്തിൽ ധൂപാർപ്പണത്തിനു വലിയ സ്ഥാനം ഉണ്ട്. ധൂപാർപ്പണം പഴയനിയമ ആരാധനയുടെ ഒരു അവിഭാജ്യമായ ഘടകമായിരുന്നു. ആ പാരമ്പര്യം പുതിയനിയമ സഭയുടെ ആരാധനയിലേക്കും കടന്നുവരികയുണ്ടായി (ലേവ്യ. 16:12-13), സംഖ്യ. 15:41-50, വി. ലൂക്കോ. 1:9)

ധൂപാർപ്പണം നമ്മുടെ ആരാധനയെ സ്വർഗ്ഗത്തോടും കർത്തൃബലിയോടും നമ്മുടെ പ്രായോഗിക ജീവിതത്തോടും ബന്ധപ്പെടുത്തുന്നതിനാലാണ് നമ്മുടെ ആരാധനയിൽ സുപ്രധാനമായ സ്ഥാനം കൊടുത്തിരിക്കുന്നത്. ധൂപാർപ്പണത്തിൽക്കൂടി നമ്മുടെ ആരാധന സ്വർഗ്ഗത്തിലെ ആരാധനയുടെ ഒരു അനുകരണമായിത്തീരുന്നു (വെളി. 8:3,4). ധൂപാർപ്പണം നടത്തുന്നത്, സ്ഥലകാലങ്ങൾക്ക് വിധേയമായ സഭ, മൊത്തമായി വി. കുർബ്ബാനയിലും മറ്റു ശുശ്രൂഷകളിലും നമ്മോടൊത്തു ആരാധിക്കുന്നു എന്നുള്ളതാണ്. സ്വർഗ്ഗത്തിൽ നടക്കുന്ന ആരാധനയോട് നാമും യോജിച്ചു നിന്നുകൊണ്ട് സുഗന്ധധൂപം അർപ്പിക്കുന്നു.

അങ്ങനെ അഗ്നിയും തീയും ദീപവും പ്രകാശവും ധൂപവുമെല്ലാം ഓർത്തഡോക്സ് ആരാധനയുടെ അവിഭാജ്യ ഘടകങ്ങളായി നിലനിൽക്കുന്നു.



## നൂറുവർഷത്തിനുമേൽ പഴക്കമുള്ള ക്രിസ്തുമസ് ഗാനം

മുന്നം പരസുതനംബരനായകൻ
എന്മാനുവേലൊരുനാരിയാം മേരിത-
നന്ദനനോമന ബാലകനായവൾ
മടിയിലിരുന്നായതും വിസ്മയം
മന്നിൽ നരനുടെ വടിവുധരിച്ചു പി-
റന്നൊരു സുരവരനുടെ ജനനത്തെ
അംബരസുരഗണമിടയരോടറിയി-
ച്ചതിമോദിച്ചാരതും വിസ്മയം
ആട്ടിടയർ സുരർ ചൊല്ലിയവാചകം
കേട്ടുടനോടിയ ബേതലഹേം പുൽ-
കൂട്ടിലന്നൊരു ശിശുവിനെ വന്നവർ
വന്ദനം ചെയ്താരതും വിസ്മയം
സേനകളിൻപരനാം യഹോവാ പരി-
ശുദ്ധനെന്നു സുരർ വാഴ്ത്തിടവെ വന്നു
മാനിച്ചൗസേഫിനുടെ ഹിതവും
സാധിപ്പാൻ നിന്നതും വിസ്മയം
പൂർവ്വദേശാഗതരാകിയ ശാസ്ത്രികൾ
താരകമതിനുടെ വഴിയെ ഗമിച്ചവർ
പാർത്ഥിവനൻപൊടു കാഴ്ചകൾ വച്ചഥ
തൃപ്പാദം കുമ്പിട്ടാർ വിസ്മയം.



ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത
(ചെങ്ങന്നൂർ ഭദ്രാസനം)

# മലങ്കര സഭ നടത്തിയത് അസ്തിത്വം നിലനിർത്താനുള്ള പോരാട്ടം



പോരാട്ടങ്ങളുടെ ചരിത്രമാണ് മലങ്കര സഭക്ക് എന്നും പറയാനുള്ളത്. ആളും അർത്ഥവും ഇല്ലാതിരുന്ന കാലത്ത് മലയാളത്തിലെ വി. മാർത്തോമ്മായുടെ സഭക്ക് നേരിടേണ്ടിവന്നത് കൊടിയ പീഡനമായിരുന്നു എന്നതിന് ചരിത്രം സാക്ഷി. ഇന്നും അതിന്റെ മുറിവുകൾ ഉണങ്ങിയിട്ടില്ല. 16-ാം നൂറ്റാണ്ടിൽ പറങ്കികളുടെയും, പോർട്ടുഗീസുകാരുടെയും കോളനിവൽക്കരണത്തിന്റെ പീഡനം ഏറ്റവും കൂടുതൽ അനുഭവിച്ചത് മലങ്കര സഭയാണ്. സമ്പത്തിന്റെ പെരുമയും, അധികാരത്തിന്റെ ഗർവ്വും, വിദേശത്ത് നിന്ന് ലഭിച്ച പിന്തുണയും എല്ലാം കൊണ്ട് ഈ സഭയെ തച്ചു തകർക്കുവാൻ നോക്കിയവർ അത്ര നിസാരക്കാർ ആയിരുന്നില്ല. അത് പല ദിക്കുകളിൽ നിന്ന് ആയിരുന്നു എങ്കിലും എല്ലാവരുടെയും ഉദ്ദേശം ഒന്ന് തന്നെ ആയിരുന്നു. എന്നാൽ മലങ്കര സഭ നയിച്ച പോരാട്ടം കിഴക്കോട്ടോ, പടിഞ്ഞാറോട്ടോ എന്നതിന് വേണ്ടി ആയിരുന്നില്ല മറിച്ച് സഭയുടെ അസ്തിത്വം നിലനിർത്താൻ ഉള്ള പോരാട്ടം ആയിരുന്നു. മലങ്കര സഭയ്ക്ക് നേരെ വന്ന എല്ലാ പിന്തിരിപ്പൻ ശക്തികൾക്കും മുമ്പിൽ നിന്നുകൊണ്ട് 'കടക്ക് പുറത്ത് എന്ന് പറയുവാൻ മലങ്കര സഭ അന്നേ ആർജ്ജവം കാട്ടിയിരുന്നു' പരിശുദ്ധ വട്ടശ്ശേരി തിരുമേനി മുതലുള്ള എല്ലാ പിതാക്കന്മാരും ഈ നാടിന്റെ നിയമവ്യവസ്ഥകൾ അനുസരിച്ച് മാത്രമാണ് പ്രവർത്തിച്ചിട്ടുള്ളത്. മലങ്കര സഭയ്ക്ക് ലഭിച്ചിട്ടുള്ള റോയൽ കോർട്ട് വിധികൾ തുടങ്ങി ഇങ്ങു സുപ്രീം കോടതി വിധി വരെ അനുകൂലമായി ലഭിച്ചതും ഈ വിശുദ്ധ സഭ ഇവിടുത്തെ നീതിന്യായ വ്യവസ്ഥയ്ക്ക് വിധേയപ്പെട്ട് പ്രവർത്തിക്കുന്നു എന്നതിൻറെ വ്യക്തമായ ദൃഷ്ടാന്തമാണ്. ഇപ്പോൾ വിഴിഞ്ഞം സംഭവം നമുക്ക് വളരെ പരിചയമാണ്.. ഒരു കീഴ് കോടതി വിധി വന്ന ഉടൻ തന്നെ ബഹുമാനപ്പെട്ട സർക്കാർ എല്ലാ സന്നാഹവുമായി ചെന്ന് ആ വിധി നടപ്പാക്കുവാൻ കാണിച്ച തിരക്കും, ശുഷ്കാന്തിയും കണ്ട് വല്ലാതെ അതിശയിച്ചു പോയി. കാരണം മലങ്കര സഭയ്ക്ക് ലഭിച്ച സുപ്രീംകോടതി വിധി നടപ്പാക്കാതിരിക്കാൻ മുട്ടുന്യായങ്ങൾ പറയുമ്പോൾ തന്നെയാണ് ഇവിടെ ഒരുവശത്ത് ഒരു കീഴിൽ കോടതി വിധി നടപ്പാക്കുവാൻ ഇത്രമാത്രം ഉത്സാഹം കാണിക്കുന്നത്. ഈ ഇരട്ടത്താപ്പ് എങ്ങനെ കണ്ടില്ലെന്ന് നടിക്കാനാവും. അവിടെ നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ ഒന്നും സർക്കാരിനെ

ലവലേശം പിന്നോട്ട് മാറ്റുന്നില്ല എന്നു മാത്രമല്ല അത്തരം പ്രതിസന്ധികളെയും പ്രശ്നങ്ങളെയും എന്തുവില കൊടുത്തും നേരിടുവാൻ സർക്കാർ സജ്ജമായി എന്നതാണ് വാർത്തകളിൽ നിന്ന് മനസ്സിലാക്കുവാൻ സാധിക്കുന്നത്. ഇതിന്റെ പകുതി ഇച്ഛാശക്തി ഉണ്ടെങ്കിൽ മലങ്കര സഭ തർക്കം ഇവിടെ എന്നേക്കുമായി പര്യവസാനിക്കുമായിരുന്നു... ജനാധിപത്യത്തെ കശാപ്പു ചെയ്യുന്ന കള്ളനാണയങ്ങൾ ആരാണെന്ന് ഇവിടെ വെളിപ്പെടുകയാണ്... മലങ്കര സഭ ജനാധിപത്യവും എപ്പിസ്കോപ്പസിയും ഒരുപോലെ സമ്മേളിക്കുന്ന ശ്രേഷ്ഠമായ ഭരണഘടനയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സഭയാണെന്ന് ഒരിക്കൽക്കൂടി പറയട്ടെ...

ഭാഗ്യവാനും, പരിശുദ്ധനയുമായ പരി. ബസേലിയോസ് മാർത്തോമാ പൗലോസ് രണ്ടാമൻ ബാവായുടെ വാക്കുകൾ കടമെടുത്താൽ, രാഷ്ട്രീയമായി ഈ സഭയെ പ്രതിരോധിക്കുവാനോ, മറ്റു ഏതെങ്കിലും തരത്തിൽ ഈ സഭയെ സഹായിക്കുവാനോ ആരും ഉണ്ടായിരുന്നില്ല... കൂടെ നിൽക്കുന്നു എന്ന് കരുതിയവർ പോലും കുതികാൽ ചവിട്ടുന്ന അവസ്ഥയാണ് വി. സഭ നേരിട്ടത്. മുകളിലേക്ക് നോക്കി 'ഞങ്ങളുടെ സഹായം ആകാശവും, ഭൂമിയും ഉണ്ടാക്കിയ ദൈവത്തിൽ നിന്ന് വരുന്നു എന്ന് പ്രാർത്ഥിച്ചു ഈ സഭയെ ധീരമായി നയിച്ച സഭ സ്നേഹികളുടെ അധ്വാനം ആണ് ഇന്ന് ഈ സഭ അനുഭവിക്കുന്ന സ്വാതന്ത്ര്യം. അല്ലാതെ മറ്റ് ഒന്നും ഈ സഭക്ക് ലഭിച്ചില്ല. ഇന്നും അതിന് വലിയ മാറ്റം ഉണ്ടായി എന്ന് തോന്നുന്നില്ല. ഈ സഭയുടെ പഴയ പള്ളികൾ ഉൾപ്പടെ പിടിച്ചെടുത്ത്, അധികാരത്തിന്റെയും സമ്പത്തിന്റെയും ധാരാളിത്തത്തിൽ, വിദേശ മേൽക്കോയ്മയുടെ ഹുങ്കിൽ പിടിച്ചടക്കി നിരാലംബരായി ഇറക്കി വിടുമ്പോൾ മുളം കുറ്റ് പോലും വെക്കുവാൻ കഴിയാത്ത ഒരു സമൂഹം ഇവിടെ അനാഥരായി പോകും എന്ന് വിചാരിച്ചു. ഈ സഭയെ ദൈവം കൈവിട്ടില്ല. ബഹു. സുപ്രീം കോടതി വിധിക്കു ശേഷം മലങ്കര സഭ തർക്കം എന്നേക്കുമായി തീർപ്പു കല്പിച്ചപ്പോൾ അത് ഒഴിവാക്കുവാൻ നിരവധി ശ്രമങ്ങൾ പല ദിക്കുകളിൽ നിന്നും ഉണ്ടായി. സഹായ ഹസ്തവുമായി തെക്ക് പാറശാല മുതൽ വടക്ക് കാസർകോട് വരെ 'മധ്യസ്ഥൻമാരുടെ' വലിയ നിര തന്നെ ഉണ്ടായിരുന്നു. എന്നാൽ ഇത് 'മലങ്കര സഭക്ക് മാത്രം' ലഭിച്ച സഹായ വാഗ്ദാനം ആയിരുന്നുവോ? എന്ന് ഈ അടുത്ത ദിവസങ്ങളിൽ വന്ന വാർത്തകൾ കാണുമ്പോൾ ചിന്തിച്ചു പോകുന്നു. എറണാകുളത്ത് ഭൂരിപക്ഷം നോക്കി ക്രിസ്തീയ സാക്ഷ്യത്തിന് നിരക്കുന്ന വിധത്തിൽ പ്രശ്നം പരിഹരിക്കുവാൻ ആരും ഇപ്പോൾ താൽപര്യപ്പെടുന്നില്ല. സത്യത്തിൽ ഒരു വിഭാഗം പരി. മാർപാപ്പയെ അർപ്പിക്കുന്ന രീതിയിൽ ജനാഭിമുഖമായി വിശുദ്ധ കുർബാന അർപ്പിക്കുവാൻ താല്പര്യപ്പെടുമ്പോൾ മറ്റൊരു വിഭാഗം പാരമ്പര്യമായി വിശുദ്ധ കുർബാന അർപ്പിക്കുവാൻ ആഗ്രഹിക്കുന്നു. ഈ രണ്ട് രീതിയും നിലനിൽക്കുന്നതിനാൽ ജനഹിതം പരിശോധിച്ച് ഭൂരിപക്ഷം അഭിപ്രായമനുസരിച്ച് തീരുമാനമെടുക്കുവാൻ ക്രൈസ്തവ നേതാക്കന്മാർ മുമ്പിട്ട് ഇറങ്ങേണ്ടതാണ്. ക്രൈസ്തവ സാക്ഷ്യം എന്നത് മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് മാത്രം ബാധകമായ ഒന്നല്ലല്ലോ. അത് കാത്തുസൂക്ഷിക്കുവാൻ എല്ലാ സഭകൾക്കും ഉത്തരവാദിത്വമുണ്ട് എന്ന് ഓർപ്പിക്കട്ടെ. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ ഒരു ദേശീയ സഭയാണ്. അതുകൊണ്ടുതന്നെ ഈ ദേശത്തിന്റെ നിയമ വ്യവസ്ഥകൾക്കനുസരിച്ച് അതിന്റെ സ്വാതന്ത്ര്യത്തിനും വേണ്ടി പോരാടുവാൻ ഈസഭയ്ക്ക് അവകാശമുണ്ട്. ഇവിടുത്തെ നിയമവ്യവസ്ഥ വിട്ട് ഒന്നും ചെയ്യുവാൻ സഭ ആഗ്രഹിച്ചിട്ടില്ല. ഇന്നുവരെ അങ്ങനെ ഒരു പാരമ്പര്യവും ഈ സഭയ്ക്ക് ഉണ്ടായിട്ടില്ല. മലങ്കര സഭാ തർക്കത്തിൽ മധ്യസ്ഥത വഹിക്കുവാൻ വെമ്പൽ കൊണ്ട് നിൽക്കുന്ന നേതാക്കന്മാരും പിതാക്കന്മാരും ഇത്തരം സാഹചര്യങ്ങളിൽ പുനർവിചിന്തനം നടത്തേണ്ടത് അനിവാര്യമാണ്. ഇത് ആരോടെങ്കിലുമുള്ള വൈരാഗ്യത്തിൽ പറയുന്നതാണ് എന്ന് കരുതരുത്. മലങ്കര സഭയ്ക്ക് എല്ലാവരോടും സ്നേഹവും സൗഹൃദവും മാത്രമേ ഉള്ളു. ഈ സഭയെ സഹായിച്ചവരോട് മലങ്കര സഭ എന്നും കടപ്പെട്ടിരിക്കും. എന്നാൽ അതിന്റെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന തരത്തിലുള്ള നടപടി ആരുടെ ഭാഗത്തുനിന്ന് ഉണ്ടായാലും അതിനെ ശക്തമായി പ്രതിരോധിക്കുവാനുള്ള ഉത്തരവാദിത്വവും ഈസഭയ്ക്ക് ഉണ്ട് എന്ന് വിനയത്തോടെ ഓർപ്പിക്കട്ടെ. മലങ്കര സഭ ഒന്നാണ് അതിനെ വെട്ടി മുറിക്കുവാൻ സഭ ആഗ്രഹിക്കുന്നില്ല. ഒന്നായി നിൽക്കുന്നതിന്റെ ശക്തിയെ തിരിച്ചറിയുന്നവർ അത് രണ്ടായി കാണുവാൻ ആഗ്രഹിച്ച് ചക്കര വാക്കും മുഖസ്തുതിയും പറഞ്ഞു അടുത്തു വരുമ്പോൾ അത് തിരിച്ചറിയുവാനും സഭാ മക്കൾക്ക് കഴിയണം. കേരളത്തിൽ ഇപ്പോൾ നിലനിൽക്കുന്ന സാഹചര്യങ്ങൾ ആ വലിയ തിരിച്ചറിവിന് നമ്മെ സഹായിക്കും

ചില പോരാട്ടങ്ങൾ മാധ്യമ ശ്രദ്ധ നേടുമ്പോൾ ശ്രേഷ്ഠമായ ആരാധനയും, പാരമ്പര്യവും ഉള്ള ഈ വി. സഭ കൂനൻ കുരിശ് മുതൽ ഇങ്ങോട്ട് നടന്നുവന്ന എല്ലാ പോരാട്ടങ്ങളെയും അതിൽ ജീവൻ കൊടുത്തും പോരാടിയ പൂർവ്വ സൂരികളെയും ആദരവോടെ സ്മരിക്കാതെ തരമില്ല.

വി.സഭയെ ദൈവം വഴിനടത്തട്ടെ.

ഡോ. ഗീവർഗ്ഗീസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ
(സുൽത്താൻ ബത്തേരി ഭദ്രാസനം)

# ചരിത്ര നിയോഗം ലഭിച്ച അതുല്യ വ്യക്തിത്വം : പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് I



മലങ്കര സഭയുടെ ഇതപര്യന്തമുള്ള ചരിത്രത്തിൽ അതുല്യവും പരിപാവനവുമായ ദൗത്യം നിർവ്വഹിച്ച മഹാചാര്യനാണ് മലങ്കര സഭാ ജ്യോതിസ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് ഒന്നാമൻ. പഠിത്ത വീട് എന്ന കോട്ടയം പഴയ സെമിനാരി സ്ഥാപനത്തിലൂടെ മലങ്കര സഭയുടെ ചരിത്രത്തിലെ നിർണ്ണായക വഴിത്തിരിവിന് ആ പുണ്യ പിതാവ് കാരണഭൂതനായി. സെമിനാരി സ്ഥാപിച്ചതു കൂടാതെ ആ പിതാവ് മറ്റു ചില നിർണ്ണായക ദൗത്യം കൂടി നിർവ്വഹിച്ചു. ബൈബിൾ പരിഭാഷ അതിൽ പ്രധാനമായിരുന്നു.

കൊച്ചി രാജ്യത്ത് ജനിച്ച ആ പിതാവ് അബ്രഹാമിനെപ്പോലെ ദൈവനിയോഗത്താൽ തന്റെ ദൗത്യം നിർവ്വഹിച്ചത് തിരുവിതാംകൂറിന്റെ ഭാഗമായ കോട്ടയത്താണ്. പുലിക്കോട്ടിൽ മത്തായി മല്പാന്റെ നിര്യാണത്തെ തുടർന്ന് അദ്ധ്യയനം നിലച്ച മല്പാൻ ശാല ഇട്ടൂപ്പ് കത്തനാർ ചാട്ടുകുളു അരപ്പള്ളിയിൽ പുനരാരംഭിച്ചിരുന്നു. ഒരു മല്പാൻ എന്ന നിലയിൽ വൈദീക വിദ്യാഭ്യാസത്തെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടായിരുന്ന ഇട്ടൂപ്പ് കത്തനാരാണ് കോട്ടയം വൈദീക സെമിനാരി സ്ഥാപിച്ചത്. തിരുവിതാംകൂർ രാജകുടുംബത്തിന്റെയും ചർച്ച് മിഷനറി സൊസൈറ്റിയുടെയും നിർലോഭമായ പിന്തുണയും സഹായവും ഇക്കാര്യത്തിൽ ഉണ്ടായിരുന്നു.

ഏഴാം മാർത്തോമ്മായുടെ നാല്പതാം അടിയന്തിര ദിവസം കണ്ടനാട് പള്ളിയിൽ കൂടിയ എഴുതിയ പടിയോല (1809 ചിങ്ങമാസം 1-ാം തീയതി) അനുസരിച്ചാണ് കോട്ടയത്ത് പഠിത്ത വീട് സ്ഥാപിച്ചത്. മലങ്കര സഭയുടെ തെക്കും വടക്കും രണ്ട് പഠിത്തവീടുകൾ പണിയാമെന്നായിരുന്നു പടിയോല. പഠിത്ത വീട്ടിൽ ഒരു മല്പാൻ താമസിച്ച് പൈതങ്ങളെയും ശെമ്മാശന്മാരെയും പള്ളികളിക്കണമെന്നും ആയതിന് വേണ്ടുന്ന ചിലവ് പള്ളികളിൽ നിന്ന് വാരിയിട്ടെടുത്ത് നൽകണമെന്നും തീരുമാനിച്ചിരുന്നു. കായംകുളം ഫീലിപ്പോസ് റമ്പാനും പുലിക്കോട്ടിൽ യൗസേഫ് റമ്പാനും അക്കാലത്ത് കീർത്തികേട്ട രണ്ട് മല്പാന്മാരായിരുന്നു. അവർ ഇരുവരും ഏഴാം മാർത്തോമ്മയുടെ വാത്സല്യവാന്മാരും ആയിരുന്നു. എന്നാൽ 1811 തുലാം 28 ന് കായംകുളം റമ്പാൻ നിര്യാതനായി. തൻനിമിത്തം കണ്ടനാട് പടിയോലയുടെ നിശ്ചയപ്രകാരം സെമിനാരി പണിയുന്നതിന് നിയോഗം ലഭിച്ചത് പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനായിരുന്നു. ഈ ദൗത്യനിർവ്വഹണത്തിന് എട്ടാം മാർത്തോമ്മായ്ക്ക് വലിയ താൽപര്യമില്ലായിരുന്നെങ്കിലും വിഭവങ്ങൾ ശേഖരിച്ച് പഠിത്ത വീടിന്റെ പണി ആരംഭിച്ച് പൂർത്തീകരിക്കുന്നതിന് ഇട്ടൂപ്പ് റമ്പാൻ വളരെ അദ്ധ്വാനിച്ചു. തിരുവിതാംകൂർ റാണിയിൽ നിന്ന് സെമിനാരിക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്ന

തിനും വട്ടിപ്പണത്തിന്റെ പലിശ ഉപയോഗിക്കുന്നതിനും റമ്പാന് സാധിച്ചു. കേണൽ മൺറോയുടെ പൂർണ്ണ പിന്തുണയും ഇക്കാര്യത്തിലുണ്ടായിരുന്നു. പഠിത്തവീട് രൂപകല്പന ചെയ്യുന്നതിലും ശില്പ ചാരുതയോടെ പണിയുന്നതിനും പ്രധാന ചുമതല വഹിച്ചിരുന്നത് റമ്പാൻ തന്നെയായിരുന്നു. ഇരുനൂറ് വർഷങ്ങൾ പിന്നിട്ടിട്ടും ആരെയും ആകർഷിക്കുംവിധം ആ വിജ്ഞാന സൗധം ഇന്നും അഭിമാനസ്തംഭമായി നിലനിൽക്കുന്നു. കേരളത്തിലെ ആദ്യത്തെ ഇംഗ്ലീഷ് വിദ്യാഭ്യാസ കേന്ദ്രവും കോട്ടയം പഠിത്തവീട് എന്ന പഴയസെമിനാരിയാണ്.

ബിരുദ, ബിരുദാനന്തര, ഗവേഷണ കേന്ദ്രമായി ഇന്ന് പ്രശോഭിക്കുന്ന കോട്ടയം പഴയസെമിനാരി കേവലം വൈദിക വിദ്യാഭ്യാസ കേന്ദ്രമല്ല. സഭയ്ക്ക് ഭൗതികവും ആത്മീകവുമായ ഊർജ്ജം പകരുന്ന ശക്തിദുർഗ്ഗം കൂടെയാണ്. മലങ്കര മെത്രാപ്പോലീത്തായുടെ ഔദ്യോഗിക വസതികൂടിയായ ഈ ആത്മീയ ഗോപുരം കേരളത്തിന്റെ വൈജ്ഞാനിക-സാംസ്ക്കാരിക മണ്ഡലത്തെ പ്രശോഭിപ്പിച്ചുകൊണ്ടിരിക്കുന്നു. ഈ മഹത്തായ സ്ഥാപനത്തിന്റെ മുഖ്യശില്പി ചരിത്രാധീതമായി സ്മരിക്കപ്പെടും.

പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് ഒന്നാമൻ മികച്ച ഒരു സംഘാടകനും മറ്റുള്ളവരോട് ചേർന്ന് പ്രവർത്തിക്കുന്നതിൽ സന്തുഷ്ടനുമായിരുന്നു. പഴയ സെമിനാരി സ്ഥാപനം ഇതിനൊരു ഉദാഹരണമാണ്. മാത്രമല്ല വി. വേദപുസ്തക പരിഭാഷ അദ്ദേഹത്തിന്റെ സംഘടിത പ്രവർത്തനത്തിന് ഒരു ഉത്തമ സാക്ഷ്യമാണ്. കായംകുളം ഫിലിപ്പോസ് റമ്പാനോടും ഉദാത്തമായ ആ കർമ്മം നിർവ്വഹിച്ചു. മലയാളഭാഷയിലെ ആദ്യത്തെ തിരുവെഴുത്ത് എന്ന നിലയിൽ ആ സൽപ്രവർത്തി എന്നും ചരിത്രത്തിൽ മായാതെ നില്ക്കും. ആധുനിക എക്യുമെനിക്കൽ പ്രസ്ഥാനം രൂപം കൊള്ളുന്നതിന് വളരെ മുമ്പുതന്നെ മറ്റു സഭാവിഭാഗത്തോട് ചേർന്ന് പ്രവർത്തിക്കുവാൻ കഴിയുന്ന മേഖല ഏതെന്ന് അദ്ദേഹം നമുക്ക് വ്യക്തമായി കാണിച്ചു തന്നു. വേദപുസ്തക പരിഭാഷ കേവലം ഒരു മതവിഭാഗത്തിന്റെ ആത്മീയ ആവശ്യത്തിന് ഉതകുന്ന ഭാഷയെയും സാഹിത്യത്തെയും സാമൂഹ്യജീവിതത്തെയും സാരമായി സ്വാധീനിച്ചു. 1811 ൽ ബോംബെ കൊറിയർ പ്രസിൽ നിന്നാണ് ആദ്യ മലയാളം ബൈബിൾ പ്രസിദ്ധീകരിച്ചത്. നാലു സുവിശേഷങ്ങൾ മാത്രമായിരുന്നു അതിലുണ്ടായിരുന്നത്. മലയാള ഭാഷയിൽ അച്ചടിച്ച ആദ്യ മതഗ്രന്ഥമായിരുന്നു ഇത്. കേരളത്തിന്റെ സാംസ്കാരിക-സാമൂഹ്യ മണ്ഡലങ്ങളിൽ ഏറെ സ്വാധീനം ചെലുത്തിയ ബൈബിളിന്റെ പരിഭാഷയിൽ പുലിക്കോട്ടിൽ തിരുമേനിയും ഉൾപ്പെട്ടിരുന്നു എന്നത് ഒരു മഹത്തായ കാര്യമാണ്. ആ അസുലഭ ദൗത്യം നിർവ്വഹിച്ച മെത്രാപ്പോലീത്ത ഒരു ദിവ്യജ്യോതിസ്സായി നിലനിൽക്കും. മലങ്കര സഭയുടെ ചരിത്രത്തിൽ അതുല്യ നിയോഗം ലഭിച്ച പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് ഒന്നാമൻ മലങ്കര സഭയ്ക്ക് ശോഭ നൽകുന്ന ജ്യോതിസ് തന്നെയാണ്. ആ പിതാവിന്റെ ഓർമ്മ വാഴ്വിനായി തീരട്ടെ.

## വിശേഷദിവസങ്ങൾ - ജനുവരി

1. ജനനപ്പെരുന്നാളിന് ശേഷമുള്ള ഒന്നാം ഞായർ. വർഷാരംഭം. കർത്താവിന്റെ ചേലാകർമ്മം.
   മാർ ബസേലിയോസ്, മാർ ഗ്രീഗോറിയോസ് പിതാക്കന്മാരുടെയും, സകല വിശുദ്ധ മൽപാന്മാരുടെയും ഓർമ്മ.
3. പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 58 – ാം ഓർമ്മ. (ദേവലോകം അരമന)
   കൂനൻ കുരിശ് സ്മരണാദിനം
6. ദനഹാ പെരുന്നാൾ
7. വി. യോഹന്നാൻ മാംദാനായുടെ പുകഴ്ചയുടെ പെരുന്നാൾ
8. ദനഹാപെരുന്നാളിനുശേഷം ഒന്നാം ഞായറാഴ്ച. മാർ സ്തേഫാനോസ് സഹദായുടെ ഓർമ്മ.
15. ദനഹാപെരുന്നാളിനുശേഷമുള്ള രണ്ടാം ഞായർ. വിത്തുകൾക്കു വേണ്ടി വി. ദൈവമാതാവിന്റെ പെരുന്നാൾ.
21. ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായുടെ 13 – ാം ഓർമ്മ (പത്തനംതിട്ട ബേസിൽ ദയറാ)
22. ദനഹാപെരുന്നാളിനുശേഷം മൂന്നാം ഞായർ. 8 – ാം മാർത്തോമ്മായുടെ 206 – ാം ഓർമ്മ (പുത്തൻകാവ് കത്തീഡ്രൽ)
26. റിപ്പബ്ലിക് ദിനം. പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 16 – ാം ഓർമ്മ. (ശാസ്താംകോട്ട മൗണ്ട് ഹോറേബ് ആശ്രമം). കുറ്റിക്കാട്ടിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മ. (ആലുവ തൃക്കുന്നത്ത് സെമിനാരി)
29. ദനഹാപെരുന്നാളിനുശേഷം നാലാം ഞായറാഴ്ച.

30 മൂന്ന് നോമ്പ് ആരംഭം



ഫാ. ബെന്യാമിൻ ശങ്കരത്തിൽ

# ദൈവ സ്നേഹത്തിന്റെ മാതൃകാ പുരുഷൻ 'ബിഷപ്പ് പക്കൻ ഹാം വാൽഷ്'

***മലങ്കര സഭയുടെ ആദ്യവിദേശ മിഷൻ സ്ഥാപകനായ ആംഗ്ലേയ മിഷനറി ബിഷപ്പ് പക്കൻ ഹാം വാൽഷ്. ആദർശ സമ്പന്നനായ ഒരു വൈദിക മേലദ്ധ്യക്ഷൻ, പണ്ഡിതനായ വേദശാസ്ത്രജ്ഞൻ, ആശ്രമസ്ഥാപകൻ, ആത്മീയ ഗുരു, സർവ്വോപരി യേശുക്രിസ്തുവിന്റെ കാല്പാടുകളെ അനുനിമിഷം പിന്തുടർന്ന് സ്വജീവിതം ക്രമീകരിച്ച മനുഷ്യസ്നേഹി. സ്നേഹത്തിലൂടെ ഐക്യം, സത്യം, നീതി, സമാധാനം എന്നിവ ജീവിത സന്ദേശമായി ഉൾക്കൊണ്ട ഒരു യോഗീവര്യൻ. ഇതാണ് ലാളിത്യത്തിന്റെ പ്രതിരൂപമായ ബിഷപ്പ് പക്കൻ ഹാം വാൽഷ്.***

**ജനനവും ദൈവവിളിയും**

ബിഷപ്പ് വില്യം പക്കൻ ഹാം വാൽഷിന്റെയും ക്ലാരാ ജയിനിന്റെയും മൂന്നാമത്തെ പുത്രനായി ഹെർബർട്ട് 1871- ൽ അയലർണ്ടിൽ ജനിച്ചു. നാലാം വയസ്സിൽ തന്റെ സ്നേഹമയിയായ മാതാവ് ഇഹലോകവാസം വെടിഞ്ഞു. അതിനുശേഷം ബിഷപ്പായ തന്റെ പിതാവിന്റെ തിരക്കു പിടിച്ച ജീവിതത്തിനിടയിൽ തങ്ങളുടെ ജീവിതം അത്ര സന്തോഷകരമായിരുന്നില്ല. എന്നാൽ രണ്ടാനമ്മയുടെ വരവോടു കൂടി ജീവിതം വീണ്ടും സംതൃപ്തമായി തീർന്നു.

ചിറ്റമ്മ ഹെർബർട്ടിനെ വളരെയധികം സ്നേഹിച്ചു. ഹെർബർട്ടിനും ചിറ്റമ്മയോട് വളരെ സ്നേഹവും ബഹുമാനവും ആയിരുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം ഡബ്ളിനിലെ ട്രിനിറ്റി കോളേജിൽ ഉപരിപഠനം പൂർത്തീകരിച്ച ഹെർബർട്ട് സാഹിത്യത്തിലും വിവിധ ഭാഷകളിലും പ്രാവീണ്യം നേടി. തന്റെ കോളേജ് പഠനകാലത്ത് സാധുജന സേവനത്തിനും, അധഃകൃത വിഭാഗങ്ങളുടെ ഉന്നമനത്തിനും വേണ്ടി പ്രവർത്തിച്ചു. പഠനത്തിലൂടെ തനിക്കു കിട്ടിയ താലന്ത് നല്ലൊരു ചരിത്രകാരൻ, വിദ്യാഭ്യാസ പ്രവർത്തകൻ, ഗ്രന്ഥകാരൻ, കവി, ചിത്രകാരൻ എന്നീ നിലകളിൽ വിനിയോഗിച്ചു. ഓർത്തഡോക്സ് സഭയിൽ ഉപയോഗിക്കുന്ന വി.കുർബ്ബാനയെ ആസ്പദമാക്കി ഇംഗ്ലീഷിൽ രചിച്ച ഒരു ലഘു ഗ്രന്ഥമാണ് 'A Devotional Study of The Holy Qurbana'. നമ്മുടെ സഭയുടെ അംഗമല്ലാതിരുന്നിട്ടും വി.കുർബ്ബാനയെപ്പറ്റി ആഴമായി പഠിച്ചു. അതിൽനിന്ന് ലഭിച്ച ഉൾക്കാഴ്ചകൾ എത്രയധികം വിലമതിച്ചതായിരുന്നുവെന്ന് ഈ പുസ്തകം വായിക്കുമ്പോൾ നമുക്ക് വ്യക്തമാകുന്നു. നമ്മുടെ സഭയെയും ആരാധനയെയും കുറിച്ച് വളരെ ആഴമേറിയ പഠനം നടത്തിയ ഒരു വ്യക്തിആയിരുന്നു ബിഷപ്പ് വാൽഷ്. "Lights and Shades of Christendom Vol 3" എന്ന പ്രസിദ്ധമാർന്ന പുസ്തകത്തിന്റെ മൂന്നു വാല്യങ്ങൾ ഉൾപ്പെടെ അനവധി പുസ്തകങ്ങളും രചിക്കുവാൻ ഈ പിതാവിനു കഴിഞ്ഞു.

വൈദീകവൃത്തിയോട് താല്പര്യം തോന്നിയ ഹെർബർട്ട്, ഓക്സ്ഫോർഡ് ബ്രദേഴ്സിനോടൊപ്പം ബ്രദർഹുഡിൽ ചേർന്നു. ക്രിസ്തുമതത്തെക്കുറിച്ചുള്ള സംശയങ്ങൾ ദൂരീകരിച്ച് അതിൽ അടിയുറച്ചു നിൽക്കുന്നതിനുള്ള ഒരു

പ്രചോദനം ഇവിടെ നിന്നും ലഭിച്ചു. 1896 സെപ്റ്റംബറിൽ ഹെർബർട്ട് സ്വപിതാവായ ബിഷപ്പ് വില്യമിൽ നിന്നും ഡീക്കൻ സ്ഥാനം ഏറ്റു. അതിനുശേഷം ഹെർബർട്ടിനെ മിഷനറി വേലയ്ക്കായി ഇന്ത്യയിലേയ്ക്കയച്ചു. 1901- ൽ റാഞ്ചിയിൽ വച്ച് വൈദിക പദവിയിലേക്ക് ഉയർത്തപ്പെട്ടു. റവ. ഹെർബർട്ട് പക്കൻ ഹാം വാൽഷ്, ബിഷപ്പ് ഹീബർ കോളേജിന്റെയും ബിഷപ്പ് കോട്ടൺ സ്കൂളുകളുടെയും ഭരണസാരഥ്യം ഏറ്റെടുത്ത് നല്ല രീതിയിലുള്ള പ്രവർത്തനം കാഴ്ചവച്ചു. 1915 ജനുവരിയിൽ കൽക്കട്ടയിലെ ദേവാലയത്തിൽ വച്ച് റവ. ഹെർബർട്ട് പക്കൻ ഹാം വാൽഷ് ആസ്സാമിലെ പ്രഥമ ബിഷപ്പായി അഭിഷേകം ചെയ്തു. പ്രശ്നങ്ങളുടെയും പ്രതിബന്ധങ്ങളുടെയും നടുവിൽ പുതിയ ബിഷപ്പിന് ആത്മീയമായ ഏകാന്തതയും നേരിടേണ്ടതായി വന്നു. അങ്ങനെ 1917-ൽ തന്റെ ജീവിത പങ്കാളിയായി അയർലണ്ടിലെ ഒരു പ്രശസ്ത വൈദിക കുടുംബത്തിൽപെട്ട ക്ലാരാ വാൽഷിനെ തിരഞ്ഞെടുത്തു. അന്നു മുതൽ ജീവിതാന്ത്യം വരെയും ഈ ദമ്പതികൾ തങ്ങളുടെ മിഷൻ പ്രവർത്തനം ഏറ്റവും അനുഗ്രഹപ്രദമായി നിർവ്വഹിച്ചു.

**ബിഷപ്പ് വാൽഷും മലങ്കര സഭയും**

ഒരു സഭാ ചരിത്രകാരനായിരുന്ന ബിഷപ്പ് പക്കൻഹാം വാൽഷ് മലങ്കരസഭയ്ക്കു സുപരിചിതനായിരുന്നു. Syrian Students Conference എന്നറിയപ്പെട്ടിരുന്ന ഇന്നത്തെ മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പല സമ്മേളനങ്ങളിലും ബിഷപ്പ് മുഖ്യപ്രസംഗകനായിരുന്നു. 1911 മുതലുള്ള വിദ്യാർത്ഥി സമ്മേളനങ്ങളിലെ അദ്ദേഹത്തിന്റെ ചിന്താർഹവും അനുസ്യൂതവും അനുപമവുമായ ആത്മീയ ആഹ്വാനങ്ങൾ യുവജനങ്ങളിൽ സഭാസേവനാവേശം കത്തി ജ്വലിപ്പിച്ചു. ഇന്ത്യൻ സഭയോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധത, അഭിനിവേശം, അതിന്റെ വളർച്ചയിലുള്ള താല്പര്യം എന്നിവ മൂലം അദ്ദേഹം സഭയുടെ പ്രത്യേകിച്ച് യുവജനങ്ങളുടെ ആരാധ്യ പുരുഷനായി തീരുകയും ചെയ്തു. ആലുവായിലെ യു.സി. കോളേജിലും പത്തനംതിട്ടയിലും എല്ലാം അദ്ദേഹത്തിന്റെ സാന്നിധ്യം ഉണ്ടായിരുന്നു. ആലുവ യു.സി കോളേജിലുണ്ടായിരുന്ന കെ.സി. വർഗ്ഗീസ് (ഫാ. കെ.സി. വർഗ്ഗീസ്), എൻ.എം. എബ്രഹാം, റ്റി.ഒ. മാത്യു തുടങ്ങിയ വിദ്യാർത്ഥികൾ അദ്ദേഹത്തിൽ വളരെയധികം ആകൃഷ്ടരാവുകയും സൗഹൃദം നിലനിർത്തുകയും ചെയ്തു.

ആംഗ്ലിക്കൻ സഭയുടെ ആഭിമുഖ്യത്തിൽ ഇന്ത്യയിൽ സ്ഥാപിച്ചു നടത്തിവന്ന പ്രമുഖ വേദശാസ്ത്ര പഠന കേന്ദ്രമായിരുന്നു കൽക്കട്ടയിലെ ബിഷപ്സ് കോളേജ്. 1923- മുതൽ അവിടുത്തെ പ്രഥമ സാരഥ്യം വഹിച്ചിരുന്നത് ഈ ആരാധ്യ പുരുഷനായിരുന്നു. യു.സി കോളേജിലെ ഈ യുവാക്കൾ തങ്ങളുടെ ഗുരുവിന്റെ പ്രേരണയും പ്രോത്സാഹനവും കൊണ്ട് കൽക്കട്ടയിലെ പ്രസിദ്ധമായ ബിഷപ്സ് കോളേജിൽ ചേർന്നു പഠിക്കാൻ തീരുമാനിച്ചു. കാലക്രമത്തിൽ പ്രിൻസിപ്പലും, ഓർത്തഡോക്സുകാരായ ഈ യുവ വിദ്യാർത്ഥികളും തമ്മിലുള്ള സൗഹൃദവും കൂട്ടായ്മയും വളർന്നുവന്നു. അങ്ങനെ തങ്ങളുടെ മനസ്സിലുണ്ടായിരുന്ന മിഷനെക്കുറിച്ചുള്ള ആഗ്രഹങ്ങളും ഭാവനകളും ബിഷപ്പിന്റെ മുമ്പിൽ അവതരിപ്പിച്ചു. ദൈവവേലയിലും മിഷൻ പ്രവർത്തനത്തിലും താല്പര്യമുണ്ടായിരുന്ന ബിഷപ്പും തന്റെ പത്നി ക്ലാരാ വാൽഷും തങ്ങളുടെ സ്ഥാനമാനങ്ങളെല്ലാം ഉപേക്ഷിച്ച് ഈ യുവജനങ്ങളോടൊത്ത് പ്രവർത്തിക്കാൻ സന്നദ്ധയായി മുന്നോട്ടു വന്നു. തന്റെ പ്രിൻസിപ്പൽ ഭരണകാലത്ത് വിദ്യാർത്ഥികളുടെ സ്നേഹാദരങ്ങൾ ആർജ്ജിച്ചിരുന്ന ബിഷപ്പിനെ വിദ്യാർത്ഥികൾ സ്നേഹപൂർവ്വം പപ്പ എന്നും മിസ്സിസ് വാൽഷിനെ മമ്മി എന്നും വിളിച്ചു.

മിഷൻ പ്രവർത്തനത്തിനു പറ്റിയ ഒരു സ്ഥലം തിരഞ്ഞെടുക്കുന്നതിനുവേണ്ടി ബിഷപ്പും പത്നിയും ഫാ. കെ.സി വർഗ്ഗീസും വ്യവസായ നഗരമായി വളർന്നുകൊണ്ടിരുന്ന കോയമ്പത്തൂരിലേക്കുപോയി. അവിടെ വച്ച് മലങ്കരസഭയുടെ ബാഹ്യകേരള ഭദ്രാസനത്തിലെ ആദ്യത്തെ മെത്രാപ്പോലീത്ത ആയിരുന്ന ഭാഗ്യസ്മരണാർഹനായ അലക്സിയോസ് മാർ തെവോദോസിയോസ് തിരുമേനിയോട് ചേർന്ന് നഗരപ്രാന്തത്തിലുള്ള പല സ്ഥലങ്ങളും സന്ദർശിച്ചു. അങ്ങനെ കോയമ്പത്തൂരിൽ നിന്നും 21 കി.മി ദൂരത്ത് സ്ഥിതിചെയ്യുന്ന ആദിവാസികൾ താമസിച്ചുകൊണ്ടിരുന്ന തടാകം ഗ്രാമത്തിൽ അഞ്ചേക്കർ സ്ഥലം വാങ്ങി. ബിഷപ്പ് വാൽഷിന് ബിഷപ്സ് കോളേജിൽ നിന്നുള്ള യാത്രയയപ്പു വേളയിൽ സ്നേഹസമ്മാനമായി കൊടുത്ത തുകയാണ് സ്ഥലം വാങ്ങുന്നതിനായി ഉപയോഗിച്ചത്. അങ്ങനെ ഈ മൂവർ സംഘം തടാകം ഗ്രാമത്തിലെ ഒരു സത്രത്തിൽ (വഴിയമ്പലം) താമസമായി. അവിടെ നിന്നുള്ള പ്രവർത്തനഫലമായി 1936 ജൂലൈ 15 ന് ക്രിസ്തുശിഷ്യ ആശ്രമം (തടാകം ആശ്രമം) രൂപം കൊണ്ടു. വിവാഹിതർക്കും അവിവാഹിതർക്കും ഒരുപോലെ പ്രവർത്തിക്കുവാൻ തക്കവണ്ണമാണ് ഇതിന്റെ പ്രവർത്തനങ്ങൾ സജ്ജീകരിച്ചത്. ഈ പരിശുദ്ധ പിതാവ് ആശ്രമത്തിലെ ഒരു ആത്മീയ ഗുരുവായിരുന്നതുകൊണ്ട് ഇതിന്റെ പൂർണ്ണാധികാരവും മലങ്കര സഭയ്ക്കായി എഴുതികൊടുത്തു. കൂടാതെ തന്റെ പിതൃസ്വത്തായി അയർലണ്ടിലുണ്ടായിരുന്നതും, അദ്ദേഹത്തിന്റെ ശമ്പളം മുഴുവനും ഈ പ്രസ്ഥാനത്തിനായി ചിലവഴിക്കുകയും ചെയ്തു. ആശ്രമാംഗങ്ങളെ യേശുക്രിസ്തുവിന്റെ

യഥാർത്ഥ ശിഷ്യന്മാരാക്കുക, ദൈവരാജ്യത്തിന്റെ തത്വങ്ങൾ എല്ലാവിധത്തിലും അനുസരിച്ച് ജീവിച്ചുകൊണ്ട് മറ്റുള്ളവരെ ശിഷ്യരാക്കുക എന്ന ലക്ഷ്യത്തോടെ അവരുടെ പ്രവർത്തനമാരംഭിച്ചു. ആരാധനയെ കേന്ദ്രീകരിച്ചായിരുന്നു ആശ്രമാംഗങ്ങളുടെ ജീവിതം. പ്രവർത്തനത്തിൽ ആരാധന, പഠനം, സേവനം എന്നിവയ്ക്കു പ്രാധാന്യം നൽകി, വളരെ ലളിതമായും സന്തുഷ്ടമായും ജീവിച്ചുപോന്നു. ആശ്രമത്തിന്റെ ബാഹ്യമായ പ്രവർത്തനത്തെക്കാൾ ഉപരി ഗ്രാമീണരുടെ സാമൂഹികവും, സാമ്പത്തികവും, മതപരവുമായ പുനരുദ്ധാരണത്തെപ്പറ്റി ചിന്തിച്ച് അവരുടെ വികസനത്തിന് ആവശ്യമായ ഗതാഗതം, വാർത്താ വിനിമയം, വിദ്യാഭ്യാസം, ആരോഗ്യസേവനം തുടങ്ങിയ കാര്യങ്ങളിൽ ആശ്രമാംഗങ്ങൾ ശ്രദ്ധാലുക്കളായി. ഇവരുടെ പ്രവർത്തനം കണ്ട് സ്ത്രീകളടക്കം അനേകം ആളുകൾ ആശ്രമത്തിലെ താൽക്കാലിക അംഗത്വം സ്വീകരിച്ച് പ്രവർത്തനങ്ങളിൽ ഉത്സുകരായി.

ബിഷപ്പ് വാൽഷിനോടും മിസ്സിസ് വാൽഷിനോടുമൊന്നിച്ച് ഗ്രാമത്തിലെ രോഗികളെയും, ശിശുക്കളെയും, പ്രയാസത്തിലിരിക്കുന്നവരെയും സന്ദർശിക്കുകയും അവർക്ക് ഉപദേശങ്ങൾ നൽകുകയും അവരോടൊന്നിച്ച് പ്രാർത്ഥിക്കുകയും ചെയ്തുവന്നു. അവരുടെ വീടുകളിൽ വച്ചുതന്നെ ഗ്രാമീണ സ്ത്രീ കൾക്ക് ആരോഗ്യം, ശുചിത്വം, ശിശുസംരക്ഷണം എന്നിവയെപ്പറ്റി അറിവു പകർന്നു കൊടുക്കുന്നതിനും ഈ അവസരം അവർ ഉപയോഗിച്ചു.

തടാകം ഗ്രാമത്തിലെ പ്രവർത്തനങ്ങൾക്കു പുറമേ ആശ്രമാംഗങ്ങളുടെ ശ്രദ്ധ അവിടെനിന്നും 30 കി.മി. അകലെയുള്ള അട്ടപ്പാടിയിലേക്കും തെങ്കരയിലേക്കും തിരിഞ്ഞു. ഇടംകൈയ്യും വലംകൈയ്യും തിരിച്ചറിയാനാവാത്തവിധം പ്രാകൃതരീതിയിൽ ജീവിച്ചിരുന്ന ആദിവാസികളാണ് അട്ടപ്പാടിയിലു ണ്ടായിരുന്നത്. ഒരു ഗ്രാമത്തിൽ 25 കുടുംബങ്ങൾ എന്ന തോതിൽ നൂറിൽപരം ഗ്രാമങ്ങൾ. ആരുടെയും സഹായം എത്താതിരുന്ന ഇവരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനായി ബിഷപ്പ് വാൽഷും കൂട്ടരും വളരെയധികം ത്യാഗമനുഭവിച്ചു. അതോടൊപ്പം അട്ടപ്പാടിയിൽ നിന്നും 10 കി.മി അകലെയുള്ള തെങ്കരയിലും ആശ്രമത്തിന്റെ ഒരു ശാഖ വളർന്നുവരുന്നതിന് ഫാ. വി. സി. ഗീവർഗ്ഗീസിന്റെ നേതൃത്വത്തിൽ ത്യാഗോജ്ജ്വലമായ പ്രവർത്തനമാരംഭിച്ചു. ഇന്നും ആ ശാഖ വളരെ ശക്തമായി പ്രവർത്തിക്കുന്നു.

ബിഷപ് വാൽഷിന് സഭാവൃത്തങ്ങളിൽ വമ്പിച്ച മതിപ്പും സ്വാധീനവും ഉണ്ടായിരുന്നതിനാൽ ആശ്രമം ധ്യാന കേന്ദ്രങ്ങളുടേയും, ക്യാമ്പുകളുടേയും, കോൺഫറൻസുകളുടേയും ഒരു സിരാകേന്ദ്രമായി മാറി. അങ്ങനെ ആശ്രമങ്ങളുടെ ഇന്റർഫെലോഷിപ്പ് കോൺഫറൻസുകളിലും തടാകം ആശ്രമത്തിന് അംഗത്വം ലഭിച്ചു.

ഇന്ത്യയിൽ രോഗശാന്തി ശുശ്രൂഷ നടത്തിയ ചർച്ച് ഓഫ് ഇംഗ്ലണ്ടിലെ പ്രഥമ ബിഷപ്പാണ് പക്കൻ ഹാം വാൽഷ്.' നിങ്ങളിൽ ദീനമായി കിടക്കുന്നവൻ സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ അവൻ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണപൂശി അവനുവേണ്ടി പ്രാർത്ഥിക്കട്ടെ (യാക്കോബ് 5:14) ഈ വേദഭാഗത്തെ ആസ്പദമാക്കി കൊണ്ടുള്ള രോഗശാന്തി പ്രവർത്തനമായിരുന്നു ബിഷപ്പിന്റേത്. ബിഷപ്പ് ഏതൊരു രോഗിയേയും എണ്ണപൂശി തലയിൽ കൈവച്ച് പ്രാർത്ഥിക്കും. അതിനായി രോഗിയെ ഒരുക്കുന്നതോടൊപ്പം ശുശ്രൂഷക്കും ഒരുങ്ങുമായിരുന്നു. രോഗികളുടെ വൈദ്യനായ ക്രിസ്തുവിനാണ് ഇതിൽകൂടി പ്രാധാന്യം നൽകിയിരുന്നത്. ബിഷപ്പിനോട് ചേർന്ന് രോഗികളെ ശുശ്രൂഷിച്ചും അവർക്ക് സ്നേഹവാത്സല്യം ചൊരിഞ്ഞുകൊടുത്തുകൊണ്ടും മിസ്സിസ് വാൽഷും ആ ദൈവീക പദ്ധതിയിൽ പങ്കുചേർന്നു. ത്യാഗത്തിന്റെ പ്രതിരൂപമായിരുന്ന ആ മെലിഞ്ഞ ശരീരത്തിൽ വലിയ കഴിവും അസാമാന്യ ബുദ്ധിയും അതിശ്രേഷ്ഠ സ്വഭാവവും ഇച്ഛാശക്തിയും ഭരണപരമായ സാമർത്ഥ്യവും കൊണ്ട് അനുഗ്രഹിക്കപ്പെട്ട ഒരു ധന്യ വനിതാ രത്നമായിരുന്നു മമ്മി. ഉന്നതമായ സന്യാസ ജീവിതാദർശത്തെ മുറുകെ പിടിച്ചിരുന്ന മമ്മി ലളിത ജീവിതത്തിന്റെയും സ്വയം ത്യാഗസേവനത്തിന്റെയും മൂർത്തീകരണവുമായിരുന്നു.

മലങ്കര ഓർത്തഡോക്സ് സഭയ്ക്കുവേണ്ടി തന്റെ ഭർത്താവിനെപ്പോലെ സ്വയം പ്രതിഷ്ഠിച്ച മമ്മി ഓർത്തഡോക്സ് സഭയ്ക്കു മാത്രമല്ല മറ്റുസഭകൾക്കും ഒരു വെല്ലുവിളിയായി തുടരുകയാണ്. കണ്ടിട്ടുള്ള ആർക്കും തന്നെ മമ്മിയുടെ ലാളിത്യത്തിന്റെ സമ്പന്നമായ സൗന്ദര്യവും, പ്രതിഷ്ഠാ ജീവിതത്തിന്റെ ജ്വലിക്കുന്ന തീനാളവും, വിശുദ്ധിയുടെ കണ്ണഞ്ചിക്കുന്ന തിളക്കവും ഒരിക്കലും വിസ്മരിക്കാനാവില്ല.

അനേകം രോഗികളെ സൗഖ്യമാക്കിയിട്ടുള്ള ബിഷപ്പ് വാൽഷ് തന്റെ വാർദ്ധക്യകാലരോഗങ്ങളെയെല്ലാം നേരിടുവാൻ തക്കവണ്ണം പ്രാർത്ഥിക്കുന്നതോടൊപ്പം തന്റെ ചുറ്റുമുള്ള രോഗികളെ ദൈവ സന്നിധിയിൽ സമർപ്പിക്കുകയും ചെയ്തു. രോഗികളുടെ മദ്ധ്യസ്ഥനും ആത്മീയവഴികാട്ടിയും ആയ ഈ പുണ്യപിതാവ് തന്റെ ഭൗമീക ലോകത്തിൽ നിന്നും ദൈവത്തിന്റെ അടുക്കലേക്ക് യാത്രയാകുവാൻ വെമ്പൽകൊണ്ടു. അങ്ങനെ 1959 ജനുവരി 9 ന് ദൈവസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ആശ്രമചാപ്പലിന്റെ വലതുവശം ചേർന്നുള്ള കല്ലറയിൽ അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം അവിടുത്തെ

സാധാരണക്കാരെ പ്പോലെ പായിൽ പൊതിഞ്ഞ് അടക്കം ചെയ്തു. മൂന്നുവർഷത്തിനുശേഷം ത്യാഗത്തിന്റെ പ്രതിരൂപമായിരുന്ന മിസ്സിസ് ക്ലാര വാൽഷും ഈ ലോകത്തിൽ നിന്നും യാത്രയായി തന്റെ പ്രിയഭർത്താവിനോടൊരുമിച്ച് കർത്താവിന്റെ സന്നിധിയിലേക്ക് ചേർക്കപ്പെട്ടു. നിത്യതയിലേയ്ക്കു പ്രവേശിച്ച ഇരുവരുടേയും ആത്മാക്കൾ അവരുടെ എല്ലാമായിരുന്ന തടാകം ആശ്രമത്തിന്റേയും മലങ്കരസഭയുടേയും മീതെ സസന്തോഷം മാലാഖമാരെപ്പോലെ പറന്നു പരിവർത്തിക്കുന്നത് നമ്മുടെ നഗ്ന നേത്രങ്ങൾ കൊണ്ട് കാണാനാവില്ലെങ്കിലും അതൊരു യാഥാർത്ഥ്യമാണ്.

ബിഷപ്പിന്റെ കാലശേഷം ആശ്രമത്തെ മുന്നോട്ട് നയിച്ചത് അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനിയും ഫാ. കെ. സി. വർഗ്ഗീസും ഫീലിപ്പോസ് തോമസും (ഫീലിപ്പോസ് മാർ യൗസേബിയോസ്) ആയിരുന്നു. 1955-ൽ ബിഷപ്പിന്റെ പ്രവർത്തനങ്ങളിലും ആശ്രമ ജീവിതത്തിലും ആകൃഷ്ടനായ ഫീലിപ്പോസ് എന്ന യുവാവ് തന്റെ റെയിൽവേ ജോലി രാജിവച്ച് ആശ്രമത്തിൽ അംഗത്വം സ്വീകരിച്ചു. തുടർന്ന് തടാകം ആശ്രമത്തിന്റെ ആചാര്യനായും വിസിറ്റർ ബിഷപ്പായും ദീർഘകാലം സേവനമനുഷ്ഠിച്ചു. തിരുമേനിയുടെ വാക്കുകളിലൂടെ, സഭയുടെ അംഗമല്ലാതിരുന്നിട്ടും ഇത്രമാത്രം ത്യാഗബുദ്ധിയോടുകൂടി സേവനം ചെയ്ത വേറൊരു മനുഷ്യൻ ലോകത്തില്ല. അങ്ങനെയുള്ള ഒരു പിതാവ് മലങ്കരസഭയെ സ്നേഹിച്ചിട്ടും അദ്ദേഹത്തെ ക്കുറിച്ചുള്ള സ്മരണ നിലനിർത്തുവാൻ ഇന്നും ആർക്കും സാധിച്ചിട്ടില്ല എന്നത് ഭാഗ്യസ്മരണാർഹനായ ഈ പിതാവിന്റെ വേദനയായി ഇന്നും നിലനിൽക്കുന്നു.

ഒരു ക്രൈസ്തവാശ്രമമെന്ന നിലയിലുള്ള സാധാരണ ധർമ്മങ്ങൾക്കു പുറമെ തടാകത്തിന്റെ മുഖ്യ സേവന പ്രവർത്തനങ്ങളിലേക്കു തിരിഞ്ഞുനോക്കുമ്പോൾ ബിഷപ്പ് വാൽഷ് മെമ്മോറിയൽ മിഷൻ ആശുപത്രിയുടെ സ്ഥാപനവും വളർച്ചയും എടുത്തു പറയേണ്ടതുണ്ട്. രോഗശാന്തി വരമുണ്ടായിരുന്ന ബിഷപ്പ് ഹെർബർട്ട് പക്കൻ ഹാം വാൽഷ് ആശ്രമത്തിന്റെ ആരംഭം മുതലേ രോഗികൾക്കു വൈദ്യസഹായം ആവശ്യമാണെന്നു കരുതി ചെറിയ തോതിൽ ഡിസ്പൻസറികൾ ക്രമീകരിച്ചിരുന്നു. തടാകം ആശ്രമത്തിന്റെ ആദ്യകാലങ്ങളിൽ നേഴ്സിംഗ്, പ്രഥമ ശുശ്രൂഷ എന്നീ രംഗങ്ങളിലായിരുന്നു മിസ്സിസ് വാൽഷിന്റേയും സിസ്റ്റർമാരുടേയും നേതൃത്വത്തിൽ ആതുരസേവനം ആരംഭിച്ചത്. ഇന്ന് ഇത് 60 ബെഡോടുകൂടിയ നല്ലൊരു ഹോസ്പിറ്റൽ ആയി പ്രവർത്തിക്കുന്നു. അതോടൊപ്പം വാൽഷ് മെമ്മോറിയൽ മിഷൻ സ്കൂളും, മാർ തെയോഫിലോസ് പാലിയേറ്റീവ് കെയർ യൂണിറ്റും ഇന്ന് തടാകത്തിന്റെ പ്രവർത്തന മേഖലയിൽ പെടുന്നു. കൂടാതെ ഇന്റർഫെലോഷിപ്പ് അംഗത്വമുള്ള തടാകം ആശ്രമത്തിന് വെല്ലൂർ സി.എം.സി. യിലേക്ക് MBBS - MD, പാരാമെഡിക്കൽ അടക്കം വിവിധ കോഴ്സുകളിലേക്ക് കുട്ടികളെ സ്പോൺസറിങ് ചെയ്യുന്നതിന് സാധിക്കുന്നു. അതും ഈ പ്രസ്ഥാനം വഴി മലങ്കര സഭയ്ക്ക് ലഭിച്ച മുതൽ കൂട്ടാണ്. ഇനിയും ദീർഘ വീക്ഷണത്തോടെ മലങ്കരസഭയുടെ മിഷൻ പ്രവർത്തനത്തിന് നാന്ദികുറിച്ചിടം ശൂന്യവൽക്കരിക്കപ്പെടാതിരിക്കാൻ നമുക്കു ശ്രദ്ധിക്കാം.

സഭയിലെ ആതുര സേവനരംഗത്തും വിദ്യാഭ്യാസ മേഖലയിലും പ്രവർത്തിക്കാൻ സേവന മനോഭാവ മുള്ള വിശ്വാസികൾ വരുവാനുള്ള മനസ്സ് കാണിക്കുകയും പരിശുദ്ധ സഭ ഈ കാര്യത്തിൽ മുൻകൈ എടുക്കുകയും ചെയ്താൽ ഈ ആശ്രമം മലമേൽ ശോഭിക്കുന്ന വിളക്കു പോലെ പ്രകാശം പരത്തുവാനും ശക്തമായ ഒരു വളർച്ചയുടെ പാതയിലേയ്ക്ക് ഉയരുവാനും സാധിക്കും എന്നതിൽ തർക്കമില്ല.

മലങ്കര സഭയ്ക്കുവേണ്ടി തങ്ങളെത്തന്നെ സ്വയം സമർപ്പിക്കുകയും തടാകം ക്രിസ്തുശിഷ്യാശ്രമ സ്ഥാപനത്തിലൂടെയും മറ്റും സഭയുടെ സുവിശേഷ - സേവ - മിഷൻ പ്രവർത്തനങ്ങളിലെ ചുമതലകളിലേയ്ക്ക് വിരൽ ചൂണ്ടുകയും എക്യുമെനിക്കൽ പ്രസ്ഥാനത്തിലൂടെ സഭയിലും സമൂഹത്തിലും സമാധാനത്തിനു വേണ്ടി പ്രവർത്തിക്കുകയും ചെയ്ത ബിഷപ്പ് ഹെർബർട്ട് പക്കൻ ഹാം വാൽഷിന്റേയും മിസ്സിസ് ക്ലാരാ വാൽഷിന്റേയും ത്യാഗനിർഭരമായ ജീവിതം നമുക്ക് ഒരു മാതൃകയാണ്.

അവരുടെ നിസ്സ്വാർത്ഥ സേവനത്തിന്റെ ആഴവും പരപ്പും മലങ്കര സഭാമക്കൾക്കു വേണ്ട വിധത്തിൽ അറിയുന്നതിനും മനസ്സിലാക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനും സാധിച്ചില്ല എന്നത് ഒരു വസ്തുതയാണ്. മാർ തെയോഫിലോസ് തിരുമേനി തടാകം ആശ്രമത്തിൽ കബർ അടങ്ങാനുള്ള തീരുമാനമെടുക്കാൻ ഉണ്ടായ സാഹചര്യം ഫീലിപ്പോസ് മാർ യൗസേബിയോസ് തിരുമേനിയുടെ കാലഘട്ടത്തിലാണ് എം. സി. ചെറിയാൻ അച്ചൻ തടാകം ആശ്രമവുമായി ബന്ധം തുടങ്ങുന്നത്. പിന്നീട് പരിശുദ്ധ സഭയിൽ സഖറിയാസ് മാർ തെയോഫിലോസ് തിരുമേനി ആയി ഉയർത്തപ്പെട്ടു. യൗസേബിയോസ് തിരുമേനി കാലം ചെയ്തതിനുശേഷം 2010 മുതൽ സഖറിയാസ് മാർ തെയോഫിലോസ് തിരുമേനി ആയിരുന്നു തടാകം ആശ്രമത്തിന്റെ വിസിറ്റിംഗ് ബിഷപ്പ്. ആ സമയങ്ങളിൽ ഞാനും തിരുമേനിയുമായി ഉള്ള വ്യക്തിപരമായ സംഭാഷണത്തിൽ തിരുമേനി ഒരു

കാര്യം പറഞ്ഞു. അച്ചാ ഞാൻ ഇവിടെ (തടാകം ആശ്രമം) അന്ത്യവിശ്രമം കൊള്ളണം എന്ന് ആഗ്രഹിക്കുന്നു. അതിനൊരു കാരണം തിരുമേനി പറഞ്ഞത് ബിഷപ്പ് ഹെർബർട്ട് പക്കൻ ഹാം-വാൽഷ് (പപ്പ) നെയും അദ്ദേഹത്തിന്റെ പത്നി ക്ലാര പക്കൻ ഹാം വാൽഷ് (മമ്മി) നെയും പരിശുദ്ധ സഭയിലെ ജനങ്ങൾക്കോ പൊതുസമൂഹത്തിനോ അധികം അറിയാൻ സാധിച്ചിട്ടില്ല. ഞാൻ ഇവിടെ അന്ത്യവിശ്രമം കൊണ്ടാൽ ഞാനുമായി ബന്ധമുള്ളവരും, എന്റെ സ്നേഹിതരും ഈ സ്ഥലത്തേക്ക് കടന്നു വരും. അതിലൂടെ പപ്പായെയും, മമ്മിയെയും സഭാ വിശ്വാസികളും പൊതുസമൂഹവും അടുത്തറിയുവാൻ ഇടയാകും. ഈയൊരു ഉദ്ദേശം കൊണ്ടാണ് അഭിവന്ദ്യ തിരുമേനി തടാകം ആശ്രമത്തിൽ കബർ അടങ്ങാൻ തീരുമാനമെടുത്ത് അന്ത്യവിശ്രമം കൊള്ളുന്നത്. എന്നാൽ ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ സഖറിയാസ് മാർ തെയോഫിലോസ് പിതാവിന്റെ മനസ്സിലെ ആഗ്രഹം പൂർത്തീകരിക്കാൻ ശ്രമിച്ചിട്ടുണ്ടോ എന്നുള്ളത് നാം ഓരോരുത്തരും ആത്മപരിശോധന ചെയ്യേണ്ട കാര്യമാണ്. ഹെർബർട്ട് പക്കൻ ഹാം-വാൽഷ് എന്ന പിതാവ് നമ്മുടെ ഓർത്തഡോക്സ് സഭയ്ക്ക് ഈ ഒരു പ്രസ്ഥാനം തന്നില്ലായിരുന്നുവെങ്കിൽ കേരളത്തിന് പുറത്ത് ഇങ്ങനെയൊരു ആശ്രമ പ്രസ്ഥാനം സഭയ്ക്ക് ഉണ്ടാകുമായിരുന്നോ എന്നുള്ള കാര്യം ചിന്തിക്കുന്നത് നല്ലതാണ്. ഇത്രയും വർഷം കഴിഞ്ഞിട്ടും തടാകം ആശ്രമം തുടക്കം കുറിച്ച സ്ഥാപകൻ ബിഷപ്പ് പക്കൻ ഹാം-വാൽഷാണ് എന്ന് അറിയുവാൻ ശ്രമിച്ചിട്ടില്ല എന്നുള്ളത് പച്ചയായ സത്യം ആണ്.



ഭാഗ്യസ്മരണാർഹനായ യൗസേബിയോസ് തിരുമേനി (1962 മുതൽ 2008 വരെ) മലങ്കര സഭയിൽ എവിടെപ്പോയാലും തടാകം ആശ്രമം എന്റെ സ്വപ്ന ഭൂമി എന്ന് ആശ്രമത്തെപ്പറ്റി കൃത്യമായി പറയുമായിരുന്നു. അവിടുത്തെ അംഗമായി ജീവിച്ച ഭാഗ്യസ്മരണാർഹനായ യൗസേബിയോസ് തിരുമേനിയുടെയും, തടാകം ആശ്രമത്തിൽ അന്ത്യവിശ്രമം കൊള്ളുന്ന ഭാഗ്യസ്മരണാർഹനായ സഖറിയാസ് മാർ തെയോഫിലോസ് തിരുമേനിയുടെയും ആഗ്രഹങ്ങളും പൂർത്തീകരിക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ടോ എന്ന് സഭാമക്കൾ ആത്മപരിശോധന ചെയ്യേണ്ടത് അനിവാര്യമാണ്. സഭയിൽ ജീവിച്ചിരുന്ന ഭാഗ്യസ്മരണാർഹനായ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി ആണ് ഈ പിതാവിന്റെ സംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയത്. താനുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു രാജ്യത്തിലേക്ക് കടന്നുവന്ന് മിഷൻ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ഒരു ബന്ധവുമില്ലാത്ത മറ്റൊരു സഭയ്ക്ക് തന്റെ സകല സമ്പത്തും, തുടങ്ങിവച്ച പ്രസ്ഥാനവും, ജീവിതവും, ജീവനും പൂർണ്ണമായി നൽകി ദൈവീക വെളിച്ചത്തിന് പുതിയ പാത ഒരുക്കുകയും ചെയ്ത ബിഷപ്പ് പക്കൻ ഹാം വാൽഷ് എന്ന പിതാവിന്റെ അറുപത്തിനാലാം ഓർമ്മയിലേക്ക് കടക്കുമ്പോൾ സഭയിലെ അംഗങ്ങൾ ആയിരിക്കുന്ന നാമോരോരുത്തരും ഈ പിതാവിന് വേണ്ട കരുതലും സ്നേഹവും പ്രാധാന്യവും കൊടുത്തിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടതാണ്. 'നിങ്ങളെ വഴി നടത്തിയവരെ പ്രാർത്ഥനകളിൽ ഓർത്തു കൊള്ളുക എന്നുള്ള ആ വാക്കുകൾ വലിയ ഒരു ആഹ്വാനമായി നമ്മുടെ മുന്നിൽ ഇന്നും നിൽക്കുന്നു.

86-ാം വർഷത്തിൽ എത്തിനിൽക്കുന്ന തടാകം ആശ്രമം മലങ്കര സഭയ്ക്കു ഒരു സ്വത്തും അതേ സമയം ഒരു വെല്ലുവിളിയുമാണ്. സഭയുടെ നവോത്ഥാനം ആശ്രമങ്ങളിലൂടെ പ്രാവർത്തികമാക്കുന്നതിനുള്ള ഭാവനയും ദർശനവും സഭ നേടേണ്ടിയിരിക്കുന്നു എന്ന ഈ ആത്മീയ ഗുരുവിന്റെ വാക്കുകൾ യാഥാർത്ഥ്യമാക്കുവാൻ നമുക്കു സാധിക്കുമോ?

ബിഷപ്പ് വാൽഷിന്റെ 64-ാം ഓർമ്മപ്പെരുന്നാൾ കൊണ്ടാടുന്ന വേളയിൽ ഈ പ്രാർത്ഥനാ ഗുരുവിന്റെ ആഗ്രഹങ്ങൾ യാഥാർത്ഥ്യമാക്കുവാൻ പരിശുദ്ധ പിതാവിന്റെ മദ്ധ്യസ്ഥതയിൽ നമുക്കും അഭയം പ്രാപിക്കാം.

ഫാ. ജോബ് സാം മാത്യു കൊടുമൺ
(ഓഫീസ് അഡ്മിനിസ്ട്രേറ്റർ, OSSAE)

# പെസഹാ പെരുന്നാൾ

## പുതിയ നിയമ പശ്ചാത്തലത്തിൽ

(തുടർച്ച)



"നമുക്കുവേണ്ടി മരണമനുഭവിക്കുവാനും സന്ധ്യാസമയത്തുള്ള പെസഹാ നിറവേറ്റുവാനുമായി നമ്മുടെ കർത്താവിന് തിരുവിഷ്ടം തോന്നിയപ്പോൾ..." എന്നാണ് മാർ പത്രോസിന്റെ അനാഫോറയിലെ സ്ഥാപന വചനങ്ങൾ (Words of Institution) ആരംഭിക്കുന്നത്. ഹാശാ ആഴ്ചയിലെ വ്യാഴം രാത്രി ഒന്നാം കൗമായിലെ പ്രുമിയോൻ ആരംഭിക്കുന്നത് "സകല പെസഹാകളും തന്നെ രൂപീകരിക്കുകയും സകല പെരുന്നാളുകളും തന്നെ രൂപീകരിക്കുകയും സകല പെരുന്നാളുകളും തന്നെ ദൃഷ്ടാന്തീകരിക്കുകയും സകല രഹസ്യങ്ങളും തന്നെ രേഖപ്പെടുത്തുകയും സകല ഉത്സവങ്ങളും തന്നെ പുകഴ്ത്തുകയും" എന്നാണ്. പൗരസ്ത്യ ഓർത്തഡോക്സ് സഭയുടെ ആരാധനാ ക്രമങ്ങളിൽ പെസഹാപെരുന്നാളും യേശുക്രിസ്തുവും തമ്മിലുള്ള സവിശേഷമായ ബന്ധവും പെസഹാപെരുന്നാളിന്റെ പുതിയ നിയമ സാംഗത്യവും സുവ്യക്തമായി വിവരിച്ചിട്ടുണ്ട്. ഈ വിഷയമാണ് കഴിഞ്ഞ ലക്കത്തിലെ ലേഖനത്തിന്റെ തുടർച്ചയായി ഇവിടെ ചർച്ച ചെയ്യുന്നത്.

**യേശുക്രിസ്തുവും പെസഹാപെരുന്നാളും**

വി. യോഹന്നാൻ രേഖപ്പെടുത്തിയ സുവിശേഷത്തിന്റെ അടിസ്ഥാനത്തിൽ യേശുക്രിസ്തു മൂന്ന് പെസഹാ പെരുന്നാളിൽ പങ്കെടുത്തതായി കണക്കാക്കാം (യോഹ. 2:13, 6:4, 11:55). പരസ്യ ശുശ്രൂഷയുടെ അന്ത്യത്തിൽ യെറുശലേമിലേക്ക് അവൻ ചെന്നു. അവിടെ പെസഹാപെരുന്നാളിൽ പങ്കെടുക്കാൻ പലദേശങ്ങളിൽ നിന്നും വന്നിരുന്ന ജനങ്ങൾ യേശുവിനെ ആരവത്തോടെ സ്വീകരിച്ചു (യോഹ. 12:12-13). അവർ സങ്കീർത്തനശകലം ആലപിച്ചു. (സങ്കീ. 118:26, യോഹ. 12:13)

പെസഹാ പെരുന്നാളുമായി ബന്ധപ്പെട്ട് യഹൂദരുടെ ഉള്ളിൽ ഉണ്ടാകുന്ന മാനസിക-ആത്മീയ മാറ്റങ്ങളെ സംബന്ധിച്ച് റോമൻ ഭരണകൂടം കൃത്യമായ ധാരണയുള്ളവരായിരുന്നു. അനേകലക്ഷം യഹൂദന്മാർ പ്രാർത്ഥനാമന്ത്രണങ്ങളോടൊപ്പം ചരിത്രത്തിലെ ദീപ്തമായ സന്ദർഭത്തിലേക്ക് സ്വയം ആഴ്ന്നിറങ്ങുമ്പോൾ വിമോചകനുവേണ്ടിയുള്ള ആഗ്രഹം അവർക്കുണ്ടാകും. അത് കടുത്ത റോമൻ വിദ്വേഷത്തിനും കലഹത്തിനും വഴിമരുന്നിടും; അടിച്ചമർത്തപ്പെട്ടവരുടെ ആവേശത്തെ ചൂഷണം ചെയ്യാൻ തല്പര കക്ഷികൾ എഴുന്നേൽക്കും എന്ന ബോധ്യം അവർക്കുണ്ട്. അതിനാൽ യെറുശലേം ദേവാലയത്തിന്റെ എല്ലായിടത്തും യെറുശലേം നഗരത്തിലും സായുധസൈന്യം നിലയുറപ്പിക്കുമായിരുന്നു എന്ന് ചരിത്രകാരനായ ജോസീസ് രേഖപ്പെടുത്തുന്നു

(Jewish Wars). ഇപ്രകാരം സമ്മിശ്രമായ വികാര വിചാരങ്ങളും പദ്ധതികളും മൂടി നിൽക്കുന്ന സന്ദർഭത്തിലാണ് യേശു പെസഹാ ആചരിക്കുന്നത്.

പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ ആയപ്പോൾ പെസഹാ ഒരുക്കുന്നതിന് ശിഷ്യന്മാരായ പത്രോസിനെയും യോഹന്നാനെയും യേശു അയച്ചു (ലൂക്കാ. 22:7-8). അവർ വിരിച്ചൊരുക്കിയ വന്മാളികയിൽ പെസഹാചരണത്തിനുള്ള ക്രമീകരണങ്ങൾ യേശു നിർദ്ദേശിച്ചതനുസരിച്ച് ചെയ്തു (ലൂക്കാ. 12:1). മർക്കോസിന്റെ ഈ മാളികയിലാണ് ആദിമ ക്രിസ്തീയ സമൂഹം ആരാധനയ്ക്കും പരിശുദ്ധാത്മാ നിറവിനുമായി ഒത്തുചേർന്നത് (അപ്പൊ. 1:13-14). പെസഹായുടെയും പുളിപ്പില്ലാത്ത അപ്പത്തിന്റെയും (Matzot) ക്രമീകരണങ്ങൾ യേശുവിന്റെ അന്ത്യഅത്താഴവേളയിൽ ചേർന്നു വരുന്നതായി നമുക്ക് കാണാം (മർക്കോ. 14:1, മത്തായി 26:17-19).

"പെസഹാക്കുഞ്ഞാടിനെ അറക്കുന്നതായ പുളിപ്പില്ലാത്ത അപ്പത്തിന്റെ ഒന്നാം നാളിലാണ്" യേശു ശിഷ്യന്മാരെ അയയ്ക്കുന്നതെന്നും (മർക്കോ. 14:12). ശിഷ്യന്മാർ യേശുവിന് പെസഹാ ഒരുക്കി (മർക്കോ. 14:16) എന്നും മർക്കോസിന്റെ സുവിശേഷത്തിലുണ്ട്. ഇത് വ്യക്തമാക്കുന്നത് സമവീക്ഷണ (synoptic) സുവിശേഷങ്ങളിൽ യേശുവിന്റെ പെസഹാ, പീഡാസഹനം, കുരിശ്മരണം എന്നിവയുടെ ചിത്രീകരണത്തിലെ ഐക്യതയാണ്. സമവീക്ഷണ സുവിശേഷങ്ങളുടെ അടിസ്ഥാനത്തിൽ യേശുവിന്റെ അറസ്റ്റ്, ന്യായവിസ്താരം, കുരിശ് മരണം, കബറടക്കം എന്നിവ നടന്നത് പെസഹാപെരുന്നാളിന്റെ ഒന്നാം ദിവസമായി നീസാൻ 15 നാണ്.

വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ യേശു അന്ത്യ അത്താഴവും ശിഷ്യന്മാരുടെ കാലുകൾ കഴുകിയതും വിനയത്തിന്റെയും ലാളിത്യത്തിന്റെയും ശുശ്രൂഷയുടെയും അതുല്യമായ പാഠം പഠിപ്പിക്കുന്നതും പെസഹാ പെരുന്നാളിന് തൊട്ടുമുമ്പാണ് (യോഹ. 13:1). യേശുവിന്റെ ന്യായവിസ്താരം നടക്കുന്നത് പെസഹായ്ക്ക് മുമ്പാണ്. "തങ്ങൾ അശുദ്ധരാകാതെ പെസഹാ കഴിപ്പാൻതക്കവണ്ണം "സൈനികരോടൊപ്പം വന്ന യഹൂദന്മാർ കയ്യാഫാവിന്റെ ആസ്ഥാനത്തിൽ കടന്നില്ല (യോഹ. 18:28) എന്ന പരാമർശം ശ്രദ്ധിക്കുക. "പെസഹായുടെ ഒരുക്കനാൾ" അതായത് പെസഹാ കുഞ്ഞാടിനെ അറക്കുന്ന നീസാൻ 14 നാണ്. യേശുവിന്റെ കുരിശുമരണം നടന്നതെന്ന് വി.യോഹന്നാന്റെ സുവിശേഷത്തിൽ ചിത്രീകരിക്കുന്നു (യോഹ. 19:14). അതായത് യഹൂദന്മാർ പെസഹാ ഭക്ഷിക്കുന്നതിന് മുമ്പ് (day of preperation). അന്ത്യഅത്താഴവും കാലുകഴുകലും നടന്നത് നീസാൻ 13 നും. യേശുക്രിസ്തുവിനെ അവസാനത്തെ പെസഹായാഗമായി (Jesus as final passover sacrifice) ചിത്രീകരിക്കുകയാണ് യോഹന്നാൻ ശ്ലീഹ ചെയ്തത്.

യേശുവിനെ 'കുരിശിൽ തറച്ച് കൊന്നത്' പെസഹാ സന്ധ്യയ്ക്കാണ് എന്ന് ബാബിലോനിൽ രൂപപ്പെട്ട യഹൂദ തൽമൂദിൽ (Babyldruan Talmud, AD 200) രേഖപ്പെടുത്തുന്നുണ്ട്. സമവീക്ഷണ സുവിശേഷങ്ങളിലെയും വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിലെയും തീയതികളിൽ വ്യത്യാസം ഉണ്ട്. എന്നാൽ ഇത് വേദശാസ്ത്ര വീക്ഷണങ്ങളിലെ വൈവിദ്ധ്യമായിട്ടാണ് പണ്ഡിതലോകം പരിഗണിക്കുന്നത്. നമ്മുടെ ആരാധനാ ക്രമങ്ങളിൽ തീയതികളിലെ വ്യത്യാസങ്ങൾക്ക് പരിഗണന നൽകാതെ, വേദശാസ്ത്ര വീക്ഷണങ്ങൾ സമന്വയിപ്പിക്കുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്. പൊതുവിൽ നാലു സുവിശേഷങ്ങളും യേശുക്രിസ്തുവിന്റെ വിമോചനകരവും രക്ഷാകരവുമായ കുരിശുമരണത്തെ പെസഹാ പെരുന്നാളുമായി ബന്ധിപ്പിക്കുന്നുണ്ട്.

**പെസഹാ കുഞ്ഞാടായ യേശുക്രിസ്തു**

യേശുവിനെ കണ്ട യോഹന്നാൻ സ്നാപകൻ പറയുന്നത് "ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്നാണ്. (യോഹ. 1:29). ഇവിടെ പഴയനിയമ പെസഹാ കുഞ്ഞാട് എന്ന പ്രതീകം ഓർമ്മയിലെക്കെത്തുന്നു. അത് ഊനമില്ലാത്തവും ദൈവമുമ്പാകെ കാഴ്ചയായി സമർപ്പിക്കപ്പെടുന്നതുമാണ്. പൗലോസ് ശ്ലീഹാ ഇപ്രകാരം പറയുന്നു; "നമ്മുടെ പെസഹാകുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു; ക്രിസ്തു തന്നെ (1 കൊരി. 5:...) പത്രോസ് ശ്ലീഹാ എഴുതുന്നു; "ക്രിസ്തു എന്ന നിർദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ?" (1 പത്രോസ് 1:19).

വെളിപ്പാട് പുസ്തകത്തിൽ "അറുക്കപ്പെട്ട കുഞ്ഞാടി"നെക്കുറിച്ചുള്ള വിവരണം ആവർത്തിക്കുന്നുണ്ട് (വെളി 5:6, 12, 13:8). ഈ കുഞ്ഞാട് "നിത്യാത്മാവിനാൽ ദൈവത്തിനു തന്നെത്താൻ നിഷ്കളങ്കമായി" അർപ്പിക്കപ്പെട്ട യേശുക്രിസ്തുവാണ് (എബ്രാ. 9:14). യഹൂദാ പാരമ്പര്യത്തിൽ യിസഹാക്കിനെ ബലിയർപ്പിക്കാനായി കൊണ്ടുപോയത് ഒരു പെസഹാവേളയിലാണ് എന്ന് ചിന്തയുണ്ട്. യിസഹാക്കിന്റെ അനുസരണത്തെ യേശുവിന്റെ കുരിശുമരണത്തിലെ അനുസരണത്തോട് സാമ്യപ്പെടുത്തുന്നതും ഹാശാ വ്യാഴത്തിലെ ഗീതങ്ങളിലുണ്ട്.

**"തന്മ നിറഞ്ഞോൻ സ്വയമേൽപ്പിച്ചു**
**ഇസഹാക്കിൻ മുൻ കുറി നിറവേറി.**
**(ഹാശാ വ്യാഴം സൂത്താറ)**

യേശു "തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ

മരണത്തോളം, അനുസരണമുള്ളവനായി തീർന്നു" എന്ന് ക്രിസ്തുശാസ്ത്ര ഗീതത്തിലൂടെ (christological hymn) പൗലോസ് ശ്ലീഹാ വിവരിക്കുന്നു (ഫിലി. 2:8). 'നമ്മുടെ രക്ഷകനായ ക്രിസ്തുയേശുവിന്റെ മേൽ അടിച്ചേൽപ്പിച്ചതല്ല കുരിശുമരണം; മറിച്ച് അവൻ സ്വമേധാ ത്യാഗനിർഭരമായ യാഗത്തിന് ഒരുങ്ങുകയായിരുന്നു എന്ന് സ്വർണ്ണനാവുകാരനായ വി.ഈവാനിയോസ് വ്യാഖ്യാനിക്കുന്നുണ്ട്. "തന്നെത്താൻ താഴ്ത്തി വായ് തുറക്കാതിരുന്നിട്ടും അവൻ പീഢിപ്പിക്കപ്പെട്ടു, കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതെയിരിക്കുന്ന ആടിനെപ്പോലെയും അവൻ വായ് തുറക്കാതിരുന്നു". (യെശ. 53:7) എന്ന സഹനദാസ ഗീതത്തിലെ (Hymn of suffering servant sbi. 52, 53) പരാമർശം ഇവിടെ ചേർത്തുവായിക്കാം.

ഏഷ്യാ മൈനറിലെ സാർദീസ് പട്ടണത്തിലെ മെത്രാനായിരുന്ന മെലിത്തോസിന്റെ (Melito of Sardis) പെസഹാ പ്രസംഗം, 'പെസഹാ കുഞ്ഞാടായ യേശുക്രിസ്തു' എന്ന ആശയത്തെ പഴയ-പുതിയ നിയമങ്ങളുടെ ആശയസംയോജനം വഴി മനോഹരമായി ചിത്രീകരിക്കുന്നു. അതിലെ ചില പരാമർശങ്ങൾ ഇപ്രകാരമാണ്.

"പ്രവാചകന്മാർ പെസഹാരഹസ്യത്തെപ്പറ്റി അനേകം അത്ഭുതകാര്യങ്ങൾ പ്രസ്താവിച്ചിട്ടുണ്ട്. പെസഹാരഹസ്യം ക്രിസ്തുവാകുന്നു. അവന് എന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ശബ്ദമില്ലാത്ത കുഞ്ഞാട് ഇവനാകുന്നു. അറുക്കപ്പെട്ട കുഞ്ഞാട് ഇവനാകുന്നു. ഭംഗിയുള്ള പെണ്ണാടായ മറിയാമിൽ നിന്ന് പിറന്നവൻ ഇവൻ ആകുന്നു. ആലയിൽ നിന്ന് പിടിക്കപ്പെടുകയും വെട്ടുവാൻ വലിച്ചിഴയ്ക്കപ്പെടുകയും ചെയ്തവൻ ഇവനാകുന്നു. സന്ധ്യാസമയത്ത് അവൻ തകർക്കപ്പെട്ടു. രാത്രിയിൽ അവൻ അടക്കപ്പെട്ടു. സ്ലീബായിൽ വെച്ച് ഒടിക്കപ്പെടാതിരുന്നവൻ ഭൂമിക്കകത്ത് ജീർണ്ണിച്ചില്ല. കാരണം, അവൻ മരിച്ചവരിൽ നിന്നുയർത്ത് കല്ലറയുടെ ആഴത്തിൽ നിന്ന് മനുഷ്യനെ ഉയിർത്തെഴുന്നേൽപ്പിച്ചു.

**വിമോചനത്തിന്റെ അനുസ്മരണവും സാക്ഷാത്ക്കാരവും**

പഴയതിനോടുള്ള പൂർണ്ണമായ വിരക്തിയോ, അകലം പാലിക്കലോ വേദപുസ്തക ദർശനത്തിൽ, വിശേഷാൽ പഴയനിയമവും പുതിയനിയമവും തമ്മിലുള്ള ബന്ധത്തിന്റെ പശ്ചാത്തലത്തിൽ കാണാനാവുന്നില്ല. Recall (പുനരാഹ്വാനം, അനുസ്മരണം) എന്ന വാക്കാണ് ഇവിടെ സാംഗത്യമുള്ളത്. യേശുക്രിസ്തു നിർവഹിച്ച പെസഹാദൗത്യം എന്ന രഹസ്യം (mystery) ചരിത്രസംഭവങ്ങളുടെ ഓർത്തെടുക്കൽ മാത്രമല്ല, 'സർവ്വലോകത്തിനുമായി ദൈവം പ്രവർത്തിക്കുന്നു' എന്നതിനെ മറനീക്കി വെളിപ്പെടുത്തുകയുമാണ്. ഇവിടെ വിശ്വാസിയും യേശുക്രിസ്തുവും തമ്മിൽ സവിശേഷമായ ബന്ധമുണ്ട്. യഹൂദന്മാർക്ക് പെസഹാ ദൈവം യിസ്രായേല്യർക്ക് ചെയ്ത വിമോചനകരമായ മഹനീയ പ്രവൃത്തിയുടെ ഓർമ്മപുതുക്കലാണ്. എന്നാൽ ക്രിസ്ത്യാനിക്ക് "അന്ധകാരത്തിൽ നിന്നും തന്റെ അത്ഭുതപ്രകാശത്തിലേക്ക് വിളിച്ചവനോട് (1 പത്രോസ് 2:9) അഭേദ്യമായ ബന്ധമുണ്ട്. വിശുദ്ധ കുർബ്ബാനയും കൂദാശകളും ഓരോ ആരാധനാവേളകളും ക്രിസ്തു യേശുവിലൂടെ ലഭ്യമായ വിമോചനത്തെ അനുഭവിക്കുകയും അത് സകലരോടും പ്രഖ്യാപിക്കുകയും ചെയ്യുവാനുള്ള വേളകളാണ്.

ദൈവത്തിന്റെ വിമോചന ദൗത്യത്തിന്റെ പരിപൂർണ്ണത സാധ്യമായത് യേശുക്രിസ്തുവിലൂടെയാണ്. ഇത് രക്ഷയുടെ തുറമുഖത്തേക്കും സ്വർഗ്ഗീയ കനാനിലേക്കുള്ള രണ്ടാം പുറപ്പാടാണ്. ഈ പ്രകാശത്തോട് ചേർന്ന് നിൽക്കുവാൻ ഒരുക്കമോ താല്പര്യമോ കാണിക്കാത്തവർ ഖണ്ഡം വാങ്ങിയ ഉടനെ പുറത്ത ഇരുളാർന്ന രാത്രിയിലേക്ക് പോയ (യോഹ. 13:30) യൂദാ ഇസ്കരിയോത്തയുടെ പിൻഗാമികളാണ്. നാം പ്രാർത്ഥിക്കുന്നുണ്ട്; "അരിഷ്ടനായ യൂദാ അനുഭവിച്ച ആകാശരംഗത്തിൽ നിന്ന് ഞങ്ങളെ വീണ്ടുകൊള്ളണമേ. നീതിയുള്ള നിത്യശിക്ഷാവിധിയിൽ നിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ "ഹാശ വ്യാഴം രാത്രി സെദറാ). 'ഈ വിശുദ്ധ പെരുന്നാളിനെ ആചരിപ്പാൻ ഭക്തിപൂർവ്വം കടന്നുവരണം; തിന്മയോടും പിശാചിന്റെ അധികാരത്തോടും വിധേയത്വം പാടില്ല' എന്ന് മിലാനിലെ മെത്രാനായിരുന്ന ആംബ്രോസ് എഴുതി. സന്തോഷം, ഉത്സാഹം എന്നിവയോടെ പെസഹാ പെരുന്നാളിൽ സംബന്ധിക്കുന്നവർ സ്വർഗ്ഗീയ പെരുന്നാൾ അനുഭവത്തിൽ പങ്കുകാരാകും എന്ന് അലക്സാന്ത്രിയായിലെ വി. അത്താനാസ്യോസ് ഉപദേശിച്ചു. യേശുക്രിസ്തുവിലൂടെ ലഭ്യമായ സമഗ്ര വിമോചനത്തിന്റെ സന്തോഷവും ആത്മീയ പുരോഗതിയുമാണ് പുതിയ നിയമ പശ്ചാത്തലത്തിൽ പെസഹാ പെരുന്നാൾ പകരുന്നത്.

**ദൈവീക തെരഞ്ഞെടുപ്പും ഇടപെടലും ആവേശപൂർവ്വം ഉൾക്കൊള്ളുന്നു.**

യഹൂദന്മാരുടെ പ്രധാന പെരുന്നാളായ പെസഹായിൽ എല്ലാ ഭവനങ്ങളും വ്യക്തികളും ആത്മീയ തീക്ഷണതയോടെ പങ്കുചേരുന്നു. അവർ ഒന്നിച്ച് ആരാധിക്കുന്നു, സന്തോഷിക്കുന്നു, പഴമയുടെ സുഗന്ധം ആസ്വദിക്കുന്നു. പുതിയ പശ്ചാത്തലത്തിൽ സാത്താനും അവന്റെ സൈന്യങ്ങളും തോൽപ്പിക്കപ്പെട്ടു. ഇത് രക്ഷാകാലമാണ്. ദൈവവുമായി വ്യക്തിപരമായ ബന്ധം തടസ്സം കൂടാതെ സാധ്യമാണ്. പുതിയ ആകാശവും പുതിയ ഭൂമിയും എന്ന ശുഭപ്രതീക്ഷ

ശേഷം 24-ാം പേജിൽ




ജോർജ്ജ് വർഗ്ഗീസ്
(സീനിയർ കൗൺസിലർ & സൈക്യാട്രിക് സോഷ്യൽ വർക്കർ,
മാനസികാരോഗ്യ- ലഹരി ചികിത്സാ വിഭാഗം, പരുമല ആശുപത്രി)

# ലഹരി ആസക്തി സർവ്വ രോഗഹേതു ലഹരി രഹിത ദിനചര്യ ജയജീവിതം....

യുവാക്കളും കൗമാരപ്രായക്കാരായ കുട്ടികളും ഉൾപ്പെടെ എത്രപേർ ഇന്ന് മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ലഹരി വലയത്തിൽ കുരുങ്ങുന്നതിന്റെ വാർത്തകളാണ് ദിവസവും നമുക്കു മുന്നിൽ നിറയുന്നത്. മാനസീക സമ്മർദ്ദം കൈകാര്യം ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു മികച്ച മാർഗ്ഗമെന്ന നിലയിൽ പതിവായി ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നത് യഥാർത്ഥത്തിൽ വിപരീതഫലമാണ് സൃഷ്ടിക്കുന്നത്. ഇവ ഉപയോഗിച്ചതിനു ശേഷം അതിന്റെ സ്വാധീനം കഴിഞ്ഞാൽ വീണ്ടും അതേ സമ്മർദ്ദം നേരിടേണ്ടി വരും. അത് വീണ്ടും മയക്കുമരുന്ന് ഉപയോഗത്തിലേക്ക് നയിക്കും. അങ്ങനെ ഒരു ദൂഷിത ദോഷത്തിന്റെ വലയം സൃഷ്ടിക്കപ്പെടും.

ലഹരി വസ്തുക്കളുടെ ഉപയോഗം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കും. സാവധാനം അവ സുഹൃത്തുക്കളുമായും കുടുംബാംഗങ്ങളുമായും ഉള്ള ബന്ധങ്ങളെ ബാധിക്കും. ലഹരി വസ്തുക്കൾ അല്പനേരത്തേക്ക് നൽകുന്ന ആനന്ദം ക്ഷണികമാണെങ്കിലും അവയുടെ പാർശ്വഫലങ്ങളിൽ പലതും ബുദ്ധി, അവബോധം, ഓർമ്മശക്തി, സ്വയനിയന്ത്രണം എന്നിവയെ സാരമായി ബാധിക്കുന്നവയുമായിരിക്കും. ഏകാഗ്രത നഷ്ടം, പ്രശ്നപരിഹാരം തുടങ്ങിയ മാനസിക അവസ്ഥകൾ ലഹരി വസ്തുക്കളുടെ ദുരുപയോഗത്തിലൂടെ ലഭ്യമാകുന്ന പാർശ്വഫലങ്ങളാണ്.

ഒപ്പമുള്ളവരിലും ഒത്തുകൂടുന്നവരിലും ഇത്തരം അപകടസാദ്ധ്യതകൾ കണ്ടെത്തിയാൽ അവയ്ക്കെതിരെ ഭയപ്പെടാതെ ജാഗ്രതയോടെ ഉത്തരവാദിത്വ ബോധത്തോടെ മുന്നേറിയാൽ ജീവിതം തിരിച്ചുപിടിക്കാം.

**ലഹരി ഉപയോഗിക്കുന്നവരുടെ ലക്ഷണങ്ങൾ**

മദ്യം-മയക്കുമരുന്ന് എന്നിവയുടെ ദുരുപയോഗ ലക്ഷണങ്ങൾ അറിയുന്നത് ഏറെ നന്നായിരിക്കും. ചുരുങ്ങിയ കൃഷ്ണമണികളും, ചോരക്കണ്ണുകളും, വിളർച്ച, ഭാരക്കുറവ്, ഭക്ഷണം, ഉറക്കം എന്നിവയുടെ രീതികളിൽ മാറ്റം, ശരീരത്തിൽ പോറലുകളും മുറിപ്പാടുകളും, വ്യക്തി ശുചിത്വം പാലിക്കാനുള്ള വിമുഖത, കൂട്ടുകെട്ടുകളിൽ പെട്ടെന്നുള്ള മാറ്റങ്ങൾ, മറ്റുള്ളവരിൽ നിന്നും ഒഴിഞ്ഞുമാറിയുള്ള രഹസ്യസ്വഭാവം, കൂടുതൽ സമയവും മുറി അടച്ച് ഇരിക്കുക, പ്രിയപ്പെട്ടിരുന്ന പലതിലും താല്പര്യക്കുറവ്, ഉത്തരവാദിത്വമില്ലായ്മ, ആത്മനിന്ദ, ആത്മവിശ്വാസക്കുറവ്, തീരുമാനമെടുക്കാനുള്ള കഴിവില്ലായ്മ, അടിക്കടി മാറുന്ന വൈകാരികാവസ്ഥ, അനാവശ്യ വാദപ്രതിവാദങ്ങൾ, തർക്കങ്ങൾ, മടി, ക്ഷീണം, ദേഷ്യം, ആകാംക്ഷ, വിഷാദം, അപകടസാദ്ധ്യതകൾ, ഗൗനിക്കാതെയുള്ള എടുത്തുചാട്ടം, സ്വയം ഉപദ്രവിക്കാൻ ശ്രമിക്കുക, ആത്മഹത്യ പ്രവണത, അക്രമം, മോഷണം, ചെറുതും വലുതായ കുറ്റകൃത്യങ്ങൾ തുടങ്ങിയവയെല്ലാം ലക്ഷണങ്ങളാണ്.

മദ്യം, മയക്കുമരുന്ന് തുടങ്ങിയവ ഉപയോഗിക്കുന്നവരിൽ കാണുന്ന മൂന്ന് പ്രധാന ലക്ഷണങ്ങൾ ചികിത്സ അത്യാവശ്യമാണെന്ന് സൂചനയാണ് നൽകുന്നത്.

1. ഉപയോഗിക്കുന്ന മയക്കുമരുന്നിന്റെ/മദ്യത്തിന്റെ അളവ് ക്രമേണ കൂടിക്കൂട്ടി വരിക (Tolerance)
2. ചിന്തകളിലും, പ്രവർത്തനങ്ങളിലും മദ്യം, മയക്കുമരുന്ന് എന്നിവയോട് അമിതമായ ആസക്തി, ആശ്രയത്വം(Dependence)
3. ലഹരി ഉപയോഗിക്കാതിരിക്കുമ്പോൾ പനി, ജലദോഷം, വെപ്രാളം, വിറയൽ എന്നിവ ഉൾപ്പെടുന്ന ലക്ഷണങ്ങൾ (Nithdranal Symptoms)

**എന്താണ് പ്രതിവിധി**

ലഹരി ഉപയോഗിക്കുന്ന വ്യക്തിയെ ഒറ്റപ്പെടുത്താതെ, അപമാനിക്കാതെ, ശാന്തമായി സംസാരിക്കുക, അഭിപ്രായങ്ങളും ചോദ്യങ്ങളും ശ്രദ്ധിക്കുക, കാഴ്ചപ്പാടുകൾ അറിയുക, പ്രഭാഷണങ്ങളും ഭയപ്പെടുത്തുന്ന തന്ത്രങ്ങളും

ഴിവാക്കുക. തുടക്കത്തിൽ രസത്തിനുവേണ്ടിയുള്ള മയക്കുമരുന്ന് ഉപയോഗം അമിതമായി ഉപയോഗമോ ആസക്തിയോ, ആശ്രയത്വമോ ആയി മാറുകയും അപകടങ്ങൾ, നിയമപരമായ പ്രശ്നങ്ങൾ, വിവിധങ്ങളായ ആരോഗ്യ പ്രശ്നങ്ങൾ എന്നിവ ഉണ്ടാക്കുകയും ചെയ്യും എന്ന് പറഞ്ഞ് മനസ്സിലാക്കുക. ആരോഗ്യത്തെയും രൂപത്തെയും കായികശേഷിയെയും മയക്കുമരുന്ന് ഉപയോഗം എങ്ങനെ ദോഷകരമായി ബാധിക്കുമെന്ന് ഊന്നിപ്പറയുക.

- → വ്യക്തിയുടെ പ്രവർത്തനങ്ങൾ, സൗഹൃത്‌വലയങ്ങൾ എവിടെയാണെന്നും ഏറെ സമയം ചെലവിടുന്നത് എങ്ങനെയെന്നും ശ്രദ്ധിക്കുക.
- → വഴിതെറ്റിക്കുന്ന സന്ദേശങ്ങളെ കൃത്യമായി വിശകലനം ചെയ്യുക
- → ലഹരി വസ്തുക്കൾ ഉപയോഗിക്കുന്ന വ്യക്തിയുടെ സുഹൃത്തുക്കളെ അറിയുക. അവർ മയക്കുമരുന്ന് ഉപയോഗിക്കുകയാണെങ്കിൽ ആ വ്യക്തിയും ലഹരി പരീക്ഷിക്കാനുള്ള സമ്മർദ്ദം അനുഭവിച്ചേക്കാം.
- → കൂട്ടുകാരുടെ സമ്മർദ്ദത്തെ ചെറുക്കാനുള്ള വഴികൾ (Peer Pressure), മയക്കുമരുന്ന് ഓഫറുകൾ എങ്ങനെ നിരസിക്കാം എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുക.
- → ചികിത്സയിൽ പിന്തുണ നൽകുക, വ്യക്തിയിലല്ല, പെരുമാറ്റത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുക, അനുഭവപാഠങ്ങൾ പങ്കിടുക, ശക്തമായ ഒരു ബന്ധം ലഹരിയിൽ നിന്ന് വ്യക്തിയെ ലഹരി ഉപയോഗത്തിൽ നിന്ന് പിന്തിരിപ്പാൻ ഏറെക്കുറെ സഹായിക്കും.
- → വൈദഗ്ധ്യവും, ലഹരിചികിത്സ-മനശാസ്ത്ര മേഖലയിൽ പ്രവർത്തിപരിചയമുള്ള സോഷ്യൽ വർക്കർ, പ്രൊഫഷണൽ കൗൺസിലർ, സൈക്യാട്രിസ്റ്റ്, സൈക്കോളജിസ്റ്റ്, ആൽക്കഹോൾ/നാർക്കോട്ടിക് അനോണിമസ് പ്രവർത്തകർ എന്നിവരുമായി ബന്ധപ്പെട്ട് എത്രയും വേഗം രോഗനിർണ്ണയം നടത്തുകയും ആവശ്യമെങ്കിൽ ലഹരിചികിത്സ - പുനരധിവാസം എന്നിവ നൽകുക. അനുധാവനം (Follow-up), പിന്തുണ എന്നിവയിലൂടെ സർവ്വരോഗ ഹേതുമായ ലഹരി ഉപയോഗത്തിൽ നിന്നും ലഹരി രഹിത ജയജീവിതത്തിലേക്ക് നമ്മുടെ വളരുന്ന തലമുറയെ തിരിച്ചുപിടിക്കാം.

✪

22 -ാം പേജിൽ നിന്നും തുടർച്ച

മുന്നിലുണ്ട്. വിളി എല്ലാവർക്കുമുണ്ട്. വിവേചനങ്ങൾക്ക് അതീതമായി, എല്ലാ ജനസമൂഹങ്ങളിൽ നിന്നും വിളിയോട് പ്രസാദാത്മകമായി പ്രതികരിക്കുന്നവരുണ്ട്. അതിനാൽ ഇത് പുതിയ യുഗമാണ് (New age of God's righteous rule).

വി. കുർബ്ബാന ദൈവീക തെരഞ്ഞെടുപ്പിന്റെയും നിരന്തരമുള്ള ദൈവിക ഇടപെടലിന്റെയും ആഘോഷപൂർവ്വമായ അനുസ്മരണമാണ്. ഓരോ വി.കുർബ്ബാനയിലും, നിത്യവും തുടരുന്നതുമായ പെസഹായെ സഭയെന്ന ക്രിസ്തുവിന്റെ ഗാത്രത്തിൽ അനുസ്മരിക്കുന്നു (Remember), ആഘോഷിക്കുന്നു (Celebrate) കപ്പദോക്യൻ പിതാവും വേദശാസ്ത്രജ്ഞനുമായ നാസിയാസിലെ മെത്രാൻ വി. ഗ്രീഗോറിയോസിന്റെ പെസഹാ പ്രസംഗത്തിൽ ഇപ്രകാരമുണ്ട്; "ഇന്ന് നാമെല്ലാം ഈജിപ്റ്റിൽ നിന്നും ഫറവോനിൽ നിന്നും രക്ഷപ്പെട്ടു. നമ്മുടെ കർത്താവായ ദൈവത്തിന് പെരുന്നാൾ ആഘോഷിക്കുന്നതിൽ നിന്നും ആരും നമ്മെ തടയുകയില്ല. ഇതു നമ്മുടെ പുറപ്പാടിന്റെ പെരുന്നാളാണ്. ദുഷ്ടതയുടെയും അധർമ്മത്തിന്റെയും പഴയ പുളിപ്പുകൊണ്ടല്ല, സത്യത്തിന്റെയും ആത്മാർത്ഥതയുടെയും പുളിപ്പില്ലാത്ത അപ്പത്താൽ നമുക്ക് പെരുന്നാൾ ആഘോഷിക്കാം. ഈജിപ്റ്റിലെ പുളിപ്പുകലർന്നതും ദൈവികമല്ലാത്തതുമായ യാതൊന്നും നമ്മിൽ കാണപ്പെടാതിരിക്കാൻ ശ്രദ്ധിക്കാം". വിമോചിതരുടെ സമൂഹം എന്ന നിലയിൽ ക്രിസ്തുവിൽ നിന്നും ലഭ്യമായ സ്വാതന്ത്ര്യത്തിന് അനുയോജ്യമായ പ്രവർത്തികൾ നമ്മിൽ നിന്നും ഉണ്ടാകണമെന്ന ആഗ്രഹമാണ് വി. ഗ്രീഗോറിയോസ് നൽകുന്നത്.

പരിശുദ്ധ സഭയുടെ ഏറ്റവും പ്രധാനപ്പെട്ട ആരാധനാവേളയും ആഘോഷവും അനുസ്മരണവുമാണ് വി. കുർബ്ബാന. മശിഹാരഹസ്യത്തെ പൂർണ്ണതയിൽ ഈ കൂദാശയിലൂടെ ആവിഷ്ക്കരിക്കുന്നു. ക്രിസ്തു ശരീരമായ സഭയുടെ അംഗങ്ങൾ എന്ന നിലയിൽ കൂട്ടായ്മയുടെ ആനന്ദവും നിത്യജീവനിലേക്കുള്ള ഉൾച്ചേരലും അതിലൂടെ നേടുന്നു. കർത്താവിന്റെ "ഭവനാവകാശത്തിൽ നിന്നും അന്യരാകാതെയും", "ശിഷ്യഗണത്തിൽ നിന്നും ബഹിഷ്കൃതരാകാതെയും", ക്രിസ്തുവിന്റെ "വിശുദ്ധനാമത്തിൽ മുദ്രകുത്തപ്പെട്ടവരും" "വിലയേറിയ രക്തത്താൽ വിലയ്ക്കു വാങ്ങിയിരിക്കുന്നവരുമായ നാം പരിശുദ്ധ സഭയോടും ചേർന്ന് നിത്യം ദൈവാരാധകരായി തുടരാൻ വി. കുർബ്ബാനാനുഭവം അനിവാര്യമാണ്. ഈ വേദശാസ്ത്രവീക്ഷണമാണ് പുതിയ നിയമ പശ്ചാത്തലത്തിൽ പെസഹാ-പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളുകൾ നൽകുന്നത്.

✪



പി. എം. ജേക്കബ് മെഴുവേലി

# ശിശുസഹദേന്മാരുടെ ഓർമ്മയിൽ മെഴുവേലി വലിയപള്ളി

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ ജനനത്തിനു ശേഷം കർത്താവിന് വേണ്ടി രക്തസാക്ഷിത്വം വഹിച്ചവരാണ് ശിശുസഹദേൻമാർ യേശുവിന്റെ ജനന സമയത്ത് ഹേറോദോസ് രാജാവിന്റെ കൽപ്പന പ്രകാരം2 വയസ്സിന് താഴെയുള്ള അനേകായിരം ശിശുക്കൾ വധിക്കപ്പെട്ടു. അവരെ യാണ് ഉണ്ണി സഹദേന്മാർ അഥവാ ശിശുസഹദേന്മാർ എന്നറിയപ്പെടുന്നത്. പരിശുദ്ധ സഭയുടെ ആദ്യത്തെ രക്ത സാക്ഷി വിശുദ്ധ സ്തേഫാനോസ് സഹദേയാണ് എന്നാൽ കർത്താവിനു വേണ്ടി ആദ്യം രക്തം ചൊരിഞ്ഞ് സാക്ഷി മരണം പ്രാപിച്ചത് ഈ കുഞ്ഞുങ്ങളാണ്. മലങ്കര സഭയിൽ ശിശു സഹദേന്മാരുടെ നാമത്തിൽ ആദ്യമായി സ്ഥാപിച്ച ദേവാലയമാണ് മെഴുവേലി ഹോളി ഇന്നസെന്റ് ഓർത്തഡോക്സ് വലിയപള്ളി കൊല്ലവർഷം 1036 ധനുമാസം 27-ാം തീയതിയാണ് ഈ ദേവാലയം സ്ഥാപിക്കപ്പെടുന്നത് 160 തിൽ പരം വർഷം പിന്നിടുന്ന ദേവാലയം ഇന്ന് ഒരു തീർത്ഥാടന കേന്ദ്രമാണ്.

യേശുക്രിസ്തു ജനിക്കുന്നതിന് നൂറ്റാണ്ടുകൾക്ക് മുമ്പേ യിരമ്യാ പ്രവാചകൻ നടത്തിയ പ്രവചന ങ്ങളുടെ നിവർത്തിയായിരുന്നു ഈ ശിശുവധം. (യിരമ്യാ 31:15) പ്രവാസത്തിൽ പോയവരെപ്പറ്റി ഇസ്രയേലിന്റെ ഗോത്ര മാതാവായ റാഹേലിന്റെ തീരാദുഃഖത്തെപ്പറ്റിയാണ് പ്രവച നത്തിലെ സൂചന. ബേത് ലഹേമിൽ തങ്ങളുടെ മക്കളെ നഷ്ടപ്പെട്ട മാതാപിതാക്കളുടെ തീവ്രമായ ദുഃഖം ഇവിടെ കാണാം. വി. വേദപുസ്തകത്തിൽ വി.മത്തായിയുടെ സുവിശേഷം രണ്ടാം അദ്ധ്യായത്തിൽ വിവരിക്കുന്ന ശിശുവധം സഭ ശിശുവധപ്പെരുന്നാളായി ഡിസംബർ 27 ന് ആചരിക്കുന്നു. അന്നുതന്നെയാണ് മെഴുവേലി ദേവാലയ ത്തിന്റെയും പെരുന്നാൾ.

വിശുദ്ധ വേദപുസ്തകത്തിൽ മക്കൾ നഷ്ടപ്പെട്ട തീവ്ര ദുഃഖം അനുഭവിക്കുന്ന വേറെയും മാതാപിതാ ക്കളെപ്പറ്റി പരാമർശിക്കുന്നുണ്ട്. ബാബേൽ രാജാവായ നെബൂക്കദ്നേ സറിന്റെ ക്രൂരപീഡകൾ ഏറ്റ് തീചൂണ്ഡ ത്തിൽ ഇടപ്പെട്ട ഹനനിയാ, അറിയാ, മീശായേൽ, എന്നീ സഹദേന്മാരും, വിശ്വാസത്തിനു വേണ്ടി രാജാവിന്റെ പീഡകളേറ്റ് സാക്ഷി മരണം പ്രാപിച്ച യൂലീത്തി എന്ന ധീരമാതാവിന്റെ പുത്രൻ 3-ാം വയസ്സിൽ സഹദായായി തീർന്ന വി. കുറിയാക്കോസ് സഹദായും സ്മര്യർഹരാണ്, അപ്പൊക്രിഫാ ഗ്രന്ഥങ്ങളിൽ 2 മക്കാബിയർ 7-ാം അദ്ധ്യായത്തിലും ഇപ്രകാരം ദാരുണമായ സംഭവം വിവരിക്കുന്നുണ്ട്. ക്രൂരനായ അന്ത്യോക്കോസിന്റെ പീഡനങ്ങൾ ഏറ്റുവാങ്ങി മാതാവിന്റെ മുന്നിൽ 7 മക്കൾ ദാരുണമായി കൊല്ലപ്പെടുന്നതിനെപ്പറ്റി വിവരി ക്കുന്നുണ്ട്. മർത്തമൂനി എന്ന നാമത്തിൽ സുറിയാനി സഭ ആദരിക്കുന്ന ഈ മാതാവും ഇത്തരം ദുഃഖം ഏറ്റുവാങ്ങി ലോകത്തിൽ നിന്നും കടന്നു പോയവളാണ്. സത്യവിശ്വാസത്തോടെ പീഡനങ്ങളും യാതനകളും ഏറ്റുവാങ്ങി ദൈവത്തിനു വേണ്ടി സാക്ഷി മരണം പ്രാപിക്കുന്നവരുടെ മദ്ധ്യസ്ഥത ദൈവം കേൾക്കും എന്ന വിശ്വാസത്തിലാണ് അവരുടെ മദ്ധ്യസ്ഥത വിശ്വാസികൾ തേടുന്നത്.

ഈ പശ്ചാത്തലത്തിലാണ് അനേകം വിശ്വാസികൾ ദൂരെ സ്ഥലങ്ങളിൽ നിന്നു പോലും തങ്ങളുടെ യാചന കൾ ദൈവസന്നിധിയിൽ സമർപ്പിക്കാൻ മെഴുവേലി ദേവാലയത്തിൽ എത്തിക്കൊണ്ടിരിക്കുന്നത് ജീവിതത്തി ലുണ്ടാകുന്ന പ്രയാസങ്ങളും, പ്രതിസന്ധികളും നാം അതിജീവിക്കുന്നത് ദൈവകരുണയിലാണ് ആ കരുണ ലഭിക്കുവാൻ ശിശു സഹദേന്മാരുടെ മദ്ധ്യസ്ഥത നമ്മളെ സഹായിക്കും.

ആ മദ്ധ്യസ്ഥത നമുക്ക് അനുഗ്രഹമായിത്തീരട്ടെ.

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

നിങ്ങളെല്ലാവരും സന്തോഷമായിരിക്കുന്നല്ലോ. പ്രാർത്ഥനയോടെ, ഉൽസാഹത്തോടെ, ധൈര്യത്തോടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുവാൻ നിങ്ങൾ ശ്രദ്ധിക്കണമെ എന്ന് ഓർമ്മിപ്പിക്കുന്നു.

മഞ്ഞുപെയ്യുന്ന, ഹിമാലയ സാനുക്കളിലെ ഒരു ഗുഹയിൽ ഒരു മഹർഷി തപസ്സനുഷ്ഠിച്ചിരുന്നു. ഒരിക്കൽ അദ്ദേഹത്തിന്റെ അടുക്കലേക്ക് ഒരു ആശ്രമത്തിന്റെ അധിപനായിരുന്ന ഒരു സന്യാസി കടന്നു ചെന്ന് പറഞ്ഞു 'ഗുരോ വർഷങ്ങൾക്കു മുമ്പ് എന്റെ ആശ്രമം വളരെ പ്രസിദ്ധമായിരുന്നു. ഒട്ടേറെ സന്യാസിമാരും, വിദ്യാർത്ഥികളും താമസിച്ചു പഠിച്ചിരുന്ന ഗുരുകുലം. എന്നാൽ ഇന്നിവിടെ നാമമാത്രമായ സന്യാസി മാരെ ഉള്ളൂ. ഗുരുകുലത്തിൽ ചേരുവാൻ ആരും വരുന്നുമില്ല. ഞങ്ങളുടെ തെറ്റുകുറ്റങ്ങളാണോ ഈ ദയനീയാവസ്ഥക്കു കാരണം? 'ഇതിനു മഹർഷി ഇപ്രകാരം മറുപടി പറഞ്ഞു.'നിങ്ങളുടെ ആശ്രമത്തിൽ ഈശ്വരതുല്യനായ ഒരാളുണ്ട്, പക്ഷെ നിങ്ങളത് മനസ്സിലാക്കുന്നില്ല. അദ്ദേഹത്തെ നിങ്ങൾ സ്നേഹിക്കുന്നുമില്ല, ആദരിക്കുന്നുമില്ല.' ഇത്രയും പറഞ്ഞ് അദ്ദേഹം ധ്യാനനിരതനായി. ആ മഹർഷിയുടെ വാക്കുകൾ സന്യാസിയെ അത്ഭുതപ്പെടുത്തി. എന്റെ ആശ്രമത്തിൽ പാർക്കുന്ന ഈശ്വര തുല്യനായ ആൾ ആരാണ്, പ്രാർത്ഥനാലയത്തിന്റെ ചുമതലയുള്ള സന്യാസിയായിരിക്കുമോ അത്? അതോ വിദ്യാർത്ഥികളിൽ ആരെങ്കിലുമായിരിക്കുമോ? ചിന്താകുലനായി ആശ്രമത്തിൽ തിരിച്ചെത്തിയ സന്യാസി അവിടെയുള്ള മറ്റുള്ളവരോടും മഹർഷി പറഞ്ഞ കാര്യം അറിയിച്ചു.അതു കേട്ടപ്പോൾ എല്ലാവർക്കും അത്ഭുതം. ആരാണത്? ആരാണത്? ഈ സഹോദരനോ? അതോ ആ സഹോദരനോ? അവരന്യോന്യം ചോദിക്കുവാൻ തുടങ്ങി. ആർക്കും ഒരെത്തും പിടിയും കിട്ടിയില്ല. അജ്ഞാതനായി തങ്ങളുടെ മധ്യത്തിൽ ജീവിക്കുന്ന ആ വിശുദ്ധനാരെന്ന് എങ്ങനെ കണ്ടു പിടിക്കും? ആശ്രമവാസികൾ ചിന്തയിലാണ്ടു. അവസാനം അവരെല്ലാവരും കൂടി ഇപ്രകാരം ഒരു തീരുമാനമെടുത്തു. തങ്ങളാണ് അപരനേക്കാൾ വലിയവനെന്ന ചിന്ത ഉപേക്ഷിക്കുക. ഓരോരുത്തരും അന്യോന്യം സ്നേഹിക്കുകയും, ആദരിക്കുകയും ചെയ്യുക. ഓരോരുത്തരെയും അവരായിരി ക്കുന്ന അവസ്ഥയിൽ തെറ്റുകളോടും കുറവുകളോടുംകൂടി സ്വീകരിക്കുക, അംഗീകരിക്കുക. ഈ തീരുമാന ങ്ങൾ ദൈനംദിന ജീവിതത്തിൽ പ്രാവർത്തികമാക്കിയതോടെ ആശ്രമത്തിൽ പുതിയൊരന്തരീക്ഷം ഉണ്ടായി വന്നു. മുമ്പുണ്ടായിരുന്ന പ്രസിദ്ധി ആശ്രമത്തിന് വീണ്ടും ലഭിച്ചു. വി. പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നു, 'ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്നു എണ്ണിക്കൊൾവിൻ.'(ഫിലിപ്പിയർ 2:3). പ്രിയ മക്കളെ മനുഷ്യൻ ഇന്നഭിമുഖീകരിക്കുന്ന ഏറെ പ്രശ്നങ്ങളുടെയും അടിസ്ഥാനകാരണം ഞാൻ വലിയവനാണെന്ന ചിന്തയാണ്. നാം ആയിരിക്കുന്ന ഇടങ്ങളിലൊക്കെ സമാധാനവും, സന്തോഷവും പകരുവാൻ തക്കവിധം മറ്റുള്ളവർ നമ്മെക്കാൾ ശ്രേഷ്ഠരെന്ന മനോഭാവത്തോടെ ജീവിക്കുവാൻ നിങ്ങൾക്ക് കഴിയട്ടെ.

തന്റെ ദൈവത്വം മുറുകെ പിടിക്കാതെ കേവലം ഒരു മനുഷ്യ ശിശുവായി ഈ ലോകത്തിലവതരിച്ച ഇമ്മാനുവേലിന്റെ തിരുപ്പിറവിക്കായി ഈ ലോകം ഒരുങ്ങുമ്പോൾ അവനു പിറക്കുവാൻ സാധ്യമാകുന്ന പുൽക്കൂടുകളായി നമ്മുടെ ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുവാൻ ഈ നോമ്പ് കാലം മുഖാന്തിരമാകണം. എല്ലാവരും നോമ്പ് അനുഷ്ഠിക്കുന്നു എന്ന് വിശ്വസിക്കുന്നു. ഡിസംബറിന് മുമ്പുതന്നെ എങ്ങും വിവിധ വർണ്ണങ്ങളിലും, വലുപ്പത്തിലുമുള്ള നക്ഷത്ര വിളക്കുകൾ തൂക്കപ്പെട്ടു കഴിഞ്ഞു. ക്രിസ്തു ജനിച്ച ഇടം കാട്ടുവാനാണ് നക്ഷത്രം പ്രത്യക്ഷപ്പെട്ടത്. നക്ഷത്രം കാണുന്നിടത്ത് ക്രിസ്തു ഉണ്ടാകണമെന്നർത്ഥം. നമ്മുടെ ഭവനങ്ങളിൽ നക്ഷത്ര വിളക്കുകൾ തൂക്കുമ്പോൾ ക്രിസ്തു അവിടെ ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ട ഉത്തരവാദിത്വം നിങ്ങൾക്കുണ്ടെന്ന് ഓർമ്മപ്പെടുത്തുന്നു.

ഒരു വർഷം കൂടി നമ്മിൽ നിന്നും വിട വാങ്ങുന്നു. ലഭിച്ച കരുണകൾക്കായി ദൈവത്തെ സ്തുതിക്കാം. ഒരു പുതുവർഷത്തിലേക്ക് സന്തോഷത്തോടും, പ്രതീക്ഷയോടും കൂടി പ്രവേശിക്കാം. ഓരോ വർഷവും അതിലെ ഓരോ ദിവസവും ദൈവം നമുക്കു തരുന്ന സ്നേഹ സമ്മാനമാണ്. വളരാനും, വളർത്തുവാനും തരുന്ന ദിവസങ്ങൾ. നന്മ ചെയ്യുവാനും, കഴിവുകൾ വളർത്തിയെടുക്കുവാനും തരുന്ന അവസരങ്ങൾ. ഈ സമ്മാനം നമുക്ക് നന്ദിയോടെ സ്വീകരിക്കാം. നിങ്ങൾക്കെല്ലാവർക്കും ക്രിസ്മസ്, പുതുവത്സരാശംസകളും, അനുഗ്രഹങ്ങളും ആശംസിച്ചു കൊണ്ട്.

സ്നേഹപൂർവ്വം,

നിങ്ങളുടെ ജൂലി ചേച്ചി

# ക്വിസ് 4 ഉല്പത്തി പുസ്തകം

ഡീ. ഡിനോ കെ. മാത്യു

1) ഭൂമിയിലെ ആദ്യത്തെ ഇടയൻ?
2) യഹോവ പ്രസാദിച്ചത് ആരുടെ വഴിപാടിലാണ്?
3) ആദ്യമായി കോപിച്ച വ്യക്തി ആരാണ്?
4) ആദ്യം മരിച്ച വ്യക്തി?
5) 'ഞാൻ എന്റെ അനുജന്റെ കാവല്ക്കാരനോ' ആരുടെ വാക്കുകൾ ?
6) ആരെ കൊന്നാലാണ് അവന്നു ഏഴിരട്ടി പകരം കിട്ടുമെന്ന് ദൈവം പറഞ്ഞത്?
7) യഹോവയുടെ സന്നിധിവിട്ട് കയീൻ പോയി പാർത്ത ദേശമേതാണ്?
8) കയീന്റെ മകന്റെ പേരെന്ത്?
9) മനുഷ്യൻ ഉണ്ടാക്കിയ ആദ്യത്തെ പട്ടണത്തിന്റെ പേരെന്ത്?
10) ആദാ എന്നും സില്ലാ എന്നും രണ്ടു ഭാര്യമാരെ എടുത്തതാരാണ്?
11) കൂടാര വാസികൾക്കും പശുപാലകർക്കും പിതാവാര്?
12) ആരാണ് കിന്നരവും വേണുവും ഉപയോഗിക്കുന്നവരുടെ പിതാവ്?
13) ചെമ്പുകൊണ്ടും ഇരിമ്പു കൊണ്ടുമുള്ള ആയുധങ്ങളെ തീർക്കുന്നവൻ ആരാണ്?
14) ലാമെക്കിന്റെ മകളും തൂബൽകയീന്റെ പെങ്ങളും ആരാണ്?
15) കയീന്നുവേണ്ടി ഏഴിരട്ടി പകരം ചെയ്യുമെങ്കിൽ, ലാമെക്കിന്നുവേണ്ടി എത്ര ഇരട്ടി പകരം ചെയ്യും?
16) കയീൻ കൊന്ന ഹാബെലിന്നു പകരം ദൈവം ആദാമിനു നല്കിയ സന്തതിയാരാണ്?
17) ആരുടെ കാലത്താണ് യഹോവയുടെ നാമത്തിലുള്ള ആരാധന തുടങ്ങിയത്?
18) ആദാമിനു എത്ര വയസ്സുള്ളപ്പോഴാണ് ശേത്ത് ജനിച്ചത്?
19) ഹനോക്കിന്റെ ആയുഷ്കാലം എത്ര?
20) ദൈവം എടുത്തുകൊണ്ടതിനാൽ കാണാതെയായത് ആരാണ്?
21) മെഥൂശലഹിന്റെ ആയുഷ്കാലം?
22) ഏറ്റവും അധികം നാൾ ജീവിച്ചിരുന്ന വ്യക്തി ആരാണ്?
23) നോഹ എന്ന പേരിനർത്ഥം?
24) ലാമെക്കിന്റെ ആയുഷ്കാലം?
25) നോഹയുടെ മക്കൾ ആരൊക്കെ?

**ഉത്തരങ്ങൾ 15 – 01 – 2023 ന് മുമ്പ് 9495765393 എന്ന നമ്പറിൽ അയച്ചുതരേണ്ടതാണ്.**

## ഉത്തരങ്ങൾ ക്വിസ് 3

1. പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ
2. പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ ബാവാ
3. പാമ്പാക്കുട അസ്സോസിയേഷൻ 2008 സെപ്റ്റംബർ 11
4. ജസ്റ്റിസ് മളിമഠ്
5. പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ
6. 2011
7. 1972
8. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ
9. ഒ.പി. ശോശാമ്മ
10. പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ
11. നിലയ്ക്കൽ
12. പൗലോസ് മാർ ഗ്രീഗോറിയോസ്
13. പുത്തൻകാവിൽ കൊച്ചുതിരുമേനി
14. 1988 ൽ പ. ബസ്സേലിയോസ് മാത്യൂസ് പ്രഥമൻ ബാവ
15. 2005 ൽ
16. ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ
17. പ. വട്ടശ്ശേരിൽ തിരുമേനി
18. 1985
19. ബേസിൽ ദയറാ
20. സ്തേഫാനോസ് മാർ തേവോദോസ്യോസ്
21. 1964 ൽ
22. നവജ്യോതി മോംസ്
23. 1983
24. അലക്സിയോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ
25. ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ

**ഉത്തരങ്ങളിൽ എല്ലാം ശരി ഉത്തരം അയച്ചവർ ആരും തന്നെ ഇല്ല**

## ക്രൈസ്തവലോക വാർത്തകൾ

### VJT എറിത്രിയൻ പാത്രിയർക്കീസ് ആബൂനാ കെർലോസ് കാലം ചെയ്തു



എറിത്രിയൻ ഓർത്തഡോക്സ് സഭാതലവൻ ആബൂനാ കെർലോസ് പാത്രിയർക്കീസ് (96) ഡിസംബർ 2-ന് കാലം ചെയ്തു.

അനുസ്മരണശുശ്രൂഷ 8-ന് രാജ്യതലസ്ഥാനമായ അസ്മാരായിലെ സെൻറ് മേരീസ് സിയോൻ കത്തീഡ്രലിലും തുടർന്ന് കബറടക്കശുശ്രൂഷ ഗോഡെയ്ടിയിലെ ആബൂനാ ബിർസു അംലാക് ആശ്രമത്തിലും നടന്നു. പ്രസിഡൻ്റ് ഇസയ്യാസ് അഫെവർകിയും കോപ്റ്റിക്-എത്യോപ്യൻ സഭാ പ്രതിനിധികളും ഉൾപ്പെടെയുള്ളവർ അനുസ്മരണ ശുശ്രൂഷയിൽ സംബന്ധിച്ചു. ഒ. സി. പി. ന്യൂസ് സർവീസാണ് വിയോഗവാർത്ത റിപ്പോർട്ട് ചെയ്തത്.

എറിത്രിയൻ സഭയുടെ അഞ്ചാമത്തെ പാത്രിയർക്കീസായി ആബൂനാ കെർലോസ് 2021 മേയ് 13നാണ് തെരഞ്ഞെടുക്കപ്പെട്ടത്. ജൂൺ 13ന് സ്ഥാനാരോഹണം ചെയ്തു. കോപ്റ്റിക് സഭ ഉൾപ്പെടെ മറ്റ് ഓറിയൻറൽ ഓർത്തഡോക്സ് സഭകൾ ഇദ്ദേഹത്തെ അംഗീകരിച്ചിരുന്നില്ല. കോപ്റ്റിക് സഭ അംഗീകരിച്ച അവസാനത്തെ പാത്രിയർക്കീസ് ആബൂനാ അന്തോണിയോസ് ആയിരുന്നു. 15 വർഷമായി വീട്ടുതടങ്കലിലായിരുന്ന അദ്ദേഹം 2022 ഫെബ്രുവരി 9-ന് കാലം ചെയ്തു. കാനോനിക പാത്രിയർക്കീസ് കാലം ചെയ്തതിനെ തുടർന്ന് പൗരാണികമായ അലക്സാന്ത്രിയൻ സിംഹാസനവുമായി ബന്ധം പുനഃസ്ഥാപിക്കാനായി എറിത്രിയൻ സഭ മുൻകൈയെടുത്തു. കെയ്റോയിലെത്തിയ ആബൂനാ കെർലോസ് പോപ്പ് തെവദ്രോസ് രണ്ടാമനുമായി 2022 ജൂലൈ 9-ന് കൂടിക്കാഴ്ച നടത്തിയതോടെ കോപ്റ്റിക് സഭയും എറിത്രിയൻ സഭയും തമ്മിൽ ഒന്നര പതിറ്റാണ്ടായി വിച്ഛേദിക്കപ്പെട്ടിരുന്ന ബന്ധം പുനഃസ്ഥാപിച്ചു.

സഭയുടെ മൂന്നാമത്തെ പാത്രിയർക്കീസായി 2004 ൽ സ്ഥാനാരോഹണം ചെയ്ത ആബൂനാ അന്തോണിയോസിനെ സ്വേച്ഛാധിപതിയായ പ്രസിഡൻറ് ഇസയ്യാസ് അഫെവർകിയുടെ സർക്കാർ 2006 ൽ അറസ്റ്റ് ചെയ്തു വീട്ടുതടങ്കലിലാക്കുകയായിരുന്നു. സഭയുടെ കാര്യങ്ങളിൽ സർക്കാർ ഇടപെടുന്നതിനെ എതിർത്തതായിരുന്നു കാരണം. സർക്കാർ സ്വാധീനത്താൽ സുന്നഹദോസ് അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കുകയും തൽസ്ഥാനത്തു 2007 ൽ ആബൂനാ ദിയസ്കോറോസ് പാത്രിയർക്കീസിനെ നിയമിക്കുകയും ചെയ്തു. ആബൂനാ അന്തോണിയോസിനെ സഭയിൽനിന്നു പുറത്താക്കിയതായി 2019ൽ സർക്കാർ നിയന്ത്രിത സിനഡ് പ്രഖ്യാപിച്ചു. കാനോനിക പാത്രിയർക്കീസ് ജീവിച്ചിരിക്കെ തന്നെയാണ് 2021 ൽ ആബൂനാ കെർലോസ് പാത്രിയർക്കീസായി വാഴിക്കപ്പെട്ടത്. 'സിറിൽ' അഥവാ 'കൂറിലോസ്' എന്ന പേരിന്റെ പ്രാദേശിക രൂപമാണ് 'കെർലോസ്'.

### എത്യോപ്യൻ സഭയിൽ വിശുദ്ധ മൂറോൻ കൂദാശ

എത്യോപ്യൻ ഓർത്തഡോക്സ് സഭയിൽ വിശുദ്ധ മൂറോൻ കൂദാശ നടന്നു. ലോകരക്ഷകന്റെ പെരുന്നാൾ ദിനമായ നവംബർ 6 ഞായറാഴ്ച ആബൂനാ മത്തിയാസ് പാത്രിയർക്കീസിന്റെ നേതൃത്വത്തിൽ എപ്പിസ്കോപ്പൽ സിനഡ് ആണ് മൂറോൻ കൂദാശ ചെയ്തത്. ഏഴു ദിവസം കൊണ്ടാണ് വിശുദ്ധ തൈലം തയ്യാറാക്കിയതെന്ന് ഒസി പി ന്യൂസ് സർവീസ് റിപ്പോർട്ട് ചെയ്തു.

എത്യോപ്യൻ സഭയിൽ നടക്കുന്ന മൂന്നാമത്തെ വിശുദ്ധ മൂറോൻ കൂദാശയാണിത്. ആബൂനാ പൗലോസ് 1998-ലും 2002-ലുമാണ് ഇതിനുമുൻപ് മൂറോൻ കൂദാശ ചെയ്തത്. സഭയുടെ അറിയപ്പെടുന്ന 1700 വർഷത്തെ ചരിത്രത്തിൽ കോപ്റ്റിക് മെത്രാന്മാരാണ് എത്യോപ്യയിൽ വിശുദ്ധ മൂറോൻ കൊണ്ടു വന്നിരുന്നത്. ഇക്കാര്യത്തിൽ ഒട്ടേറെ വൈഷമ്യങ്ങൾ നേരിട്ടിരുന്നു. എത്യോപ്യൻ സഭ 1959ൽ സ്വതന്ത്രമായതിനു ശേഷവും വിശുദ്ധ മൂറോനു വേണ്ടി കോപ്റ്റിക് സഭയെ ആശ്രയിക്കേണ്ടിയിരുന്നു. ഈജിപ്റ്റിൽ നടക്കുന്ന വിശുദ്ധ മൂറോൻ കൂദാശയിൽ എത്യോപ്യൻ മെത്രാന്മാർ പങ്കെടുത്ത് ഒരു ഭാഗം കൊണ്ടുവരികയായിരുന്നു പിന്നീടുള്ള പതിവ്. പാത്രിയർക്കീസ് ആബൂനാ പൗലോസ് 1998 ൽ ആദ്യമായി വിശുദ്ധ മൂറോൻ കൂദാശ ചെയ്തതോടെയാണ് ഈ പതിവിന് മാറ്റമുണ്ടായത്.

അലക്സന്ത്രിയൻ ആരാധനക്രമ പാരമ്പര്യത്തിൽ ഉൾപ്പെടുന്ന മൂന്ന് സ്വതന്ത്ര സ്വയം ശീർഷക സഭകളാണ് കോപ്റ്റിക്, എത്യോപ്യൻ, എറിത്രിയൻ ഓർത്തഡോക്സ് സഭകൾ. എത്യോപ്യൻ - എറിത്രിയൻ സഭകൾ കോപ്റ്റിക് സഭയുടെ പുത്രീസഭകളായി കണക്കാക്കപ്പെടുന്നു. ഇന്നും

ഈ രണ്ടു സഭകളും കോപ്റ്റിക് പോപ്പിന് 'സമന്മാരിൽ മുമ്പൻ' എന്ന സ്ഥാനം നൽകി ആദരിക്കുന്നു.

വിശുദ്ധ മൂറോൻ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതും വിൽക്കുന്നതും പരിശുദ്ധാത്മാവിനോടുള്ള പാപമാണെന്നും അപ്രകാരം ചെയ്യുന്നത് കുറ്റകരമായി കണക്കാക്കുമെന്നും മൂറോൻ തയ്യാറാക്കുന്നതിന് ചുമതലപ്പെട്ട ആബൂനാ ദിയസ്കോറോസ് മുന്നറിയിപ്പു നൽകി.

## 'സാന്താക്ലോസി'ന്റെ യഥാർഥ കബറിടം കണ്ടെത്തി; തിരുശേഷിപ്പ് പാമ്പാക്കുടയിലും

ക്രിസ്മസ് അപ്പൂപ്പൻ സാന്താക്ലോസ് സങ്കൽപത്തിനു കാരണക്കാരനായ വിശുദ്ധ നിക്കോളാസിന്റെ യഥാർഥ കബറിടം കണ്ടെത്തി. നാലാം നൂറ്റാണ്ടിൽ കാലംചെയ്ത നിക്കോളാസിന്റെ കബറിടം ദക്ഷിണ തുർക്കിയിലെ അൻറാലിയ പ്രവിശ്യയിലെ സെൻറ് നിക്കോളാസ് ബൈസൻറൈൻ പള്ളിയിലാണെന്ന് ഇലക്ട്രോണിക് സർവേയിലൂടെ സ്ഥിരീകരിച്ചു. പലതവണ പുതുക്കിപ്പണിത, യുനെസ്കോ പൈതൃക പട്ടികയിലുള്ള ബൈസൻറൈൻ പള്ളിയിൽ 2017 ൽ കണ്ടെത്തിയ ശിലയെ ആധാരമാക്കി നടത്തിയ ഗവേഷണമാണ് ഇതിനു സഹായിച്ചത്.

മൈറ ഭദ്രാസനത്തിലെ മെത്രാനായിരുന്ന നിക്കോളാസ് ദരിദ്രരായ കുട്ടികൾക്ക് അപ്രതീക്ഷിത സമ്മാനം നൽകി ജനപ്രിയനായിരുന്നു. എ.ഡി. 343 ൽ കാലം ചെയ്ത അദ്ദേഹത്തെ മൈറയിലെ ഓർത്തഡോക്സ് പള്ളിയിൽ കബറടക്കിയെങ്കിലും ഭൗതികാവശിഷ്ടങ്ങൾ 1087-ൽ ഇറ്റലിക്കാർ ബാരിയിലേക്കു കടത്തിയെന്നാണ് വിശ്വാസം. എന്നാൽ, ഇറ്റലിക്കാർ കടത്തിയത് മറ്റൊരു പുരോഹിതന്റെ ഭൗതികാവശിഷ്ടമാണെന്നും സെന്റ് നിക്കോളാസിന്റെ കബർ ഭദ്രമാണെന്നും ഇപ്പോഴത്തെ ഗവേഷകസംഘം പറയുന്നു.

മെഡിറ്ററേനിയൻ കടലിന്റെ ജലനിരപ്പ് ഉയർന്നപ്പോൾ മുങ്ങിപ്പോയ പുരാതന പള്ളിയുടെ മുകളിൽ പിൽക്കാലത്ത് പുതിയ ഒരു പള്ളി നിർമ്മിച്ചിരുന്നു. ഇതിന്റെ അടിയിലായി ആദ്യ പള്ളിയുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയതോടെയാണ് വിശുദ്ധന്റെ കബറിടവും കണ്ടുപിടിക്കാനായത്. യേശുക്രിസ്തുവിന്റെ ഒരു ചുവർചിത്രവും കണ്ടെത്തി.

എറണാകുളം ജില്ലയിൽ കണ്ടനാട് ഭദ്രാസനത്തിൽ പെട്ട പാമ്പാക്കുട സെന്റ് ജോൺസ് ഓർത്തഡോക്സ് വലിയപള്ളിയിലെ കുരിശടിയിൽ ആറു തിരുശേഷിപ്പുകളുണ്ട്. അവയിലൊന്ന് സെന്റ് നിക്കോളാസിന്റേതാണ്. സഭാ ചരിത്ര ഗവേഷകനായ ഡോ. എം. കുര്യൻ തോമസ് ഇവയിൽ സാന്താക്ലോസിന്റെ തിരുശേഷിപ്പുണ്ടെന്ന് 1998ൽ തിരിച്ചറിഞ്ഞതോടെ ഈ വിഷയം ജനശ്രദ്ധയാകർഷിച്ചു. 270 മാർച്ച് 15 – 343 ഡിസംബർ 6 കാലത്ത് ജീവിച്ചിരുന്ന നിക്കോളാസ് നിഖ്യാ സുന്നഹദോസിൽ (325) സംബന്ധിച്ചിട്ടുണ്ട്. മൈറ ഇന്ന് തുർക്കിയിലെ ഡെമർ ആണ്. ലത്തീൻ, ഗ്രീക്ക്, സുറിയാനി പാരമ്പര്യങ്ങളിൽ ഡിസംബർ ആറിനാണ് ഇദ്ദേഹത്തിന്റെ പെരുന്നാൾ.

## യാക്കോബ് മഫസ്കോ കുരിശുപള്ളി

മലങ്കര മെത്രാപ്പോലീത്ത പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് രണ്ടാമൻ തിരുമേനി മലങ്കരയിലേക്ക് കൊണ്ടുവന്ന തിരുശേഷിപ്പുകളിൽ, മാർ യാക്കോബ് മഫസ്കോയുടെ തിരുശേഷിപ്പ് തന്റെ മാതാവിന്റെ ഭവനം സ്ഥിതിചെയ്യുന്ന പെങ്ങാമുക്ക് ദേശത്തോടുള്ള പ്രത്യേക സ്നേഹത്താൽ അവിടെ സ്ഥാപിക്കണമെന്ന് ആഗ്രഹിച്ചു. പുലിക്കോട്ടിൽ തിരുമേനിയും പരിശുദ്ധ പരുമല തിരുമേനിയും ചേർന്ന് ൧൮൭൦ പെങ്ങാമുക്ക് പള്ളിയുടെ പടിഞ്ഞാറു ഭാഗത്ത് പരിശുദ്ധന്റെ നാമത്തിൽ പണിത കുരിശുപള്ളിയിൽ തിരുശേഷിപ്പ് പ്രതിഷ്ഠിക്കുകയും കുരിശുപള്ളിയുടെ കൂദാശ നടത്തുകയും ചെയ്തു. മാർ യാക്കോബ് മാപസ്ക, എ.ഡി. 422ൽ പേറോസിലെ രാജാവിന്റെ മതപീഢനത്തെ തുടർന്ന് ക്രിസ്തീയ സഭക്ക് വേണ്ടി പോരാടി തന്റെ ഓരോ അവയവങ്ങളും ഛേദിക്കപ്പെട്ടപ്പോളും യേശുക്രിസ്തുവിനു വേണ്ടി നിലകൊണ്ടു രക്തസാക്ഷിത്വം വഹിച്ചു. ആ പുണ്യവാന്റെ തിരുശേഷിപ്പുള്ള മലങ്കരസഭയിലെ ഏക സ്ഥലമാണ് പെങ്ങാമുക്ക് മാർ യാക്കോബ് മാപസ്കാ കുരിശുപള്ളി. നാനാജാതി മതസ്ഥരായ അനേകായിരങ്ങൾ ഈ പരിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ അഭയം തേടുവാനും അനുഗ്രഹം പ്രാപിക്കുവാനുമുള്ള സങ്കേതസ്ഥാനമായി കുരിശുപള്ളി പരിലസിക്കുന്നു.



ബഥേൽ പത്രിക മാസികയിൽ പ്രസിദ്ധീകരിക്കുന്നതിനായി,
വാർത്തകൾ, രചനകൾ എന്നിവ എല്ലാ മാസവും 15-ാം തീയതിക്കു മുമ്പായി
''ബഥേൽ പത്രിക മാസികയിലേക്കുള്ള പ്രസിദ്ധീകരണത്തിന്''
എന്നുള്ള തലക്കെട്ടോടു കൂടി
**mathewvarghese678@gmail. com** or **9495765393**
എന്ന നമ്പറിലേക്കോ അയയ്ക്കേണ്ടതാണ്.



# ഭദ്രാസന വാർത്തകൾ

കർത്താവിൽ പ്രിയരെ,

നമ്മുടെ കർത്താവിന്റെ ജനനപ്പെരുന്നാളിൽ സംബന്ധിക്കുവാൻ തക്കവിധം 25 ദിവസങ്ങളിലെ നോമ്പനുഷ്ഠാനങ്ങളിലൂടെ നാം മുന്നോട്ടു പോകുകയാണല്ലോ. ക്രിസ്തു ഹൃദയത്തിൽ പിറന്നുവീഴുന്ന സന്തോഷത്തിന്റെ യൽദോ പെരുന്നാൾ ആഘോഷിക്കുവാൻ ദൈവം നമ്മെ എല്ലാവരെയും ശക്തീകരിക്കട്ടെ.

ഭദ്രാസനത്തിന്റെ രണ്ടാമത്തെ മെത്രാപ്പോലീത്തായായി പരിശുദ്ധ ബാവാ തിരുമനസ്സുകൊണ്ട് അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് തിരുമേനിയെ നിയോഗിച്ചതിൽ ഭദ്രാസന മക്കളുടെ സ്നേഹാദരവുകളും അനുമോദനങ്ങളും അഭിവന്ദ്യ തീമോത്തിയോസ് തിരുമേനിയുടെ തൃപ്പാദത്തിൽ ഒരിക്കൽ കൂടെ സമർപ്പിക്കുന്നു.

നവംബർ 03-ാം തീയതി അഭിവന്ദ്യ തിരുമേനിയെ ഭദ്രാസനത്തിലെ എല്ലാ വൈദീകരും, ആദ്ധ്യാത്മീയ സംഘടനാഭാരവാഹികളും, കൗൺസിൽ അംഗങ്ങളും വിശ്വാസികളും ചേർന്ന് ബഥേൽ അരമനപ്പള്ളിയിലേക്ക് സ്വീകരിച്ചു. ധൂപപ്രാർത്ഥനയെ തുടർന്ന് മലങ്കര സഭയുടെ സീനിയർ മെത്രാപ്പോലീത്താ അഭിവന്ദ്യ കുര്യാക്കോസ് മാർ ക്ലീമ്മീസ് തിരുമേനി പരിശുദ്ധ ബാവാതിരുമേനിയുടെ നിയമന കല്പന വായിച്ച് ഔദ്യോഗിക രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തി ഭദ്രാസനത്തിന്റെ പൂർണ്ണചുമതല തീമോത്തിയോസ് തിരുമേനിയെ ഏൽപ്പിച്ചു. ഹാരമണിയിച്ച് ഭദ്രാസനത്തിന്റെ അനുമോദനങ്ങൾ നേർന്നു. തുടർന്ന് നടത്തപ്പെട്ട സമ്മേളനത്തിൽ മെത്രാസന കൗൺസിൽ, സഭാമാനേജിംഗ് കമ്മറ്റി അംഗങ്ങൾ, ആദ്ധ്യാത്മീയ സംഘടനാഭാരവാഹികൾ എന്നിവർ അനുമോദനങ്ങളും ആശംസകളും അർപ്പിച്ചു.

അഭിവന്ദ്യ തീമോത്തിയോസ് തിരുമേനി ചെങ്ങന്നൂർ ഭദ്രാസന മെത്രാപ്പോലീത്തായായി സ്ഥാനാരോഹണം ചെയ്യപ്പെടുന്ന സുത്രോണീസോ ശുശ്രൂഷ ഭദ്രാസന ദിനമായി കൊണ്ടാടുന്ന 2023 ജനുവരി മാസം ഒന്നാം തീയതി ഞായറാഴ്ച വൈകിട്ട് 4 മണിക്ക് ബഥേൽ അരമനയിൽ വച്ച് നടത്തുന്നതിനാണ് മെത്രാസന കൗൺസിൽ തീരുമാനിച്ചിട്ടുള്ളത്. പരിശുദ്ധ ബാവാതിരുമേനിയും, വിശിഷ്ട വ്യക്തിത്വങ്ങളും പങ്കെടുക്കുന്ന ഈ പരിപാടികൾ സംബന്ധിച്ചുള്ള വിശദമായ വിവരങ്ങൾ പുറകാലെ എല്ലാവരെയും അറിയിക്കുന്നതാണ്. എല്ലാവരെയും ഈ പരിപാടികളിലേക്ക് സന്തോഷപൂർവ്വം സ്വാഗതം ചെയ്യുന്നു.

ഭദ്രാസനത്തിന്റെ 37-ാ മത് വാർഷിക പൊതുയോഗം ഡിസംബർ മാസം 17-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ബഥേൽ അരമനയിൽ വച്ച് കൂടുന്നതാണ്. 2021-2022-ലെ വാർഷിക റിപ്പോർട്ടും വരവുചെലവു കണക്കും പ്രതിനിധികളെ ഏൽപ്പിക്കുവാൻ തക്കവിധം പ്രിന്റ് ചെയ്ത് പള്ളികളിൽ എത്തിച്ചിട്ടുണ്ട്. വൈദീകരും, മെത്രാസന പ്രതിനിധികളും യോഗത്തിൽ സംബന്ധിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

ഭദ്രാസന ദിനം 2023 ജനുവരി മാസം ഒന്നാം തീയതി ഞായറാഴ്ചയാണല്ലോ. അന്നേ ദിവസം പരിശുദ്ധ ബാവാ തിരുമേനിക്കു വേണ്ടിയും, ഇടവക മെത്രാപ്പോലീത്താ അഭിവന്ദ്യ തീമോത്തിയോസ് തിരുമേനിക്ക് വേണ്ടിയും, ഭദ്രാസനത്തിനു വേണ്ടിയും, എല്ലാ വൈദീകർക്കു വേണ്ടിയും, പ്രവർത്തനങ്ങൾക്ക് വേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കണം. ഇടവകകൾക്കു വേണ്ടിയും, ഇടവകാംഗങ്ങൾക്കു വേണ്ടിയും, ആത്മീയ പ്രവർത്തകർക്കു വേണ്ടിയും, ഭദ്രാസനത്തിന്റെ ഭൗതീകവും, ആത്മീകവുമായ വളർച്ചയ്ക്ക് സഹായമാകുന്ന വിധത്തിൽ ഒരു ഭവനം 100 രൂപയിൽ കുറയാതെ ഭദ്രാസന ദിന സംഭാവനയായി നൽകണമെന്നുള്ള മെത്രാസന പൊതുയോഗത്തിന്റെ തീരുമാനം നടപ്പിലാക്കുവാൻ തക്കവിധം ഓരോ ഇടവകകളും അവരവരുടെ ടാർജറ്റ് തുക പൂർത്തീകരിക്കുവാൻ പ്രത്യേകം ഉത്സാഹിക്കുമെന്ന് പ്രത്യാശിക്കുന്നു.

രോഗങ്ങൾ ബാധിച്ച് ചികിത്സയിലായിരിക്കുന്നവർക്ക് സാന്ത്വനപരിചരണം നൽകുക എന്ന ലക്ഷ്യത്തോടുകൂടി 'സ്നേഹാമൃതം' എന്ന പാലിയേറ്റീവ് കെയർ പദ്ധതിക്ക് രൂപം കൊടുത്ത് അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്താ പുതിയ ഭദ്രാസന - ഡിസ്ട്രിക്ട് ഭാരവാഹികളെ നിയമിച്ചുകൊണ്ട് കല്പന പുറപ്പെടുവിച്ചു. രോഗികൾക്കുള്ള വീൽ ചെയർ, വോക്കർ, ക്രച്ചസ്, വാട്ടർ ബെഡ്, എയർ ബെഡ്, ഡയപ്പറുകൾ, ലോഷനുകൾ, മരുന്നുകൾ എന്നിവ ആവശ്യമുള്ളവർ ഇടവക വികാരിമാർ മുഖേന സ്നേഹാമൃതം പദ്ധതിയുടെ ചുമതലക്കാരെ ബന്ധപ്പെടേണ്ടതാണ്. ടി സാധനങ്ങൾ ഈ പദ്ധതിയിലേക്ക് നൽകുവാൻ ആഗ്രഹിക്കുന്നവർ ആ വിവരവും ഇടവക വികാരിമാർ മുഖാന്തിരം ബന്ധപ്പെട്ടവരെ അറിയിക്കേണ്ടതാണ്.

വിവിധ ആദ്ധ്യാത്മീയ സംഘടനകളുടെ ഭദ്രാസന-ഡിസ്ട്രിക്ട് സമ്മേളനങ്ങളും, കലാമത്സരങ്ങളും വിവിധ ഇടവകകളിൽ വച്ച് നടത്തപ്പെട്ടു. നേതൃത്വം നൽകിയ എല്ലാ ആത്മീയ സംഘടനാ ഭാരവാഹികളോടുമുള്ള അഭിനന്ദനങ്ങളും ആതിഥേയത്വം വഹിച്ച ഇടവകകളോടുള്ള ഭദ്രാസനത്തിന്റെ കൃതജ്ഞതയും അറിയിക്കുന്നു.

ചെങ്ങന്നൂർ ഭദ്രാസനത്തിലെ വൈദീകനും, ഉള്ളന്നൂർ സെന്റ് മേരീസ് വലിയ പള്ളി ഇടവകാംഗവും, പത്തനാപുരം മൗണ്ട് താബോർ ആശ്രമാംഗവുമായിരുന്ന വന്ദ്യ സി. ഒ. ജോസഫ് റമ്പാച്ചൻ ദൈവസന്നിധിയിലേക്ക് കടന്നുപോയി. വന്ദ്യ ആചാര്യശ്രേഷ്ഠന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

ബഹുമാനപ്പെട്ട ഷിബു വർഗീസ് അച്ചന്റെ പിതാവ് എ. റ്റി. വർഗീസ്, ബഹുമാനപ്പെട്ട റിച്ചു ചെറിയാൻ അച്ചന്റെ പിതാവ് ചെറിയാൻ കൊച്ചുമ്മൻ, ബഹുമാനപ്പെട്ട സാമുവേൽ കുറ്റിക്കാട്ട് കോർ-എപ്പിസ്ക്കോപ്പായുടെ സഹധർമ്മിണി വി. കെ. ലീലാമ്മ കൊച്ചമ്മ, ബഹുമാനപ്പെട്ട സജി പട്ടരുമഠത്തിന്റെ ഭാര്യാമാതാവ് അന്നമ്മ ചാക്കോ എന്നിവരുടെ നിര്യാണത്തിൽ ഭദ്രാസനത്തിന്റെ അനുശോചനം അറിയിക്കുന്നു. ആത്മാക്കളുടെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു.

*ഏവർക്കും ഭദ്രാസനത്തിന്റെ ക്രിസ്തുമസ് -*
*പുതുവത്സര ആശംസകൾ നേർന്നുകൊണ്ട്*
*സ്നേഹപൂർവ്വം കർത്തൃശുശ്രൂഷയിൽ*

**ഫാ. മാത്യു എബ്രഹാം കാരയ്ക്കാട്**
(ഭദ്രാസന സെക്രട്ടറി)


കുറഞ്ഞകാലം കൊണ്ട് ജനമനസ്സിൽ നേടിയെടുത്ത വിശ്വാസ്യത
സേവനം നിരന്തരം
City Finance
സിറ്റി
ഫിനാൻസ്
കീച്ചേരിൽ ബിൽഡിംഗ്സ്, ബെഥേൽ ജംഗ്ഷൻ, ചെങ്ങന്നൂർ
ഫോൺ: 0479 2457760
സ്വർണ്ണപ്പണയ വായ്പ
കൂടുതൽ തുകയും കുറഞ്ഞ പലിശയും
TRI CITY NIDHI LTD.
Fixed Deposit | Recurring Deposits
വിദേശത്തു നിന്ന് അയയ്ക്കുന്ന പണം മിനിറ്റുകൾക്കുള്ളിൽ കൈപ്പറ്റുന്നതിനുള്ള എളുപ്പമാർഗ്ഗം
WESTERN UNION WU
moving money for better
MoneyGram.
money transfer
XPRESS MONEY
TRANSFAST
Worldwide Money Transfer
Ria

# "MAN WITH A GOLDEN HEART"



We are committed to living the values he stood for in every step of the way. It is his principles that guide us on the path to surmount challenges and set new benchmarks. We pledge to uphold his legacy of excellence in every sphere, together with a deep commitment towards fulfilling aspirations of the underserved through philanthropy.

Our Beloved Group Chairman
**Late Shri. M. G. George Muthoot**
The Muthoot Group of Companies

**The Muthoot Group**

muthootgroup.com | mggeorgemuthoot.com


Printed & Published by Diocesan Secretary | Owned by Diocese of Chengannur
Chief Editor Fr. Mathew Varghese Pulimoottil | Printed at Tara Offset, Chengannur. 0479 2452566